VOL NO: 04 | ISSUE 14
www.nerpatham.com
mail@nerpatham.com

2020 APRIL 04 | ₹12

# നേർപഥം

## വാരിക

# കോവിഡ് 19

## മഹാമാരി നൽകുന്ന മഹാപാഠങ്ങൾ



മനുഷ്യമനസ്സിൽ മുഴുവൻ തീ കോരിയിട്ടുകൊണ്ട് കോവിഡ് 19 നാശം വിതച്ചുകൊണ്ടിരിക്കുകയാണ്. ആരോഗ്യരംഗത്തെ അതികായന്മാരായി അറിയപ്പെടുന്ന രാജ്യങ്ങൾ പോലും പുതിയ സാഹചര്യത്തിൽ അസ്തപ്രജ്ഞരായിക്കൊണ്ടിരിക്കുന്ന കാഴ്ച തെല്ലൊന്നുമല്ല ഭീതി പരത്തുന്നത്. ലോകം മുഴുവൻ വ്യാപിച്ച ഈ മഹാമാരി പകർന്നു നൽകുന്ന ചില പാഠങ്ങളുണ്ട്; മനുഷ്യന്റെ ദുർബലതയെക്കുറിച്ച്, ശാസ്ത്രപുരോഗതിയുടെ ബലഹീനതയെക്കുറിച്ച്...

### കൊറോണയും മദ്യവും സുരക്ഷിത സമൂഹവും

### ശുദ്ധീകരണം: മഹത്ത്വവും മര്യാദകളും

### കൊറോണ കാലത്തെ ഗൃഹവാസം

## നിർഭയ: ഘാതകരുടെ വധശിക്ഷയും പ്രതികരണങ്ങളും

കുറ്റകൃത്യങ്ങൾക്ക് ആനുപാതികമായ നിലയിൽ ശിക്ഷ നൽകുവാൻ ഭൗതികലോകത്തെ ഒരു കോടതിക്കും സാധ്യമല്ല. കുറ്റവാളികൾ ശിക്ഷിക്കപ്പെടാതിരിക്കുക, നിസ്സാരമായ ശിക്ഷ മാത്രം നൽകപ്പെടുക, ശിക്ഷാകാലാവധിക്കു ശേഷം പ്രതികൾ പുറത്തിറങ്ങി വീണ്ടും കുറ്റങ്ങൾ ആവർത്തിക്കുക എന്നതാണ് നമ്മുടെ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത്.

جامعة الهند الإسلامية
School Of Qur'an

## രജിസ്ട്രേഷൻ ആരംഭിച്ചു

### "നന്മയുടെ വഴിയിൽ നാളേക്ക് വേണ്ടി"

# സ്കൂൾ ഓഫ് ഖുർആൻ



ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!

ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്ന വിദ്യാർഥികൾക്ക് പ്രവേശം

അപേക്ഷകർ, QR കോഡ് സ്കാൻ ചെയ്തോ, www.schoolofquran.in എന്ന വെബ്സൈറ്റിൽ നിന്നോ ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോം പൂരിപ്പിക്കുക.

## സവിശേഷതകൾ:

- ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- ഓഡിയോ - വിഷ്വൽ ക്ലാസ് റൂമുകൾ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്
- ഖുർആൻ, ഹദീഥ്, അറബി ഭാഷ, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം തുടങ്ങിയവയിൽ പഠനം
- നിലവിലുള്ള ഖുർആൻ പഠന സംവിധാനങ്ങളുടെ പോരായ്മകൾ പരിഹരിച്ച കുറ്റമറ്റ സംവിധാനം
- കരിക്കുലമനുസരിച്ച് തയ്യാറാക്കിയ ഡി.വി.ഡികൾ, സോഫ്റ്റ്‌വെയറുകൾ
- കേരളത്തിൽ ആദ്യമായി രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ സൗകര്യം
- ഫോളോ അപ്പിനായി വാർഷിക സ്റ്റഡി ട്രാക്കറുകൾ, നിരന്തര - കേന്ദ്രീകൃത മൂല്യനിർണയം


---

കാസറഗോഡ്: 8089192273 | കാഞ്ഞങ്ങാട്: 9847507310 | തളിപ്പറമ്പ്: 8606776770 | കിണവക്കൽ: 9400083931
വടകര: 9961037934 | കാപ്പാട്: 9846808230 | മഞ്ചേരി: 9846872999 | കോട്ടക്കൽ: 9946274831
തിരൂർ: 9633099992 | മാറഞ്ചേരി: 7559955255 | വെങ്കിടങ്ങ്: 9048869220 | ആറ്റിങ്ങൽ: 9497714521
പരപ്പനങ്ങാടി: 9544924596 | എടത്തനാട്ടുകര: 9495467259 | തോട്ടശ്ശേരിയറ: 8606600555
കൊല്ലം: 9447041468 | കോയമ്പത്തൂർ: 9080475224 | ആലപ്പുഴ: 9895629378
കൊടുവായൂർ: 9746293949 | കൊല്ലായിൽ: 9946940906 | എടക്കര: 6235446007 | കോട്ടയം: 9447827232

Head Office: School of Qur'an | Jamia Al-Hind Al-Islamiyya | Jamia Campus | Mini Ootty | Oorakam
Malappuram | Kerala | PIN 676519 | www.schoolofquran.in | info@schoolofquran.in

0168 / 2020 ഏപ്രിൽ 04 / 1441 ശഅബാൻ 11 / പുസ്തകം 04 / ലക്കം 14

നേർപഥം
വാരിക



# മഹാമാരി നൽകുന്ന മഹാപാഠങ്ങൾ

സുഫ്‌യാൻ അബ്ദുസ്സലാം / 10

**മുഖമൊഴി**

നിർഭയ: ഘാതകരുടെ വധശിക്ഷയും പ്രതികരണങ്ങളും / 05

**ലേഖനം**

കൊറോണയും മദ്യവും സുരക്ഷിത സമൂഹവും / 18
നബീൽ പയ്യോളി

കൊറോണ കാലത്തെ ഗൃഹവാസം / 22
അഷ്‌റഫ് എകരൂൽ

ലജ്ജാശീലം / 27
അബ്ദുൽ ജബ്ബാർ മദീനി

ശുദ്ധീകരണം: മഹത്ത്വവും മര്യാദകളും / 28
മൂസ സ്വലാഹി, കാര

**അഭിമുഖം**

ഫാഷിസം, ജനാധിപത്യം, മതനിരപേക്ഷത / 06
കെ.ഇ.എൻ കുഞ്ഞഹമ്മദ്
ഡോ. സി. മുഹമ്മദ് റാഫി

**ക്വുർആൻ ദർശനം**

ത്വലാഖ് (വിവാഹമോചനം) ഭാഗം: 3 / 32
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**കാഴ്ച**

ബലമുള്ള ബന്ധങ്ങൾ / 34
ഇബ്നു അലി എടത്തനാട്ടുകര

**അറിയിപ്പ്: കോവിഡ് 19 നിയന്ത്രണങ്ങളുടെ ഭാഗമായി രാജ്യത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ പ്രസ്സ് പ്രവർത്തിക്കാത്തതിനാൽ ഈ ലക്കം ഓൺലൈനായി പുറത്തിറക്കുകയാണ്. മാന്യവായനക്കാർ സഹകരിക്കുമല്ലോ.**

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

## കോവിഡ് 19 പ്രതിരോധം:

# വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ നിലപാട് മാതൃകാപരം

**കൊ**റോണ വൈറസ് ഭീതിവിതച്ചുകൊണ്ട് ലോകത്താകമാനം പടർന്നുപിടിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിലും കോവിഡ് 19 പിടിപെട്ടുള്ള മരണങ്ങൾ സംഭവിച്ചുകഴിഞ്ഞു. നിരവധി പേർ നിരീക്ഷണത്തിലാണ്.

തുടക്കം മുതലേ കേരളം കോവിഡ് 19ന്റെ വിഷയത്തിൽ ജാഗ്രത പുലർത്തിയിട്ടുണ്ട്. സർക്കാരും ആരോഗ്യ പ്രവർത്തകരും സാധ്യമാകുന്നത്ര ഇതിന്റെ വ്യാപനത്തിനെതിരായ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. പ്രശംസനീയമായ നിലയിൽ തന്നെ ആരോഗ്യമന്ത്രിയും സർക്കാർ സംവിധാനങ്ങളും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. എന്നിട്ടും നിയന്ത്രണ വിധേയമല്ലാത്ത അവസ്ഥ സംജാതമായിക്കൊണ്ടിരിക്കുകയാണ്. ഈ ഘട്ടത്തിൽ ഏപ്രിൽ 14 വരെ രാജ്യത്ത് ലോക്ക്ഡൗൺ പ്രഖ്യാപിക്കേണ്ടിവന്നിരിക്കുന്നു.

ജനങ്ങളുടെ സമ്പൂർണ സഹകരണമില്ലാതെ ഈ മഹാമാരിയുടെ വ്യാപനം തടയുവാൻ സാധ്യമല്ല. പരസ്പര സമ്പർക്കം പരമാവധി ഇല്ലാതാക്കണം. ആരാധനാലയങ്ങൾ, ആശുപത്രികൾ, അങ്ങാടികൾ... തുടങ്ങി വ്യത്യസ്ത പ്രദേശങ്ങളിലുള്ള ജനങ്ങൾ ഒന്നിച്ചുചേരുന്ന ഇടങ്ങളിൽ ഒരു വൈറസ് വാഹകൻ എത്തിയാൽ അനേകം പേർക്ക് രോഗം പകരാൻ സാധ്യതയുണ്ട്.

മുസ്‌ലിംകൾ പള്ളികളിൽവച്ച് അഞ്ചുനേരം സംഘടിത നമസ്‌കാരം നിർവഹിക്കുന്നവരാണ്. ധാരാളം പേർ ഒരുമിച്ചുകൂടും എന്നതിനാൽ അവിടെവച്ചും വൈറസ് വ്യാപനം നടക്കാൻ സാധ്യതയുണ്ട്. എന്തുണ്ട് പരിഹാരം? പള്ളികൾ അടച്ചുപൂട്ടുക എന്നത് അചിന്ത്യമാണ്. മുസ്‌ലിം സംഘടനകൾ എന്തു തീരുമാനമെടുക്കണമെന്നറിയാതെ പകച്ചുനിൽക്കുന്ന ഈ സന്ദർഭത്തിലാണ് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടനയുടെ കീഴിലുള്ള മുഴുവൻ പള്ളികളിലും പൊതുജനങ്ങൾ പ്രവേശിക്കുന്നതിൽ നിയന്ത്രണമേർപെടുത്തുവാൻ തീരുമാനിച്ചത്. അതിനെ തുടർന്ന് മറ്റുചില സംഘടനകളും ഇതേ തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

ലോകത്തെ വിറപ്പിച്ചുകൊണ്ടിരിക്കുന്ന കോവിഡ് 19 കേരളത്തിൽ സാമൂഹ്യ വ്യാപനത്തിന്റെ ഘട്ടത്തിലെത്തിയ സാഹചര്യത്തിൽ, കേന്ദ്രസംസ്ഥാന സർക്കാറുകളുടെ ജാഗ്രതാ നിർദേശങ്ങൾ മുൻനിർത്തിക്കൊണ്ട് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ പണ്ഡിതസമിതി ഇസ്‌ലാമിക പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ പള്ളികളിലെ ആരാധനകൾ സംബന്ധിച്ച് നടത്തിയ ചർച്ചക്ക് ശേഷം എടുത്ത തീരുമാനങ്ങൾ:

- സംഘടനയുടെ നിയന്ത്രണത്തിലുള്ള എല്ലാ പള്ളികളിലും ഏപ്രിൽ 14 വരെ പൊതുജനങ്ങൾക്ക് പ്രവേശനം വിലക്കേണ്ടതാണ്.
- പള്ളി ജീവനക്കാർ ബാങ്ക് വിളിക്കുകയും നമസ്‌കാരം നിലനിർത്തുകയും വേണം.
- ബാങ്കിന് ശേഷം 'അലാ സ്വല്ലൂ ഫീ രിഹാലികും' എന്നോ 'അലാ സ്വല്ലൂ ഫീ ബുയൂത്തികും' എന്നോ രണ്ട് തവണ വിളിച്ചു പറയുക
- ഇക്കാര്യം അറിയിച്ചുകൊണ്ട് പള്ളികൾക്ക് പുറത്ത് ബോർഡ് സ്ഥാപിക്കണം.
- വിശ്വാസികൾ വീട്ടിൽവച്ച് ജമാഅത്തായി നമസ്‌കരിക്കുക. അനാവശ്യകാര്യങ്ങളിൽ നിന്നും മുക്തമായി പ്രാർഥനയിലും ദിക്‌റിലും മതകാര്യങ്ങളുടെ പഠനത്തിലും വ്യാപൃതരാവുക.
- മേൽകാര്യങ്ങൾ 21/3/2020 സുബ്ഹിക്ക് ശേഷം നിലവിൽ വരേണ്ടതാണ്.
- ലോകരാജ്യങ്ങൾ പലതും നിയന്ത്രണം കൈവിട്ട സാഹചര്യത്തിൽ കേരളത്തിൽ ഏതാനും ദിവസം ജനസമ്പർക്കം ഒഴിവാക്കി വീട്ടിൽ ഒതുങ്ങിയാൽ അല്ലാഹു അനുഗ്രഹിച്ചാൽ ഈ മഹാവിപത്തിനെ നമുക്ക് തടയാനായേക്കും. ഈ ഘട്ടത്തിന് ശേഷം എടുക്കുന്ന തീരുമാനങ്ങൾ കൊണ്ട് പ്രത്യേകിച്ച് പ്രയോജനം ഉണ്ടായിക്കൊള്ളണമെന്നില്ല.
- മറ്റു മുസ്‌ലിം പള്ളികളും ഇതര മതവിഭാഗങ്ങളുടെ ആരാധനാലയങ്ങളും ഈ വഴിക്ക് ചിന്തിച്ച് അണികളെ തീരുമാനമറിയിച്ചാൽ നന്നായിരിക്കും.

മുഖമൊഴി

# നിർഭയ: ഘാതകരുടെ വധശിക്ഷയും പ്രതികരണങ്ങളും

"വീട്ടിൽ മടങ്ങിയെത്തി മകളുടെ ചിത്രത്തെ കെട്ടിപ്പിടിച്ചു. എന്നിട്ട് അവളോടു പറഞ്ഞു, നമുക്കു നീതി ലഭിച്ചിരിക്കുന്നു. ഞാൻ എല്ലാവർക്കും നന്ദി പറയുന്നു. പരമോന്നത നീതിപീഠത്തിന്, സർക്കാരിന്, എല്ലാവർക്കും. അവരുടെ എല്ലാ ഹർജികളും കോടതി തള്ളി. നീതിക്കുവേണ്ടിയുള്ള കാത്തിരിപ്പ് വേദനാജനകമായിരുന്നു. എങ്കിലും നീതി നടപ്പിലായി" നിർഭയ കേസിലെ പ്രതികളെ തൂക്കിലേറ്റിയതിനു ശേഷം നിർഭയയുടെ അമ്മയുടെ പ്രതികരണമാണിത്.

തിഹാർ ജയിലിനു മുന്നിൽ തടിച്ചുകൂടിയ നൂറുകണക്കിനാളുകൾ പ്രതികളുടെ വധശിക്ഷ നടപ്പിലാക്കിയതറിഞ്ഞ് മധുരം വിതരണം ചെയ്താണ് ആഹ്ലാദം പങ്കിട്ടത് എന്നും മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തത് കാണുവാനായി. ജയിലിനു പുറത്തു സന്തോഷം പങ്കുവച്ച സാമൂഹിക പ്രവർത്തക യോഗിത ഭയ്യാനയുടെ കയ്യിലെ പോസ്റ്ററിൽ ഇങ്ങനെ എഴുതിയിരുന്നു: 'നിർഭയയ്ക്കു നീതി ലഭിച്ചു. മറ്റു പെൺകുട്ടികൾ കാത്തിരിക്കുകയാണ്.'

രാജ്യത്തെ പിടിച്ചുകുലുക്കിയ ഡൽഹി കൂട്ടബലാൽസംഗത്തിനു മുമ്പും ശേഷവും അനേകം പെൺകുട്ടികൾ മാനഭംഗത്തിനിരകളായിട്ടുണ്ട്, പലരും നിഷ്ഠൂരമായി കൊലചെയ്യപ്പെട്ടിട്ടുണ്ട്. അതിനുശേഷം കേരളത്തിൽ തന്നെ എത്രയോ ക്രൂരകൃത്യങ്ങൾ സ്ത്രീകൾക്കെതിരെ അരങ്ങേറി. സൗമ്യയും ജിഷയും ചില ഉദാഹരണങ്ങൾ മാത്രം. ചില കേസുകളിൽ പ്രതികൾ പിടിക്കപ്പെടുന്നു. ചില കേസുകളിൽ പ്രതികളെ കണ്ടെത്താൻ പോലും കഴിയാതെ പോകുന്നു. നിയമത്തിനു മുന്നിൽ ഹാജരാക്കപ്പെടുന്നവരിൽ നല്ലൊരു ശതമാനവും തെളിവുകളുടെ അഭാവത്തിൽ രക്ഷപ്പെടുകയാണ് പതിവ്. അപൂർവമായി ചിലർ ശിക്ഷിക്കപ്പെടുകയും ജയിലിൽ സുഖവാസം നടത്തുകയും ചെയ്യുന്നു.

കുറ്റകൃത്യങ്ങൾക്ക് ആനുപാതികമായ നിലയിൽ ശിക്ഷ നൽകുവാൻ ഭൗതികലോകത്തെ ഒരു കോടതിക്കും സാധ്യമല്ല എന്നത് നേരാണ്. എന്നാൽ സാധ്യമാകുന്നത്ര ശിക്ഷ നൽകുവാൻ പ്രയാസമില്ല താനും. കുറ്റവാളികൾ ശിക്ഷിക്കപ്പെടാതിരിക്കുക, നിസ്സാരമായ ശിക്ഷ മാത്രം നൽകപ്പെടുക, ശിക്ഷാകാലാവധിക്കു ശേഷം പ്രതികൾ പുറത്തിറങ്ങി വീണ്ടും കുറ്റങ്ങൾ ആവർത്തിക്കുക എന്നതാണ് നമ്മുടെ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത്. ഏറിയാൽ ജീവപര്യന്തം തടവും പിഴയും ലഭിക്കും. ജീവപര്യന്തം എന്നതാകട്ടെ വെറും 12 വർഷത്തിൽ തീരുന്നതും! വധശിക്ഷയാകട്ടെ അപൂർവങ്ങളിൽ അപൂർവവും. എത്ര വലിയ കുറ്റം ചെയ്താലും രക്ഷപ്പെടാനും ശിക്ഷിക്കപ്പെടാതിരിക്കാനും പഴുതുകളേറെയുണ്ടെന്ന തിരിച്ചറിവ് കുറ്റവാളികൾക്ക് പ്രചോദനമാണ്. 'മുകളിൽ' പിടിപാടുള്ളവരാണെങ്കിൽ എഫ്.ഐ.ആറിൽ തന്നെ തിരിമറി നടത്തി കുറ്റത്തെ നേർപ്പിച്ചെടുക്കാൻ പ്രയാസമില്ല താനും.

നിർഭയ കേസിലെ പ്രതികളെ തൂക്കിലേറ്റിയതിനു പിന്നാലെ മനുഷ്യാവകാശവും പറഞ്ഞ് ചിലർ രംഗത്തുവന്നിട്ടുണ്ട്. അവരെ ഓർമപ്പെടുത്താനുള്ളത് ലോക്സഭാംഗവും സുപ്രീംകോടതി സീനിയർ അഭിഭാഷകയുമായ മീനാക്ഷി ലേഖിയുടെ വാക്കുകളാണ്. അവർ പറഞ്ഞു: "ഇരയ്ക്കില്ലാത്ത രണ്ടാം ജന്മം പ്രതികൾക്കെന്തിനാണ് എന്ന ചോദ്യം പ്രസക്തമാണ്. പ്രത്യാഘാതങ്ങളെക്കുറിച്ച് അക്രമിയുടെ മനസ്സിൽ ഭയമുണ്ടാക്കുക എന്നതും നീതി നടപ്പാക്കലാണ്. നിയമം നീതി നൽകിയില്ലെന്ന തോന്നലിൽ നിന്നാണു ജനങ്ങൾ നീതി നടപ്പാക്കുന്ന, സംഭവിക്കാൻ പാടില്ലാത്ത അവസ്ഥയുണ്ടാകുന്നത്. നീതി നടപ്പാകണമെങ്കിൽ കുറ്റവും ശിക്ഷയും ഒരേ അളവിലായിരിക്കണം."

അതെ, കുറ്റം ചെയ്താൽ ശിക്ഷയനുഭവിക്കേണ്ടിവരുമെന്ന ദൃഢബോധ്യമുണ്ടാകണം. ഇരകൾ കൊല്ലപ്പെടുകയോ ജീവച്ഛവമായി ജീവിതം തള്ളിനീക്കുകയോ ചെയ്യുമ്പോഴും കുറ്റവാളികൾ സ്വൈര്യവിഹാരം നടത്തുന്ന അവസ്ഥ പുതിയ കുറ്റവാളികളെ സൃഷ്ടിക്കാനേ ഉപകരിക്കൂ. ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങളും നിർഭയയുടെ ഘാതകർക്ക് വധശിക്ഷ നൽകണമെന്ന് ആഗ്രഹിക്കുന്നവർ തന്നെയായിരുന്നു.

ഇസ്‌ലാമിലെ ശിക്ഷാവിധികളുടെ പ്രസക്തിയും പ്രാധാന്യവും ഇത്തരുണത്തിൽ ഓർക്കേണ്ടതുണ്ട്. ഇസ്‌ലാമിലെ ശിക്ഷാമുറകൾ പ്രാകൃതമാണെന്ന് ആരോപിക്കുന്നവർ രണ്ടുവട്ടം ചിന്തിക്കുക; കടുത്ത ശിക്ഷ സമൂഹത്തിന്റെ നിലനിൽപിന് അനിവാര്യമാണ്.

കെ.ഇ.എൻ കുഞ്ഞഹമ്മദ്
ഡോ. സി. മുഹമ്മദ് റാഫി





# 3 ഫാഷിസം, ജനാധിപത്യം, മതനിരപേക്ഷത

*ഡൽഹി നിയമസഭാതെരഞ്ഞെടുപ്പിൽ 42 ശതമാനത്തോളം വോട്ട് ഷെയർ ബിജെപിക്ക് അനുകൂലമായി നിൽക്കുകയാണ്. കോൺഗ്രസ്സിന് കഴിഞ്ഞ ലോക്സഭ തെരഞ്ഞെടുപ്പിൽ കിട്ടിയ 20 ശതമാനം വോട്ട് ഷെയർ താഴോട്ടുവന്ന് നാല് ശതമാനമായി മാറി. അത് മൊത്തമായി എഎപിയിലേക്ക് പോയി എന്ന് നമുക്ക് അനുമാനിക്കാനാകും. ഈ ഒരു സാഹചര്യത്തിൽ ബിജെപിയുടെ അടിസ്ഥാന വോട്ട് ഷെയർ ഒട്ടും പുറകോട്ട് പോകാത്തവിധം, ഈ സമരങ്ങളെയെല്ലാം രാജ്യദ്രോഹമാണെന്ന് വരുത്തിത്തീർക്കാനും സമരംചെയ്യുന്നവരെയെല്ലാം രാജ്യദ്രോഹികളെന്ന് മുദ്രകുത്താനുമുള്ള അവരുടെ ശ്രമങ്ങൾ നടക്കുമ്പോഴും സവർണവിഭാഗങ്ങളിൽ നിന്ന് നിറഞ്ഞ പിന്തുണ കിട്ടുന്നു എന്നുള്ളത് ആശങ്കയുളവാക്കേണ്ട കാര്യമല്ലേ?*

സംഘ്പരിവാറിന്റെ ഇന്ത്യൻചരിത്രം പഠിച്ചാൽ രണ്ടു കാര്യം വളരെ പ്രധാനപെട്ടതാണ്; അത് ഇന്ത്യൻ ജനതയെ ആശങ്കപ്പെടുത്തേണ്ടതുമാണ്. ഉദാഹരണമായിട്ട്, രാഷ്ട്രീ

യമായി നിലനിൽക്കുമ്പോൾ മാത്രമെ സാധാരണ ഗതിയിൽ ഫാഷിസത്തിന് സാംസ്കാരിക മേൽക്കോയ്മ സ്ഥാപിക്കാൻ പറ്റൂ. ലോകത്തിൽ എല്ലായിടത്തും അങ്ങനെയാണ്. പക്ഷേ, ഇന്ത്യയിൽ വളരെയേറെ അമ്പരപ്പിക്കുന്ന ഒരു കാര്യമെന്തെന്ന് വെച്ചാൽ ഇവിടെ രാഷ്ട്രീയമായിട്ട് മേൽക്കോയ്മയില്ലാതെ തന്നെ ഫാഷിസത്തിന് സാംസ്കാരിക മേൽക്കോയ്മ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒറ്റ ഉദാഹരണമെടുത്താൽ മതി; ഗാന്ധിവധം. ഒരു രാജ്യത്തിന്റെ രാഷ്ട്രപിതാവിനെയാണല്ലോ കൊന്നത്. ലോകത്തിലൊരിടത്തും അതാതു രാജ്യത്തിലെ രാഷ്ട്രപിതാവിനെ കൊന്നവർക്ക് പിന്നീട് ആ രാജ്യത്തിൽ അംഗീകാരം കിട്ടിയില്ല. പക്ഷേ, ഇന്ത്യയിൽ നമ്മൾ കാണുന്നത് ഗാന്ധിഘാതകർ പിന്നീട് അധികാരത്തിൽ വരുന്നതാണ്.

ചരിത്രത്തിൽ ഏറ്റവും പ്രധാനപെട്ട സാന്നിധ്യമായിരുന്നു നോർവേയിലെ വിശ്വപ്രസിദ്ധ സാഹിത്യകാരൻ ന്യൂട്ട് ഹാംസന്റെത്. നോബൽസമ്മാനം നേടിയ ലോകത്തിലെ ഏറ്റവും വലിയ പ്രതിഭാശാലിയാണ് അദ്ദേഹം; മാനവികതയിൽ ഉറച്ചുനിന്ന സാഹിത്യകാരൻ. എന്നാൽ രണ്ടാം അധിനിവേശയുദ്ധ കാലത്ത് ഹിറ്റ്ലറോട് ഒരു ചെറിയ ആഭിമുഖ്യം അദ്ദേഹം പങ്കുവെച്ചു എന്ന ഒറ്റക്കാരണം കൊണ്ട് നോർവേയിലെ ജനത അദ്ദേഹത്തെ ബഹിഷ്കരിക്കുകയാണുണ്ടായത്. ന്യൂട്ട് ഹാംസൺ ഒരു ഫാഷിസ്റ്റൊന്നുമല്ല. എന്നിട്ടും അദ്ദേഹം ഹിറ്റ്ലർക്ക് അനുകൂലമായി നിലപാടെടുത്തു എന്ന ഒറ്റക്കാരണം കൊണ്ട്, തന്റെ കൃതികളിലൊന്നും ഫാസിസത്തിന്റെ അനുകൂല മുദ്രാവാക്യങ്ങളൊന്നുമില്ലാതിരുന്നിട്ടും, അവയൊക്കെ മനുഷ്യത്വപരമായ കൃതികളായിരുന്നിട്ടും ബഹിഷ്കൃതനായി. അദ്ദേഹത്തിന്റെ കൃതികൾ ലോകത്തിലെ എല്ലാഭാഷകളിലേക്കും വിവർത്തനം ചെയ്തിട്ടുണ്ട്. മലയാളത്തിലുമുണ്ട് അദ്ദേഹത്തിന്റെ പ്രസിദ്ധമായ പല പുസ്തകങ്ങളും.

നോക്കു, ഇന്ത്യയിൽ എന്താണ് നടക്കുന്നത്? മഹാത്മാഗാന്ധിയെ കൊന്ന ഗോഡ്സെക്ക് ക്ഷേത്രം! മഹാത്മാഗാന്ധി വധത്തിന്റെ സൈദ്ധാന്തിക സ്രോതസ്സായുള്ള സവർക്കർക്ക് 2003ൽ ഗാന്ധിയുടെ ഫോട്ടോയ്ക്കൊപ്പം ഇന്ത്യൻ പാർലമെന്റിൽ പ്രതിഷ്ഠ! ലോകത്തിലെ ഏത് രാജ്യമുണ്ടിങ്ങനെ?

ഫാഷിസത്തിന് അനുകൂലമായ ഒരു സാംസ്കാരിക പശ്ചാത്തലം; അവർക്ക് രാഷ്ട്രീയ മേൽക്കോയ്മ ഇല്ലാതെ തന്നെ! ഗോഡ്സയെക്കുറിച്ചുള്ള ഏറ്റവും സൂക്ഷ്മമായുള്ള നിരീക്ഷണം ജി.ഡി.ഹോസ്ലെഎന്ന ഒരു ന്യായാധിപൻ നടത്തുന്നുണ്ട്. അദ്ദേഹം പറയുന്നത്; 'ഗോഡ്സെയുടെ വിചാരണ നടക്കുന്ന സമയത്ത് അയാൾ ഗാന്ധിവധത്തെ ന്യായീകരിച്ച് അഞ്ചര മണിക്കൂറാണ് സസോരിച്ചത്; ഇതൊരു പുണ്യപ്രവർത്തനമാണെന്ന് വാദിച്ചത്. ആ സമയത്ത് അവിടെ കൂടിയിരുന്ന പുരുഷന്മാർ തൂവാലകൊണ്ട് കണ്ണ് തുടച്ചു. സ്ത്രീകൾ വാവിട്ട് കരഞ്ഞു' എന്നാണ്. നമ്മൾ വിചാരിക്കും ഗാന്ധിക്ക് വേണ്ടി കരഞ്ഞതാണെന്ന്. ഗാന്ധിക്ക് വേണ്ടിയല്ല; ഗോഡ്സെയ്ക്ക് വേണ്ടിയാണ് അവർ കരഞ്ഞത്! കാരണം ഗോഡ്സെയുടെ വാദങ്ങൾ കേട്ടിട്ട് മഹാത്മാഗാന്ധിയെ കൊന്നത് ഒരു പുണ്യപ്രവർത്തനമാണ് എന്നും ഇങ്ങനെയുള്ള മഹാനെയാണോ ഇവർ തൂക്കിക്കൊല്ലാൻ പോകുന്നത് എന്നും വിചാരിച്ച് ഗോഡ്സെക്ക് അനുകൂലമായിട്ടാണ് അവർ കരഞ്ഞത്. ഹോസ്ലെ ചൂണ്ടിക്കാണിക്കുന്ന ഒരു കാര്യമുണ്ട്; അദ്ദേഹം പറയുന്നുണ്ട് 'അവിടെ കൂടിയ ജനങ്ങൾക്ക് വിധി നടപ്പിലാക്കാൻ അവസരം നൽകിയിരുന്നുവെങ്കിൽ അവർ ഗോഡ്സെയെ വെറുത വിടുമെന്നായിരുന്നു' എന്ന്. അന്ന് സംഘപരിവാറിന് ഇന്ത്യയിൽ അധികാരമില്ല. ഗാന്ധിയെ കൊന്നസമയമാണത്. ചുരുക്കിപ്പറഞ്ഞാൽ ഇത്രയേയുള്ളൂ; രാഷ്ട്രീയമേൽക്കോയ്മായില്ലാതെ തന്നെ അവർക്ക് സാംസ്കാരിക മേൽക്കോയ്മയുണ്ട്.

ഇന്നത്തെ അവസ്ഥയെന്താണ്? അവർക്ക് രാഷ്ട്രീയ മേൽക്കോയ്മയുണ്ട്, അവർക്ക് സാംസ്കാരിക മേൽക്കോയ്മയുണ്ട്. അതുകൊണ്ട് ഒരു തെരഞ്ഞെടുപ്പ് പരാജയംകൊണ്ട് മാത്രം ഇന്ത്യൻ ഫാഷിസത്തെ പരാജയപ്പെടുത്താൻ പറ്റില്ല.

ലോകത്ത് ഏറ്റവും കൂടുതൽ പണം തെരഞ്ഞെടുപ്പ് പ്രചാരണത്തിന് വേണ്ടി ചെലവഴിക്കുന്നത് ഇവരാണ്. ഇവർക്ക് നുണകൾ പ്രചരിപ്പിക്കാൻ സൈബർ സൈന്യമുണ്ട്, കാലാൾ സൈന്യമുണ്ട്, എല്ലാ സൈന്യങ്ങളുമുണ്ട്. അതുപോലെ ഭരണത്തിന്റെ എല്ലാ സാധ്യതകളും, സമ്പത്തിന്റെ എല്ലാ സാധ്യതകളും. പിന്നെ സാമ്രാജ്യത്വ ശക്തികളുടെ നിറഞ്ഞ പിന്തുണയുണ്ട്. ഇങ്ങനെ സകല തലത്തിലുള്ള പിന്തുണയോടെ മത്സരിച്ചിട്ടും ഇന്ത്യൻ ഫാഷിസ്റ്റുകളുടെ ഉന്നതനേതാക്കൾ നിരവധി ദിവസം ഡൽഹിയിൽ തമ്പടിച്ചിട്ടും അവർ തോറ്റു എന്നുള്ളത് ജനാധിപത്യത്തിന്റെ ഏറ്റവും വലിയ അഭിമാനമാണ്.

ദീർഘകാലത്തിലെ സമരത്തിലൂടെ മാത്രമെ ഇതിനെ ഇല്ലാതാക്കാൻ കഴിയൂ. ഞാൻ പറയുന്നത് തെരഞ്ഞെടുപ്പ് മാത്രമല്ല തെരഞ്ഞെടുപ്പുസമരം വേണം, നിയമസമരം വേണം, സാംസ്കാരിക

സമരം വേണം, കലാരംഗത്ത് സമരം വേണം എന്നാണ്. ദീർഘകാലം ബഹുതലത്തിൽ നടക്കുന്ന സമരത്തിലൂടെ മാത്രമെ സമ്പൂർണമായിട്ട് ഇന്ത്യൻ ഫാഷിസത്തെ പരാജയപ്പെടുത്താൻ കഴിയൂ. അത് എളുപ്പമല്ല എങ്കിലും അസാധ്യമല്ല.

*രാജ്യമാണ് പ്രധാനം, അത് നഷ്ടപ്പെടുത്തികൊണ്ടുള്ള ഒരു അനുരഞ്ജനവും ഇല്ല എന്നതാണ് സി.എ.എ അനുകൂലികൾ മുന്നോട്ട് വെക്കുന്ന ഒരാശയം. താങ്കൾ ഇതിനെ എങ്ങനെ കാണുന്നു?*

ഇതിൽനിന്ന് നമ്മൾ മനസ്സിലാക്കേണ്ടത് എന്താണ്? ഒരു രാജ്യമെന്ന് പറഞ്ഞാൽ അവിടുത്തെ പർവതങ്ങളാണോ? അവിടുത്തെ പുഴകളാണോ? അവിടുത്തെ കാടുകളാണോ? അവിടുത്തെ മണ്ണാണോ? അല്ല; അവിടെ ജീവിക്കുകയും മരിക്കുകയുമൊക്കെ ചെയ്യുന്ന അവിടുത്തെ ജനതയാണോ? നമ്മുടെ മണ്ണിനും നമ്മുടെ പുഴക്കും നമ്മുടെ കാടിനുമൊക്കെ അർഥമുണ്ടാകുന്നത് ജീവിക്കുന്ന ജനതയുടെ വിയർപ്പും കണ്ണീരും ചോരയും ഒക്കെയായി ബന്ധപ്പെട്ട്, അവരുടെ ജീവിതവുമായി ബന്ധപ്പെട്ട് നിൽക്കുമ്പോഴാണല്ലോ. ഈ മുഴുവൻ ജനങ്ങളെയും എടുത്തുമാറ്റിക്കഴിഞ്ഞാൽ പിന്നെ എന്ത് രാജ്യമാണിത്? ഈ നാട്ടിലെത്രയോ തലമുറകളായിട്ട് ജീവിക്കുന്ന മനുഷ്യരുടെ സമാധാനത്തിനും സംതൃപ്തിക്കുമൊക്കെ തീകൊടുത്തു കൊണ്ട് എന്ത് രാജ്യത്തെ കുറിച്ചാണ് നമ്മൾ സംസാരിക്കുന്നത്? ഒരു രാജ്യം രാജ്യമാകുന്നത് ആ രാജ്യത്ത് ജീവിക്കുന്ന ജനങ്ങൾക്കിടയിൽ സൗഹൃദവും സ്നേഹവും നീതിബോധവുമൊക്കെ നിലനിൽക്കുമ്പോഴാണ്. ഒരു നീതിബോധവുമില്ലാത്ത, ഒരു സൗഹൃദവുമില്ലാത്ത, ഒരു സമാധാനവുമില്ലാത്ത, ഒരു സംവാദവുമില്ലാത്ത അരക്ഷിതാവസ്ഥയിലേക്ക്, അപകടത്തിലേക്ക് ഒരു രാജ്യം എത്തിപ്പെട്ടാൽ ആ രാജ്യം അപ്പോഴല്ലേ പ്രതിസന്ധിയിലാകുന്നത്? ഒരു രാജ്യത്തിലെ ജനതക്ക് ഭക്ഷണമില്ല, തൊഴിലില്ല, സമാധാനമില്ല, സ്നേഹമില്ല, അവരെത്രയോ കാലമായിട്ട് അനുഭവിച്ച് പോരുന്ന പൗരത്വ അവകാശങ്ങളില്ല. അപ്പോഴല്ലേ ആ രാജ്യം പൊളിയുന്നത്? ഈ



രാജ്യത്തെ പൊളിക്കുന്നത് സത്യത്തിൽ ആരാണ്? നമുക്കറിയാം, നമ്മുടെ നാട്ടിലെ ജനങ്ങൾ നിരവധി ജീവിതപ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. ആ ജീവിതപ്രയാസത്തോടൊപ്പം അവർ പ്രതികരിക്കുന്നുണ്ട്. ചിലപ്പോൾ സമരംചെയ്യുന്നുണ്ട്. പക്ഷേ, അപ്പോഴും അവർ ഈ രാജ്യം തന്നെയായി നിലനിൽക്കുകയാണ്. അതേസമയം ഈ രാജ്യത്ത് പൗരാവകാശങ്ങൾ നഷ്ടപ്പെട്ടിട്ടും പരാതിപറഞ്ഞും പ്രതിഷേധിച്ചും പൊരുത്തപ്പെട്ടുമൊക്കെ കഴിഞ്ഞു കൂടുന്ന ജനതയുടെ പൗരത്വം കൂടി എടുത്ത് കളയുമ്പോൾ അവരുടെ നിൽക്കാനുള്ള മണ്ണല്ലേ അവർക്ക് നഷ്ടപ്പെടുന്നത്? അങ്ങനെ അവരുടെ ജീവിതം നഷ്ടപ്പെടുമ്പോൾ, അവരുടെ ജീവിതം മാത്രമല്ല അവരുടെ പൂർവികത തന്നെ അവർക്ക് നഷ്ടമാവുകയാണ്. അവരുടെ പിന്മുറക്കാർ അവർക്ക് നഷ്ടമാവുകയാണ്. പൗരത്വം നഷ്ടമാകുന്ന ഒരു ജനതക്ക് അവരുടെ ഭൂതകാലവും ഭാവികാലവും വർത്തമാനകാലവും ഒരേ സമയം നഷ്ടമാകുകയാണ്. അപ്പോൾ ഇത്തരം ഒരവസ്ഥയിൽ എങ്ങനെയാണ് ഒരു രാജ്യം നിലനിൽക്കുന്നു എന്ന് പറയാൻ പറ്റുക? ഒരു രാജ്യത്തെ ജനതയെ കണ്ണീരിൽ മുക്കിയിട്ട്, അവരെ ചോരയിൽ മുക്കിയിട്ട്, അവരുടെ എല്ലാ ജനാതിപത്യഅവകാശങ്ങളും അടിച്ചമർത്തിയിട്ട് എന്ത് രാജ്യത്തെ കുറിച്ചാണ് ഇവർ സംസാരിക്കുന്നത്? അതേത് രാജ്യം? അത് നിലവിലുള്ള ഒരു രാജ്യമല്ല. അത് ഫാഷിസത്തിന്റെ സങ്കൽ പത്തിലുള്ള വേറൊരു രാജ്യമാണ്. ആ വേറൊരു രാജ്യത്തോട് ഐക്യപ്പെടേണ്ട യാതൊരാവശ്യവും ഈ രാജ്യത്ത് തലമുറകളായി ജീവിക്കുന്ന ജനങ്ങൾക്കില്ല.


സാധാരണ സാംസ്‌കാരിക പ്രഭാഷണത്തിലൊക്കെ ഞാനുൾപ്പെടെയുള്ളവർ ആവർത്തിച്ച് പറയുന്ന ഒരു വാചകമുണ്ട്; അതായത് ലോകത്തിലെ ഏത് ദേശീയ പതാകകളും പാറിപ്പറക്കാൻ കഴിയണമെങ്കിൽ ആ പതാകയുടെ മുകളിൽ കാണാത്ത അദൃശ്യമായ മറ്റൊരു പതാക പറക്കണം. അത് മനുഷ്യാവകാശത്തിന്റെ പതാകയാണ്. ആ മനുഷ്യാവകാശത്തിന്റെ പതാകയ്ക്ക് തീയിട്ടാൽ പിന്നൊരു ദേശീയപതാകയ്ക്കും പറക്കാൻ പറ്റില്ല. ദേശീയപതാക എന്ന് പറയുന്നത് ചായം മുക്കിയ ഒരു തുണിക്കഷ്ണമല്ല. അത് ഒരു ജനതയുടെ വൈകാരികതയുടെ കൂടി ഭാഗമാണ്. ആ വൈകാരികത വേരായിട്ട് നിൽക്കുന്നത് സൗഹൃദത്തെയും സ്‌നേഹത്തെയും സാധ്യമാക്കുന്ന മനുഷ്യാവകാശങ്ങളിലൂടെയുമാണ്. മനുഷ്യാവകാശങ്ങൾ റദ്ദുചെയ്തിട്ട് പിന്നെ നമ്മൾ എന്തിനെക്കുറിച്ചാണ് പറയുന്നത്? ഇന്ത്യൻ ഫാഷിസ്റ്റുകൾക്ക്, സംഘ്പരിവാറിന് ഈ രാജ്യത്തെക്കുറിച്ച് പറയാൻ എന്തവകാശം? അവരീ ഭരണഘടന അംഗീകരിക്കുന്നില്ല. അവർ ഇന്ത്യൻ പതാകയെ അംഗീകരിച്ചിട്ടില്ല, അവർ സാമ്രാജ്യത്വവിരുദ്ധ സമരങ്ങളിൽ പങ്കെടുത്തിട്ടില്ല. അവർക്ക് ഒറ്റുകാരുടെ റോളാണുള്ളത്. അവർ ഭാഷാസംസ്ഥാന രൂപീകരണത്തെ അംഗീകരിച്ചിട്ടില്ല.

ഇന്ത്യൻ ദേശീയ പതാക ഒട്ടിപ്പ് സൃഷ്ടിയാണെന്നാണ് അവർ പറയുന്നത്. പതാകയുടെ മൂന്നു നിറം തന്നെ അപകടമാണ്. മൂന്ന് എന്നു പറയുന്നത് തന്നെ അപകടമാണെന്നാണ് അവർ പറയുന്നത്. മാത്രമല്ല ഈ പതാക പ്രീണനമാണെന്നാണ്, പച്ച മുസ്‌ലിംകളെ പ്രീണിപ്പിക്കാനാണ് എന്നൊക്കെയാണ് അവർ പറയുന്നത്. അതിനു ഇന്ത്യൻ ദേശീയപതാകയെ തള്ളി കളഞ്ഞു. ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് നമുക്ക് ലഭിച്ച യഥാർഥ പതാക ഇവിടെയുണ്ട്. പിന്നെന്തിന് നമുക്ക് വേറൊരു കൃത്രിമ പതാക എന്ന് ഇവർ ചോദിക്കുന്നു. അതുപോലെ ഇന്ത്യൻ ഭരണഘടന ലോകത്തിന്റെ വിവിധ രാഷ്ട്രങ്ങളിൽ നിന്നും പലതും പെറുക്കിയെടുത്ത് ഒട്ടിച്ചുണ്ടാക്കിയ ഒരു സാധനമാണ്, ഇന്ത്യക്ക് നേരത്തെ തന്നെ ഒരു മനുസ്മൃതിയുണ്ട്. പിന്നെ എന്തിന് പുതിയ ഭരണഘടന എന്ന് ഇവർ ചോദിക്കുന്നു.

സാമ്രാജ്യത്വവിരുദ്ധ സമരകാലത്ത് ഇവരുടെ നേതാക്കന്മാർ പറഞ്ഞത് നമ്മുടെ ഊർജം ബ്രിട്ടീഷുകാരുമായി യുദ്ധംചെയ്തു പാഴാക്കാനുള്ളതല്ല എന്നാണ്! ഈ ഊർജം പിന്നെ എന്തിനുള്ളതാണ്? അത് പ്രധാനമായും ഇന്ത്യയിലെ ആഭ്യന്തരശത്രുക്കൾ എന്ന് അവർ പ്രഖ്യാപിച്ച മുസ്‌ലിംകൾ, ക്രിസ്ത്യാനികൾ, കമ്യൂണിസ്റ്റുകാർ എന്നിവർക്കെതിരെ പ്രയോഗിക്കാനുള്ളതാണ്. പിന്നെ ഗാന്ധിയന്മാർ, നെഹ്‌റുയിസ്റ്റുകൾ, സമാധാനവാദികൾ, ഫെഡറലിസ്റ്റുകൾ അങ്ങനെയൊക്കെയുള്ളവർക്കെതിരെയും പ്രയോഗിക്കാനുള്ളതാണ്. നമ്മൾ ഇത്ര മാത്രം ആലോചിച്ചാൽ മതിയല്ലോ; ഒരു രാജ്യത്തിലെ ജനതയെ ആഭ്യന്തരശത്രു എന്ന് പ്രഖ്യാപിക്കുന്ന ഒരു പ്രത്യയശാസ്ത്രം രാജ്യദ്രോഹം അല്ലേ? അവർക്ക് പിന്നെ എന്ത് രാജ്യത്തെ കുറിച്ചാണ് പറയാൻ അവകാശമുള്ളത്? ഈ രാജ്യത്ത് വ്യത്യസ്ത മതത്തിൽ ജീവിക്കുന്നവരോട് സൈദ്ധാന്തികമായി വിയോജിക്കാം, സംവാദം നടത്താം വ്യത്യസ്ത രാഷ്ട്രീയ കാഴ്ചപ്പാട് പുലർത്തുന്നവരോട് സൈദ്ധാന്തികമായി വിയോജിക്കാം, സംവാദം നടത്താം. അതിനപ്പുറം അവരൊക്കെ രാജ്യത്തിനു ഭീഷണിയാണെന്ന്, അവർക്കെതിരെയാണ് യുദ്ധം നടത്തേണ്ടത് എന്ന് പറഞ്ഞു കഴിഞ്ഞാൽ പിന്നെ എവിടെ രാജ്യം നിലനിൽക്കും? ഒരു രാജ്യത്തിലെ വ്യത്യസ്ത മതക്കാരും വ്യത്യസ്ത കാഴ്ചപ്പാട് പുലർത്തുന്നവരും ഒരു മതവുമില്ലാത്തവരും ആശയവിനിമയം നടത്തി, പരസ്പരസംവാദം നടത്തി ജീവിക്കുന്നില്ലെങ്കിൽ, തമ്മിലടിക്കുകയാണെങ്കിൽ, ഒരു കൂട്ടർ മറ്റൊരു കൂട്ടരെ ഉന്മൂലനം ചെയ്യണം എന്ന്‌വാദിക്കുകയാണെങ്കിൽ ആ രാജ്യം എവിടെ നിലനിൽക്കും? അതുകൊണ്ട് നിലനിൽക്കുന്ന ഒരു രാജ്യത്തെ കുറിച്ചാണ്, നിലനിൽക്കേണ്ട ഒരു രാജ്യത്തെ കുറിച്ചാണ് നമ്മൾ സംസാരിക്കേണ്ടത്. അതിനുപകരം വ്യാജമായ ഒരു തരം കൃത്രിമദേശീയത്വം ഉണ്ടാക്കാനാണ് ഇവർ ശ്രമിക്കുന്നത്. ഇത് ജിങ്കോയിസമാണ്. നാഷ്ണലിസമല്ല. നാഷ്ണലിസം എന്ന് പറയുമ്പോൾ തീർച്ചയായിട്ടും ചരിത്രപരമായി രൂപപ്പെട്ട, ഒരു സാമൂഹിക പശ്ചാത്തലവുമായി ബന്ധപെട്ട മനുഷ്യരുടെ ഐക്യമാണ്. ജിങ്കോയിസമെന്നാൽ അതല്ല. ഒരു കൂട്ടരെ, അല്ലെങ്കിൽ ഒന്നിലേറെ കൂട്ടരെ ശത്രുക്കളായി പ്രഖ്യാപിച്ച് അവരെ ഉന്മൂലനം ചെയ്താലേ ഐക്യമുണ്ടാവുകയുള്ളു എന്നു പറഞ്ഞാൽ അത് അപരവത്കരണമാണ്. അത് ഫാഷിസ്റ്റ് ആശയമാണ്. അതുകൊണ്ട് ഇവർ പറയുന്ന രാജ്യം യഥാർഥത്തിലുള്ള ജനാധിപത്യ മതനിരപേക്ഷ മാനവിക രാജ്യമല്ല. അത് എല്ലാ ജനാധിപത്യ, മതനിരപേക്ഷ, മാനവികതയെയും കൊന്നു കൊലവിളിക്കുന്ന ഒരു ഫാഷിസ്റ്റ് രാഷ്ട്ര സങ്കൽപമാണ്. അത് ജനാധിപത്യ രാഷ്ട്ര സങ്കൽപമല്ല.

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com





# മഹാമാരി നൽകുന്ന മഹാപാഠങ്ങൾ

**മനുഷ്യമനസ്സിൽ മുഴുവൻ തീ കോരിയിട്ടുകൊണ്ട് കോവിഡ് 19 നാശം വിതച്ചുകൊണ്ടിരിക്കുകയാണ്. ആരോഗ്യരംഗത്തെ അതികായന്മാരായി അറിയപ്പെടുന്ന രാജ്യങ്ങൾ പോലും പുതിയ സാഹചര്യത്തിൽ അസ്തപ്രജ്ഞരായിക്കൊണ്ടിരിക്കുന്ന കാഴ്ച തെല്ലൊന്നുമല്ല ഭീതി പരത്തുന്നത്. ലോകം മുഴുവൻ വ്യാപിച്ച ഈ മഹാമാരി പകർന്നു നൽകുന്ന ചില പാഠങ്ങളുണ്ട്; മനുഷ്യന്റെ ദുർബലതയെക്കുറിച്ച്, ശാസ്ത്രപുരോഗതിയുടെ ബലഹീനതയെക്കുറിച്ച്...**

മനുഷ്യന്റെ ദുർബലതയെയും ശാസ്ത്ര പുരോഗതിയുടെ ബലഹീനതയെയും വിളിച്ചോതിക്കൊണ്ട് കോവിഡ്-19 ലോകത്തിന്റെ അഷ്ടദിക്കുകളെ കീഴടക്കി നൂറ്റാണ്ടു കണ്ട മഹാമാരിയായി മുന്നോട്ട് കുതിച്ചുകൊണ്ടിരിക്കുകയാണ്. നവംബർ 17നു ചൈനയിലെ വുഹാനിൽ ജന്മം കൊണ്ടുവെന്ന് അനുമാനിക്കുന്ന വൈറസ് നാലുമാസം പിന്നിടുമ്പോൾ ലോകത്തെ പ്രബല രാജ്യങ്ങളെ മുഴുവൻ പിടിച്ചുകുലുക്കിക്കൊണ്ടിരിക്കുകയാണ്. ശാസ്ത്ര, സാങ്കേതിക മുന്നേറ്റങ്ങളിൽ മികവു തെളിയിക്കുകയും ആരോഗ്യശാസ്ത്രത്തിലും ആരോഗ്യരംഗത്തെ അടിസ്ഥാനസൗകര്യങ്ങളിലും വൻകുതിപ്പു നടത്തി ലോകത്തെ ഞെട്ടി

ക്കുകയും ചെയ്ത രാഷ്ട്രങ്ങൾ മുഴുവൻ കൊറോണ എന്ന രോഗവിഷാണുവിന്റെ പിടിയിൽ അമരുമ്പോൾ പകച്ചുനിൽക്കാനല്ലാതെ പിടിച്ചുനിൽക്കാൻ ആവാത്തവിധം തലതാഴ്ത്തി നിൽക്കേണ്ട ഗതികേടിലാണിപ്പോൾ. ന്യൂക്ലിയർ ബോംബുകളെയും പീരങ്കിപ്പടകളെയും മറ്റെല്ലാ അത്യന്താധുനിക ശക്തികളെയും നേരിടാൻ കെൽപുള്ള രാജ്യങ്ങളിപ്പോൾ ഒരു മില്ലീമീറ്ററിന്റെ പത്തുലക്ഷത്തിലൊരംശം വരുന്ന (100 നാനോമീറ്റർ) ക്ഷുദ്രാണുവിന് മുമ്പിൽ പഞ്ചപുച്ഛമടക്കേണ്ട അവസ്ഥയിലായിരിക്കുകയാണ്.


കോവിഡിന്റെ പിടിയിലമർന്ന രാജ്യങ്ങളിലധികവും സമ്പന്നവും വികസിതവുമായ രാജ്യങ്ങളാണ്. ചൈന, ഇറ്റലി, സ്പെയിൻ, ജർമനി, യു.കെ, യു.എസ്.എ, ഫ്രാൻസ്, സൗത്ത് കൊറിയ, സ്വിറ്റ്സർലൻഡ്, നെതർലൻഡ്സ്, ആസ്ത്രിയ, ബെൽജിയം, നോർവെ, സ്വീഡൻ, ഡെന്മാർക്, മലേഷ്യ, പോർച്ചുഗൽ, ജപ്പാൻ, കാനഡ, ആസ്ത്രേലിയ തുടങ്ങിയ രാജ്യങ്ങളിലാണ് രോഗബാധിതരിലേറെയും. ഇതെഴുതുമ്പോൾ 19000 പേർ മരണത്തിനു കീഴടങ്ങിക്കഴിഞ്ഞിട്ടുണ്ട്. ചൈന, ഇറ്റലി, സ്പെയിൻ, ഇറാൻ, അമേരിക്ക എന്നിവിടങ്ങളിലുള്ളവരാണ് മരണപ്പെട്ടവരിലധികവും. മനുഷ്യൻ ഇന്നോളം ആർജിച്ചെടുത്ത മുഴുവൻ വിജ്ഞാനവും കഴിവുകളും മഹാമാരിയിൽനിന്നും സംരക്ഷിക്കാൻ സഹായകമായില്ല. ഇനി ഞങ്ങൾക്കൊന്നും ചെയ്യാനില്ലെന്നും ഇനിയെല്ലാം ആകാശത്തുനിന്നുള്ള ദൈവിക സഹായംകൊണ്ട് മാത്രമെ സാധിക്കൂ എന്നുമുള്ള ഇറ്റാലിയൻ പ്രധാനമന്ത്രിയുടെ ഗദ്ഗദകണ്ഠത്തോടെയുള്ള സംസാരം മനുഷ്യന്റെ നിസ്സഹായതയെയാണ് വിളിച്ചോതുന്നത്.

മഹാമാരികൾ ലോകത്തെ കീഴ്പ്പെടുത്തുന്നത് ആദ്യമായിട്ടൊന്നുമല്ല. ചരിത്രത്തിൽ പല സന്ദർഭങ്ങളിൽ ആവർത്തിക്കപ്പെട്ടുവന്നിട്ടുള്ള പ്രക്രിയയാണിത്. സാംക്രമിക രോഗങ്ങളുടെ അറിയപ്പെട്ട ചരിത്രം ബി.സി 426 മുതൽ തുടങ്ങുന്നു. പ്ളേഗ് ഓഫ് ഏതെൻസ് എന്ന പേരിലറിയപ്പെട്ട പകർച്ചവ്യാധിയിൽ ഒരു ലക്ഷത്തോളം പേരാണ് മരണമടഞ്ഞത്. ക്രിസ്താബ്ദം 541ൽ യൂറോപ്പിലും പടിഞ്ഞാറൻ ഏഷ്യയിലുമുണ്ടായ 'പ്ളേഗ് ഓഫ് ജസ്റ്റിനിയൻ' മൂലം മരണമടഞ്ഞത് യൂറോപ്പിന്റെ ജനസംഖ്യയുടെ പകുതിയായിരുന്നുവെന്നാണ് കണക്കാക്കപ്പെടുന്നത്. പത്തുകോടി ജനങ്ങൾ അന്ന് മരണപ്പെട്ടു. 1330ൽ യൂറോപ്പിലും ഏഷ്യയിലും നോർത്ത് ആഫ്രിക്കയിലും ആഞ്ഞുവീശിയ 'ബ്ലാക്ക്ഡെത്ത്' എന്നറിയപ്പെടുന്ന മഹാമാരിയിലും ഇതുപോലെയുള്ള ആൾനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. 1772ൽ ഇറാനിൽ (പഴയ പേർഷ്യ) പ്ളേഗ് കാരണം 20 ലക്ഷത്തിലധികം പേർ മരണപ്പെട്ടിട്ടുണ്ട്.

പ്ളേഗിന് പുറമെ വസൂരിയായിരുന്നു മറ്റൊരു മഹാമാരി. 735ൽ ജപ്പാനിൽ പടർന്നുപന്തലിച്ച വസൂരിയിൽ ജപ്പാൻ ജനസംഖ്യയുടെ മൂന്നിലൊന്നു പേർ (20 ലക്ഷം പേർ) മരണപ്പെട്ടുവെന്നാണ് കണക്കാക്കപ്പെടുന്നത്. ആധുനിക കാലഘട്ടത്തിൽ ഏറ്റവുമധികം പേരുടെ മരണത്തിന് കാരണമായ മഹാമാരി 1918 ലെ 'സ്പാനിഷ് ഫ്ളൂ' ആണ്. 1957ലെ 'ഏഷ്യൻ ഫ്ളൂ'വിൽ 20 ലക്ഷം പേർ മരണപ്പെട്ടു. 1968ലെ 'ഹോങ്കോങ് ഫ്ളൂ' കാരണം പത്തുലക്ഷം പേരും മരണപ്പെട്ടു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ലോകം അഭിമുഖീകരിച്ച വലിയ ഭീഷണി എയ്ഡ്സ് ആയിരുന്നു. എയ്ഡ്സ് മൂലം ഇന്നേവരെ 32 കോടി ജനങ്ങൾ മരിച്ചുവെന്നാണ് റിപ്പോർട്ട്. 2009ലെ H1N1 (പക്ഷിപ്പനി) കാരണം അഞ്ചുലക്ഷത്തോളം മരണം സംഭവിച്ചുവെന്നും റിപ്പോർട്ടുകൾ പറയുന്നു. കോളറയായിരുന്നു ലോകം അഭിമുഖീകരിച്ച മറ്റൊരു രോഗം. 1817ൽ ഇന്ത്യയിലെ കൊൽക്കത്തയിലായിരുന്നു അതിന്റെ തുടക്കം. ഇന്ത്യയിൽ മാത്രം 80 ലക്ഷത്തോളം പേർ മരണപ്പെട്ടുവെന്നാണ് കണക്ക്. അഞ്ചാം പനി, ഡെങ്കി, എബോള, നിപ്പ തുടങ്ങിയവയും ആധുനികലോകം അഭിമുഖീകരിച്ച പകർച്ചവ്യാധികളിൽ പ്രധാനികളാണ്. മനുഷ്യാരംഭത്തിനു ശേഷം കോടിക്കണക്കിനാളുകൾക്ക് മഹാമാരികൾ കാരണം ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്.



ലോകത്തിന്റെ പ്രകൃതിവ്യവസ്ഥയെ അതിലംഘിച്ചുകൊണ്ടുള്ള മനുഷ്യന്റെ കടന്നുകയറ്റങ്ങൾക്കുള്ള കൃത്യമായ മറുപടികളാണ് മനുഷ്യരുടെതന്നെ അന്തകരായി കടന്നുവരുന്ന മഹാമാരികൾ എന്നാണു വിലയിരുത്തപ്പെടുന്നത്. ഭൂമിയുടെ പ്രകൃതിയിൽ മനുഷ്യർ നടത്തുന്ന ഇടപെടലുകൾ വഴി ഉണ്ടാകുന്ന ചില മാറ്റങ്ങൾ അണുക്കളുടെ രൂപീകരണങ്ങൾക്കും വ്യാപനങ്ങൾക്കും കാരണമായിട്ടുണ്ട്. സ്വാഭാവികമായ കൃഷിക്ക് പകരം വ്യാവസായികമായി കൃഷികൾ ഇതിനൊരു ഉദാഹരണമാണ്. അതുപോലെ വനങ്ങൾ വെട്ടിത്തെളിയിച്ചതു വഴി മനുഷ്യരുമായി ഇടപഴകാതെ ജീവിച്ചിരുന്ന ജീവികളിൽ കേന്ദ്രീകരിച്ചിരുന്ന അണുക്കൾ മനുഷ്യരിലേക്ക് പടരാൻ കാരണമാവുകയും ചെയ്തു. ഒരു വൈറസ് മനുഷ്യനെ ബാധിച്ചിട്ടുണ്ടെങ്കിൽ അതിനർഥം മനുഷ്യൻ വൈറസിന്റെ സഞ്ചാരപാതയിലേക്ക് കാലെടുത്തുവച്ചുവെന്നാണ്. വൈറസുകൾ മനുഷ്യന്റെ സഞ്ചാരപാതയിലേക്ക് വരികയല്ല ചെയ്യുന്നത്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി സംഭവിച്ച കാലാവസ്ഥ വ്യതിയാനം വൈറസുകളുടെ പെരുകലിന് അനുകൂലമായ രീതിയിലുള്ള താപനം സൃഷ്ടിക്കുകയും ചെയ്യുന്നു. മനുഷ്യരിൽ സഞ്ചാര താൽപര്യങ്ങൾ വർധിക്കുകയും അതിനുള്ള സൗകര്യങ്ങൾ വികസിക്കുകയും ചെയ്തതോടുകൂടി ഒരു പ്രദേശത്ത് പ്രത്യക്ഷപ്പെടുന്ന വൈറസുകൾ നിമിഷനേരം കൊണ്ട് വൻകരകൾ താണ്ടി ലോകത്തെ പൊതിയാൻ കാരണമാവുകയും ചെയ്തു. നഗരവത്കൃത സംസ്കാരത്തിന്റെ ഭാഗമായി മനുഷ്യരിൽ സംഭവിച്ച ശുചിത്വ കാര്യങ്ങളിലെ വീഴ്ചയാണ് പകർച്ചവ്യാധികൾ പടരുന്നതിൽ മുഖ്യപങ്കുവഹിച്ചിട്ടുള്ളത്.



വവ്വാലുകളെ പല വൈറസുകളുടെയും ആലയമായിട്ടാണ് കരുതപ്പെടുന്നത്. സസ്തനികൾ ആണെങ്കിലും പറക്കാൻ സാധിക്കുന്നതുകൊണ്ട് വൈറസുകളെ വ്യാപനം നടത്തുന്നതിൽ വലിയ പങ്കാണ് വവ്വാലുകൾ നിർവഹിക്കുന്നത്. ശരീരോഷ്മാവ് കൂടുതൽ ഉള്ളതുകൊണ്ട് അവയെ വൈറസ് ദോഷകരമായി ബാധിക്കില്ല എന്നാണ് ശാസ്ത്രാനുമാനം. വവ്വാലുകളിൽ നിന്നും ഇത് മനുഷ്യരിലേക്ക് എത്തുന്ന മാർഗം അന്വേഷിച്ചാൽ മനുഷ്യർ എവിടെയാണ് സൂക്ഷിക്കുകയും ശ്രദ്ധിക്കുകയും ചെയ്യേണ്ടത് എന്ന കാര്യം ബോധ്യമാവും.

ഇൻഫ്ളുവെൻസ മഹാമാരികളിൽ അധികവും തുടക്കമിട്ടത് ചൈനയിൽ നിന്നാണെന്നു കാണാം. അവിടെ വൈറസുകൾ ഉറങ്ങിക്കിടക്കുന്ന ആതിഥേയ സംഭരണികൾ (Reservoir host) താറാവുകളാണ് എന്നാണ് പഠനങ്ങളിൽ കാണുന്നത്. ഇൻഫ്ളുവെൻസ വൈറസ് ഉള്ള വവ്വാലുകൾ, പലതരം പക്ഷികൾ തുടങ്ങിയവ മനുഷ്യരാൽ കൃഷിചെയ്യപ്പെടുന്ന താറാവുകളുമായി കൂടിക്കലരുന്നതോടെ താറാവുകൾ അണുവാഹിനികളായി മാറുന്നു. എന്നാൽ അവ രോഗലക്ഷണങ്ങൾ കാണിക്കുന്നില്ല. താറാവിനെയും പന്നിയെയും ഒരുമിച്ച് കൃഷിചെയ്യുമ്പോൾ പ്രാഥമിക ആതിഥേയർ (Primary host) ആയിരുന്ന താറാവിൽ നിന്നും പന്നിയിലേക്ക് വൈറസുകൾ സംക്രമിക്കുന്നു. അതോടെ പന്നികൾ മധ്യമ ആതിഥേയർ (Intermediate host) ആയി മാറുന്നു. വവ്വാലുകളിൽ നിന്നോ പക്ഷികളിൽ നിന്നോ പന്നികളിലേക്ക് വൈറസുകൾ സംക്രമിക്കുന്നതോടെ ജനിതക മാറ്റങ്ങൾ സംഭവിക്കുകയും പുതിയ ജൈവസങ്കലനങ്ങൾക്ക് വേദിയാവുകയും ചെയ്യുന്നു. ഈ മാറ്റങ്ങൾ വൈറസുകൾക്ക് മനുഷ്യരിലേക്ക് പടരാനുള്ള വാതായനങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ജന്തുക്കളുമായും പക്ഷികളുമായും ഇടപെടാതെ മനുഷ്യർക്ക് ജീവിക്കാൻ സാധിക്കില്ല. എന്നാൽ അവയുമായി ബന്ധപ്പെട്ടു ജീവിക്കുമ്പോൾ പാലിച്ചുവരേണ്ട ശുചിത്വ നിയമങ്ങൾ അവഗണിക്കപ്പെടുമ്പോഴാണ് വൈറസുകൾ മനുഷ്യരെ കീഴ്പ്പെടുത്തുന്നതും മഹാമാരികൾ പെരുകുകയും ചെയ്യുന്നത്.

മനുഷ്യരെയും ജന്തുക്കളെയും പക്ഷികളെയും സൃഷ്ടിക്കുകയും അവയ്ക്കെല്ലാം ജീവിക്കാനാവശ്യമായ ബോധനം നൽകുകയും ചെയ്തിട്ടുള്ള സ്രഷ്ടാവ് ശുചിത്വകാര്യങ്ങളിൽ മനുഷ്യർ നിർബന്ധമായും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പഠിപ്പിച്ചിട്ടുണ്ട്. മഹാമാരിക്കാലത്ത് പാലിക്കേണ്ട നിയമങ്ങളും അവൻ അറിയിച്ചിട്ടുണ്ട്. അന്തിമ വേദഗ്രന്ഥമായ ക്വുർആനിലൂടെയും അന്തിമപ്രവാചകനായ മുഹമ്മദ് നബിയിലൂടെ

യും ഇക്കാര്യങ്ങൾ ലോകത്തെ ഉണർത്തിയിട്ടുണ്ട്. ലോകപ്രശസ്ത അമേരിക്കൻ മാഗസിനായ ന്യൂസ് വീക്ക് മാർച്ച് 17ന് 'Can the Power of Prayer Alone Stop a Pandemic like the Coronavirus? Even the Prophet Muhammad Thought Otherwise' എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ച ലേഖനത്തിൽ പകർച്ച വ്യാധികൾ തടയുന്നതിനുള്ള പ്രായോഗിക നിർദേശങ്ങൾ മുമ്പോട്ടു വെച്ചത് മുഹമ്മദ് നബിﷺ ആണെന്ന് വ്യക്തമാക്കുന്നു. ഇസ്‌ലാമിലെ ശുചിത്വ നിയമങ്ങളെ പരിഹസിച്ചിരുന്ന പാശ്ചാത്യ രാജ്യങ്ങൾക്ക് ശുചിത്വത്തിന്റെ പ്രാധാന്യവും അണുപ്രസരണങ്ങൾ നിയന്ത്രിക്കുന്നതിൽ അതിന്റെ പങ്കും ബോധ്യപ്പെട്ടിരിക്കുകയാണ്. അറിയപ്പെടുന്ന രോഗപ്രതിരോധ ശാസ്ത്ര വിദഗ്ധൻ ആന്റണി ഫ്യൂച്ചിയെയും മെഡിക്കൽ റിപ്പോർട്ടർ സഞ്ജയ്ഗുപ്തയെയും ഉദ്ധരിച്ചുകൊണ്ടാണ് ന്യൂസ് വീക്ക് ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളത്. 'ഒരു നാട്ടിൽ മഹാമാരി ബാധിച്ചിട്ടുണ്ടെന്നു നിങ്ങളറിഞ്ഞാൽ നിങ്ങൾ അങ്ങോട്ട് പോകരുത്. അപ്രകാരം മഹാമാരി ബാധിച്ച പ്രദേശത്തുനിന്നും നിങ്ങൾ പുറത്തു കടക്കുകയും ചെയ്യരുത്' എന്ന പ്രവാചക വചനവും ന്യൂസ്‌വീക്ക് ലേഖനത്തിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. ഒരു മഹാമാരി സംഭവിച്ചാൽ പാലിക്കേണ്ട ഏറ്റവും നല്ല ശുചിത്വ നിയമങ്ങളും സാമൂഹിക അകലം പാലിക്കേണ്ട മര്യാദകളും പഠിപ്പിച്ചത് 1300 വർഷങ്ങൾക്ക് മുമ്പ് വന്ന ഇസ്‌ലാമിന്റെ പ്രവാചകനായ മുഹമ്മദ് നബിയാണെന്നും ലേഖനത്തിൽ വ്യക്തമാക്കുന്നുണ്ട്. 'പകർച്ചവ്യാധി ബാധിച്ചവരെ അത് ബാധിക്കാത്ത ആരോഗ്യവാന്മാരിൽ നിന്നും അകറ്റി നിർത്തണം' എന്ന പ്രവാചകനിർദേശവും ന്യൂസ് വീക്ക് ഉദ്ധരിക്കുകയുണ്ടായി. ദൈവത്തിൽ നിന്നുള്ള സഹായം പ്രതീക്ഷിച്ചുകൊണ്ട് ദൈവികനിയമങ്ങൾക്ക് വിധേയമായി ജീവിക്കുകയാണ് മഹാമാരികളെ അകറ്റാനുള്ള ഏറ്റവും ശക്തമായ മാർഗമെന്ന് ലോകം തിരിച്ചറിഞ്ഞുകൊണ്ടിരിക്കുകയാണ്. ഇറ്റാലിയൻ പ്രധാനമന്ത്രിയുടെയും ന്യൂസ്‌വീക്കിന്റെയുമെല്ലാം തിരിച്ചറിവുകൾ ഇതാണ് വിരൽചൂണ്ടുന്നത്.

ഇസ്‌ലാമിന്റെ ആരോഗ്യവീക്ഷണത്തെ ശരിയായ രൂപത്തിൽ ലോകത്തിന്റെ സുരക്ഷക്കായി അവതരിപ്പിക്കുകയായിരുന്നു കഴിഞ്ഞ ആഴ്ചകളിലായി സൗദി അറേബ്യയിലെ ഇസ്‌ലാമിക പണ്ഡിതന്മാരും ഭരണാധികാരികളും ആരോഗ്യപ്രവർത്തകരും ചെയ്തുകൊണ്ടിരുന്നത്. ശുചിത്വം (Cleanliness) സാമൂഹിക അകലം പാലിക്കലും (Social distancing) മാത്രമാണ് കൊറോണ വൈറസിനെ പിടിച്ചുകെട്ടാനുള്ള ദൈവികമാർഗമെന്നു അവർ നേരത്തെ മനസ്സിലാക്കി പ്രവർത്തിച്ചുവന്നു. ത്വവാഫും സഅ്‌യും ഒരു കാലത്തും നിലച്ചിട്ടില്ലാത്ത മക്കയുടെ പരിശുദ്ധമായ ഹറമിൽ ഉംറയ്ക്ക് താത്കാലിക വിരാമം കുറിച്ചുകൊണ്ട് മസ്ജിദുൽ ഹറാമിന്റെ വാതായനങ്ങൾക്ക് അവർ താഴിട്ടു. ജനങ്ങൾ ഒരുമിച്ചുകൂടുന്ന സാഹചര്യങ്ങൾ അവർ ഇല്ലാതാക്കി. ആരാധനകളും അനുഷ്ഠാനങ്ങളും ചടങ്ങുകളല്ല, മറിച്ച് മനുഷ്യന്റെ ഇഹപര നന്മകൾക്ക് വേണ്ടിയുള്ളതാണെന്നും അവർ ജനങ്ങളെ ബോധ്യപ്പെടുത്തി. പ്രവാചകന്റെ നിർദേശങ്ങൾ അവർ ലോകത്തിനു മുമ്പിൽ വച്ചു. ഇസ്‌ലാമിക പണ്ഡിതന്മാർക്കിടയിൽ ഇക്കാര്യത്തിൽ ഒരഭിപ്രായ

> **ക്രിസ്താബ്ദം 541ൽ യൂറോപ്പിലും പടിഞ്ഞാറൻ ഏഷ്യയിലുമുണ്ടായ 'പ്ലേഗ് ഓഫ് ജസ്റ്റിനിയൻ' മൂലം പത്തു കോടി ജനങ്ങൾ മരണപ്പെട്ടു. 1772ൽ ഇറാനിൽ പ്ലേഗ് കാരണം 20 ലക്ഷത്തിലധികം പേർ മരണപ്പെട്ടിട്ടുണ്ട്. 735ൽ ജപ്പാനിൽ പടർന്നുപന്തലിച്ച വസൂരിയിൽ ജപ്പാൻ ജനസംഖ്യയുടെ മൂന്നിലൊന്നു പേർ (20 ലക്ഷം പേർ) മരണപ്പെട്ടുവെന്നാണ് കണക്കാക്കപ്പെടുന്നത്. 1957ലെ 'ഏഷ്യൻ ഫ്ളൂ'വിൽ 20 ലക്ഷം പേരും 1968ലെ 'ഹോങ്കോങ് ഫ്ളൂ' കാരണം പത്തുലക്ഷം പേരും മരണപ്പെട്ടു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ലോകം അഭിമുഖീകരിച്ച എയ്ഡ്സ് മൂലം ഇന്നേവരെ 32 കോടി ജനങ്ങൾ മരിച്ചുവെന്നാണ് റിപ്പോർട്ട്. 2009ലെ പക്ഷിപ്പനി കാരണം അഞ്ചുലക്ഷത്തോളം മരണം സംഭവിച്ചു. കോളറയായിരുന്നു ലോകം അഭിമുഖീകരിച്ച മറ്റൊരു രോഗം. 1817ൽ ഇന്ത്യയിൽ കോളറ മൂലം 80 ലക്ഷത്തോളം പേർ മരണപ്പെട്ടുവെന്നാണ് കണക്ക്.**




വ്യത്യാസം പോലുമുണ്ടായില്ല. ലോകത്തെ വൻകിട രാജ്യങ്ങൾ ഇങ്ങനെയൊരു സോഷ്യൽ ഡിസ്റ്റൻസിങ്ങിനെ കുറിച്ച് ചിന്തിക്കുക പോലും ചെയ്യുന്നതിന് മുമ്പ് തന്നെ സൗദി അറേബ്യക്ക് അത് നടപ്പാക്കാൻ സാധിച്ചത് ഇസ്‌ലാമിക വിജ്ഞാനീയങ്ങൾ നൽകിയ തിരിച്ചറിവ് മൂലം മാത്രമായിരുന്നു. രോഗം ബാധിച്ച ഖതീഫ് എന്ന പ്രദേശത്തെ തുടക്കം മുതൽ അവർ ലോക്ക്ഡൗൺ ചെയ്തു.

ഇസ്‌ലാം ശുദ്ധിക്ക് മാത്രമല്ല, സമൂഹത്തിന്റെ ആരോഗ്യത്തിനും സുരക്ഷയ്ക്കും വലിയ പ്രാധാന്യമാണ് നൽകുന്നത്. പക്ഷേ, ഇത് മനസ്സിലാക്കുന്നതിൽ മുസ്‌ലിം സമൂഹം വളരെ പിറകോട്ട് പോയിട്ടുണ്ട് എന്നാണ് വിവിധ രാജ്യങ്ങളിൽ നിന്നുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഇറാനിൽ മഹാമാരി പടരാൻ കാരണമായത് 'ഖും' നഗരത്തിലെ തീർഥാടനങ്ങളായിരുന്നു. ചൈനയിലെ വുഹാനിൽ നിന്നും തീർഥാടനത്തിനായി 'ഖും' നഗരത്തിലെത്തിയ വ്യാപാരികളിലൂടെയാണ് ആദ്യമായി വൈറസ് ഇറാനിലെത്തുന്നത്. പാകിസ്ഥാൻ, അസർബൈജാൻ, യു.എ.ഇ, ബഹ്റൈൻ, അഫ്ഗാനിസ്ഥാൻ, കുവൈറ്റ്, ഇറാഖ്, കാനഡ തുടങ്ങിയ രാജ്യങ്ങളിൽനിന്നെല്ലാം ഇവിടേക്ക് തീർഥാടകർ സ്ഥിരമായി എത്താറുണ്ട്. ഇതിൽ ഖും സന്ദർശിച്ച് ബഹ്റൈൻ വഴി സൗദിഅറേബ്യയിൽ എത്തിയവരാണ് സൗദിയിലേക്ക് വൈറസിനെ എത്തിച്ചത് എന്നാണ് നിഗമനം. മുസ്‌ലിം രാജ്യമായ മലേഷ്യയിൽ തബ്‌ലീഗ് ജമാഅത്തിന്റെ സമ്മേളനമാണ് കോവിഡിന്റെ വ്യാപനത്തിന് കാരണമായത്. ക്വലാലംപൂരിനു പുറത്തുള്ള മുസ്‌ലിം പള്ളിയിൽ ആയിരുന്നു തബ്‌ലീഗ് ജമാഅത്ത് സംഘടിപ്പിച്ച മഹാസമ്മേളനം. മലേഷ്യൻ സർക്കാരിന്റെ ഔദ്യോഗിക വൃത്തങ്ങൾ തന്നെ പുറത്തുവിട്ട കാര്യമാണിത്. ഇന്തോനേഷ്യയിലെ ജക്കാർത്തയിലും സമാനമായ സമ്മേളനം നടക്കാനിരുന്നത് മലേഷ്യൻ ദുരന്തം അനുഭവിച്ചറിഞ്ഞ സാഹചര്യത്തിൽ മാറ്റിവെക്കുകയായിരുന്നു.

കേരളത്തിലെ മതസംഘടനകളിൽ ചിലത് വൈകിയാണെങ്കിലും പള്ളികളിലെ ജുമുഅ ജമാഅത്തുകൾ ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും ജനങ്ങളിൽ വേണ്ടത്ര അവബോധം ഉണ്ടായിട്ടില്ലെന്നാണ് മനസ്സിലാവുന്നത്. സാമൂഹിക അകലം പാലിക്കണമെന്ന ഇസ്‌ലാമിന്റെ നിർദേശം പള്ളികളിൽ പോലും നടപ്പിലാക്കാൻ തടസ്സമാവുന്നത് പരമ്പരാഗത ശീലങ്ങളും ഇസ്‌ലാമിക ആരാധനകളുടെ ലക്ഷ്യത്തെ കുറിച്ചുള്ള ബോധമില്ലായ്മയും വ്യത്യസ്ത സാഹചര്യങ്ങളിൽ സ്വീകരിക്കേണ്ട ഇസ്‌ലാമിക കർമശാസ്ത്രത്തെ കുറിച്ചുള്ള വിവരമില്ലായ്മയുമാണ്. 'വസ്‌വാസ്' എന്ന പൈശാചിക ബോധനവും കാരണമാണ്. ഇത് മാറ്റിയെടുക്കൽ സമൂഹത്തെ ഭയമില്ലാത്ത പണ്ഡിതന്മാരുടെ ഉത്തരവാദിത്തമാണ്. മഹല്ലുകൾക്കും സംഘടനകൾക്കും ആർജവവും കരുത്തുമുള്ള നേതാക്കൾ ഇല്ലെങ്കിൽ ഇസ്‌ലാമിക സ്ഥാപനങ്ങളും ആരാധനകളും അണുപ്രസരണത്തിന്റെ പ്രഭവകേന്ദ്രങ്ങളായി മാറുമെന്ന കാര്യത്തിൽ സംശയമില്ല.

ക്രൈസ്തവ സമൂഹത്തെ സംബന്ധിച്ചിടത്തോളം വത്തിക്കാനിൽ നിന്നും മാർപ്പാപ്പ നൽകിയ സന്ദേശവും കൂടിക്കലർന്നുകൊണ്ടുള്ള പ്രാർഥനകൾ ഒഴിവാക്കണമെന്നാണ്. ഈസ്റ്റർ വരെയുള്ള നോമ്പുകാലവുമായി ബന്ധപ്പെട്ട എല്ലാ ചടങ്ങുകളും റോം അവസാനിപ്പിച്ചു. പ്രായം ചെന്നവർ രൂപതകളിൽ വരാതിരിക്കാൻ നേരത്തെ നിർദേശം നൽകുകയും ചെയ്തു. പല പള്ളികളിൽനിന്നുമുള്ള ഉപദേശ പ്രഭാഷണങ്ങൾ ഓൺലൈൻ ആക്കുകയും ചെയ്തു. സെന്റ് പീറ്റേഴ്സ് സ്ക്വയർ അടച്ചിടുകയും ചെയ്തു. ജൂത സിനഗോഗുകളിലെ കൂടിച്ചേരലുകൾക്ക് നിയന്ത്രണം ഏർപ്പെടുത്താൻ റബ്ബാനിക്കൽ കൗൺസിൽ ഓഫ് അമേരിക്ക തീരുമാനിക്കുകയും ചെയ്തു. ഗുരുദ്വാരകളിലെ സേവനങ്ങൾ റദ്ദാക്കുമെന്ന് സിഖ് കൗൺസിലും പ്രഖ്യാപിച്ചു. കേരളത്തിൽ ദേവസ്വം ബോർഡ് ശബരിമല തീർഥാടകരോട് അങ്ങോട്ടുള്ള യാത്രയും സന്ദർശനവും അവസാനിപ്പിക്കാനും ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ അട

ച്ചിടാനും ആഹ്വാനം ചെയ്തത് വൈറസിന്റെ വ്യാപനം തടയുന്നതിന് വേണ്ടിയുള്ള ഹൈന്ദവ സമൂഹത്തിന്റെ കരുതലിന്റെ ഭാഗമാണ്.

സാമൂഹിക അകലം പാലിക്കുന്നതിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി ഇന്ത്യ 'ജനത കർഫ്യു' ആചരിക്കുകയുണ്ടായി. കേരളത്തെ ലോക്ക്ഡൗൺ ആയി പ്രഖ്യാപിച്ചു. പലയിടങ്ങളിലും സി. ആർ.പി.സി 144 പ്രഖ്യാപിച്ചു. വളരെ നല്ല കാര്യങ്ങൾ തന്നെ. പക്ഷേ, തുടക്കം മുതൽ ജാഗ്രത കാണിക്കുന്നതിൽ സർക്കാർ സംവിധാനങ്ങളും പരാജയമായിരുന്നുവെന്നാണ് വസ്തുതകൾ സൂചിപ്പിക്കുന്നത്. സർക്കാർ നടപ്പാക്കുന്ന പദ്ധതികളോട് ജനങ്ങൾ പൂർണമായും സഹകരിക്കേണ്ടതുണ്ട്. പക്ഷേ, സർക്കാർ നടപടികളിൽ പലതും വൈരുധ്യങ്ങൾ നിലനിൽക്കുകയോ അല്ലെങ്കിൽ അവ ആർക്കോ വേണ്ടി നടത്തുന്ന ചടങ്ങുകൾ ആയിത്തീരുകയോ ചെയ്യുന്നുണ്ട്.

ഇന്ത്യയിലെ തന്നെ ഏറ്റവും ആദ്യത്തെ കൊറോണ കേസ് റിപ്പോർട്ട് ചെയ്തത് കേരളത്തിലാണ്. ജനുവരി 30നു ചൈനയിലെ വുഹാൻ യൂണിവേഴ്സിറ്റിയിൽ പഠിക്കുകയായിരുന്ന ഒരു വിദ്യാർഥിനിയിലാണ് ആദ്യമായി വൈറസ് കണ്ടെത്തിയത്. ചൈനയിൽ നിന്നും വരുന്നവരെ നിരീക്ഷിക്കാൻ പ്രത്യേക സംവിധാനങ്ങൾ ഒരുക്കാൻ സർക്കാരും വകുപ്പുകളും അന്ന് ശ്രദ്ധിച്ചില്ല. ചൈനയിലെ വുഹാനിൽ കൊറോണവൈറസ് പൊട്ടിപ്പുറപ്പെട്ടത് ഡിസംബർ ഒന്നിനായിരുന്നു. ചൈനയും ഇന്ത്യയും തമ്മിൽ വ്യാപാര ബന്ധവും വിദ്യാഭ്യാസ സാങ്കേതിക മേഖലയിലെ സഹവർത്തിത്വവുമെല്ലാം നിലനിൽക്കുന്നെണ്ടെന്നത് എല്ലാവർക്കുമറിയാം. പക്ഷേ, ചൈനയിൽ പടർന്നു പന്തലിച്ച വൈറസ് ഇന്ത്യയിൽ എത്താൻ അധികമൊന്നും സമയം വേണ്ടിവരില്ലെന്നു ചിന്തിക്കുവാനോ അതിനനുസരിച്ച മുൻകരുതലുകൾ സ്വീകരിക്കാനോ നമ്മുടെ സർക്കാരുകൾക്കോ ആരോഗ്യവകുപ്പിനോ പൊതുസമൂഹത്തിനോ ആയില്ല എന്നത് വളരെ ഖേദകരമാണ്. ഇന്ത്യയിലെ ഒരു അന്താരാഷ്ട്ര വിമാനത്തവാളത്തിലും വിദേശങ്ങളിൽ നിന്നും വരുന്ന കോവിഡ് രോഗബാധിതരെ നിരീക്ഷിക്കാൻ ഒരു സംവിധാനവും ഉണ്ടായിരുന്നില്ല. മറ്റു രാജ്യങ്ങൾ ഏറ്റവും ചുരുങ്ങിയത് ശരീരതാപം അളക്കാനുള്ള ഉപകരണങ്ങൾ വിമാനത്താവളങ്ങളിൽ കരുതുകയും ഉയർന്ന താപനിലയുള്ളവരെ പ്രത്യേകം നിരീക്ഷിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ കേരളത്തിലോ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലോ അങ്ങനെയുള്ള സംവിധാനങ്ങളൊന്നും ഏർപ്പെടുത്തിയിരുന്നില്ല. ചൈനയിൽനിന്നും വന്ന വിദ്യാർഥികൾ സ്വയം റിപ്പോർട്ട് ചെയ്തതുകൊണ്ട് മാത്രമാണ് സർക്കാരിന് അതറിയാൻ സാധിച്ചത്. പിന്നീട് ഫെബ്രുവരി 28നു ഇറ്റലിയിൽ നിന്നും കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം വഴി എത്തിയ പത്തനംതിട്ട സ്വദേശികളിലാണ് കൊറോണവൈറസ് കണ്ടെത്തിയത്. ഇവരെ കുറിച്ചുള്ള പ്രാഥമികമായ വിവരങ്ങൾ പോലും സർക്കാരിന്റെ പക്കൽ ഉണ്ടായിരുന്നില്ല. ഇവരുടെ ബന്ധുക്കളിലൊരാൾ റാന്നി താലൂക്ക് ആശുപത്രിയിൽ പനി ബാധിച്ചതിനെ തുടർന്ന് പരിശോധനക്കായി എത്തിയപ്പോൾ ഡ്യൂട്ടി ഡോക്ടറുടെ ഒരൊറ്റ ചോദ്യംകൊണ്ട് മാത്രമാണ് ഇറ്റലിയിൽ നിന്നുമെത്തിയവരെ പിടികൂടാൻ സാധിച്ചത്. ബന്ധുക്കളാരെങ്കിലും വിദേശത്തു നിന്ന് വന്നിട്ടുണ്ടോ എന്ന ഡോക്ടറുടെ ചോദ്യത്തിനുത്തരമായി ഇറ്റലിയിൽ നിന്നും വന്നവരെ കുറിച്ച് പറയുകയും ആരോഗ്യവകുപ്പ് അവരെ അന്വേഷിച്ചു കണ്ടെത്തുകയുമായിരുന്നു. ഇങ്ങനെയൊരു സംഭവമില്ലായിരുന്നുവെങ്കിൽ കേരളം മറ്റൊരു വുഹാനോ ഇറ്റലിയോ ആയിത്തീരുമായിരുന്നു.




വിദേശങ്ങളിൽ നിന്നും വരുന്നവരെ നിരീക്ഷിക്കുന്നതിലും അവർക്ക് രോഗലക്ഷണങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കുന്നതിലും വേണ്ട ജാഗ്രത നമ്മുടെ രാജ്യം കാണിച്ചിട്ടില്ല എന്നതാണ് പല സംഭവങ്ങളും വ്യക്തമാക്കുന്നത്. കോവിഡിനെ കുറിച്ചുള്ള ഭീതി ജനങ്ങളിൽ വ്യാപകമായതിനു ശേഷമാ

ണു കാസർകോട്ടെ സംഭവം ഉണ്ടാകുന്നത്. അവിടെ ഒരു യുവാവ് ദുബൈയിൽ നിന്നും എത്തിയതിനു ശേഷം വിവിധ പരിപാടികളിൽ പങ്കെടുക്കുകയും ബന്ധുക്കളുടെയും കൂട്ടുകാരുടെയും കൂടെ കറങ്ങിനടക്കുകയും ചെയ്തു എന്ന അക്ഷന്തവ്യമായ അലംഭാവത്തിന് യുവാവിനെ നമുക്ക് പഴി പറയാമെങ്കിലും നമ്മുടെ ഭരണസംവിധാനത്തിന്റെ പോരായ്മ തന്നെയാണ് അത് ചൂണ്ടിക്കാണിക്കുന്നത്. സമാനമായ സംഭവങ്ങൾ മലപ്പുറം ജില്ലയിലെ അരീക്കോട്, വാണിയമ്പലം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്ത് ഒരാഴ്ചക്കുള്ളിലാണ് കാസർകോട്ടെ സംഭവം എന്നതും നാം ഓർക്കേണ്ടതുണ്ട്.

അതിലും ഗുരുതരമായ സംഭവമാണ് സുപ്രസിദ്ധ ഗായികയും സെലിബ്രിറ്റിയുമായ കനിക കപൂറുമായി ബന്ധപ്പെട്ടത്. ലണ്ടനിൽ നിന്നും മുംബൈയിൽ എത്തി അവിടെ നിന്ന് ലഖ്നോയിലേക്ക് പോയ കനികയിൽ കോവിഡ് സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. യാത്രാവിവരങ്ങൾ മറച്ചുപിടിച്ചതിനും പിന്നീട് ഒരു മുൻകരുതലുമില്ലാതെ വിവിധ പരിപാടികളിൽ പങ്കെടുത്തതിനും ലഖ്നോ പോലീസ് അവർക്കെതിരെ എഫ്. ഐ. ആർ രേഖപ്പെടുത്തിയിട്ടുണ്ട്. കനിക പങ്കെടുത്ത പരിപാടിയിൽ മുൻ രാജസ്ഥാൻ മുഖ്യമന്ത്രി വസുന്ധര രാജെയും മകനും പങ്കെടുക്കുകയും അതിൽ പങ്കെടുത്ത പലരും രാഷ്ട്രപതി രാംനാഥ് കോവിന്ദ് മാർച്ച് 18നു ഒരുക്കിയ പ്രാതൽ വിരുന്നിൽ പങ്കെടുക്കുകയും ചെയ്തു എന്നത് വലിയ വീഴ്ചയായി കാണേണ്ടതുണ്ട്. വിദേശത്തു നിന്നെത്തിയ ബോക്സിങ് താരം മേരികോമും രാഷ്ട്രപതിയുടെ വിരുന്നിലെത്തി എന്നത് സർക്കാരിന്റെയും ഉന്നതരുടെയും അലംഭാവമാണ് സൂചിപ്പിക്കുന്നത്. രാജ്യം ഗുരുതരമായ വൈറസ് ഭീഷണിയിൽ കഴിയുമ്പോൾ സാമൂഹിക അകലം പാലിക്കാൻ പൊതുജനങ്ങളോട് സർക്കാരുകളും ആരോഗ്യ പ്രവർത്തകരും ആവശ്യപ്പെടുമ്പോഴാണ് രാഷ്ട്രപതി പോലും യാതൊരു സോഷ്യൽ ഡിസ്റ്റൻസിങ്ങും പാലിക്കാതെയുള്ള വിരുന്നുകൾ ഒരുക്കുന്നത്. കൊറോണയെ പ്രതിരോധിക്കുന്ന നടപടികൾ ആളുകളെ പറ്റിക്കുന്നതിനു വേണ്ടിയുള്ള ചടങ്ങുകൾ മാത്രമായി മാറുകയാണ് എന്നല്ലേ ഇതെല്ലാം സൂചിപ്പിക്കുന്നത്.

ജില്ലാ ഭരണകൂടങ്ങൾ കൊറോണ നിയന്ത്രിക്കുന്നതിന് വേണ്ടി കൈക്കൊള്ളുന്ന നടപടികൾ ശ്ലാഘനീയമാണെന്നു പറയാം. പക്ഷേ, ജില്ലാ ഭരണകൂടങ്ങൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള സാഹചര്യം നമ്മുടെ ജനാധിപത്യ സംവിധാനത്തിൽ ഇല്ലാത്തതുകൊണ്ട് തന്നെ അവർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നടപടികളിൽ പലതും ഓട്ടപ്പാത്രങ്ങളായി മാറുകയാണ്. പൊതുജനങ്ങൾ ഒരുമിച്ചുകൂടുന്ന സാഹചര്യങ്ങൾ ഒഴിവാക്കണമെന്നു ജില്ലാഭരണകൂടങ്ങൾ ആവർത്തിച്ചാവർത്തിച്ച് പറയുന്നുണ്ടെങ്കിലും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ പോലും അതിനു തയ്യാറാവുന്നില്ല. ആരാധനാലയങ്ങളും മതപഠന കേന്ദ്രങ്ങളുമെല്ലാം അടച്ചിടുകയാണ് വേണ്ടതെന്നു നിർദേശിക്കുന്നവർക്ക് ബീവറേജസ് കോർപറേഷന്റെ ഔട്ട്ലെറ്റുകളിൽ നീണ്ടു പരന്നു കിടക്കുന്ന ക്യൂ വൈകിയാണ് നിരോധിക്കാൻ സാധിച്ചത്. ഇത്രയും ഭീതിതമായ സാഹചര്യം നിലനിൽക്കുമ്പോൾ തന്നെ ജില്ലാ ആസ്ഥാനങ്ങളിൽ കള്ളുഷോപ്പ് ലേലം നടന്നുവെന്നതും സർക്കാരിന്റെ ആത്മാർഥതയിൽ സംശയം ജനിപ്പിക്കുന്നു. സർക്കാരിന് ലഭിക്കുന്ന വരുമാനമാണോ അതോ മനുഷ്യജീവനാണോ കൂടുതൽ വിലയുള്ളത് എന്ന് ചിന്തിക്കാൻ പോലും നമ്മുടെ സർക്കാരിനോ ആരോഗ്യവകുപ്പിനോ ജില്ലാ ഭരണകൂടങ്ങൾക്കോ സാധിക്കുന്നില്ല. ഒട്ടനവധി വിദ്യാർഥികളുടെയും അധ്യാപകരുടെയും ജീവൻ കൊണ്ട് പന്താടിക്കൊണ്ടാണ് ഇത്രയും നാൾ സർക്കാർ പ്രവർത്തിച്ചത്. വലിയ പ്രതിഷേധങ്ങൾക്കൊടുവിൽ മാത്രമാണ് പരീക്ഷകൾ മാറ്റിവച്ച് വിദ്യാഭ്യാസസ്ഥാപനങ്ങൾ അടച്ചിടാൻ സർക്കാർ തയ്യാറായത്.

ശുചിത്വവും സാമൂഹിക അകലവും പാലിക്കുക എന്നതാണ് ഏറ്റവും പ്രധാനമെന്ന് നമ്മുടെ സമൂഹം മനസ്സിലാക്കേണ്ടതുണ്ട്. അതിനു വിരുദ്ധമായ ഒരു പ്രവൃത്തിയും ഒരു വ്യക്തിയിൽ നിന്നും ഉണ്ടാവാൻ പാടുള്ളതല്ല. നമ്മുടെ ജാഗ്രതാ കുറവുകൾ ഒരു സമൂഹത്തിന്റെ നാശത്തിനു കാരണമാവാൻ പാടില്ല. സർക്കാർ ആവശ്യപ്പെട്ടാലും ഇല്ലെങ്കിലും നാം കണ്ണുതുറന്നു പ്രവർത്തിക്കുക. സർക്കാരിനു വേണ്ടിയല്ല, നമുക്കും നമ്മുടെ ചുറ്റും ജീവിക്കുന്ന മനുഷ്യർക്കുവേണ്ടി. ഇന്ത്യയിലെ ജനങ്ങൾ അവരുടെ മനോഭാവങ്ങളിലും ജീവിതശൈലികളിലും പരമ്പരാഗത ശീലങ്ങളിലും ഇനിയും മാറ്റം വരുത്തിയില്ലെങ്കിൽ ഒരിക്കലും മഹാമാരികളെ ചെറുക്കുവാൻ സാധിക്കില്ലെന്ന് മാത്രമല്ല, ചൈന, ഇറ്റലി, ഇറാൻ എന്നിവിടങ്ങളിൽ സംഭവിച്ചതിനെക്കാൾ വലിയ ദുരന്തങ്ങൾ ഏറ്റുവാങ്ങേണ്ടി വരും. ശുചിത്വബോധം വളർത്തുക; കുറച്ചു കാലത്തേക്ക് അകന്നു നിൽക്കുക; മഹാമാരിയെ അകറ്റി നിർത്താം.

جامعة الهند الإسلامية
JAMIA AL HIND AL ISLAMIYA

# جامعة الهند الإسلامية
# JAMIA AL-HIND AL-ISLAMIYYA
# ജാമിഅ അൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ

വാദി അൽ ഹിക്മ, മിനി ഊട്ടി, ഊരകം, മലപ്പുറം

**2020-21 അധ്യയന വർഷത്തേക്ക്**
**വിവിധ കോഴ്സുകളിലേക്കുള്ള അപേക്ഷ ക്ഷണിച്ചു**

## തഹ്ഫീദുൽ ഖുർആൻ

2020 ജനുവരി 01ന് 11 വയസ്സ് കവിയാത്തവരും 2020-21 അധ്യയന വർഷത്തിൽ സ്കൂളിൽ 5,6 ക്ലാസുകളിൽ പഠിക്കുന്നവരുമായ ആൺകുട്ടികൾക്ക് മാത്രം പ്രവേശനം.

## മഅ്ഹദുല്ലുഗ

SSLC പാസായ ആൺകുട്ടികൾക്ക് മദീന ഇസ്‌ലാമിക്ക് യൂണിവേഴ്സിറ്റിയുടെ സിലബസിനോടൊപ്പം +1,+2 (NIOS) (കൊമേഴ്സ്, ഹ്യുമാനിറ്റീസ്) കൂടി ലഭ്യമാക്കുന്ന തരത്തിലുള്ള രണ്ട് വർഷത്തെ കോഴ്സ്.

## കുല്ലിയ ശരീഅ:

മഅ്ഹദ് / തത്തുല്യ യോഗ്യതയുള്ള ആൺകുട്ടികൾക്ക് ഹദീഥ്, അക്വീദ എന്നീ വിഷയങ്ങളിൽ പ്രാവീണ്യം നേടുന്നതോടൊപ്പം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഡിഗ്രി സർട്ടിഫിക്കറ്റ് കൂടി ലഭ്യമാകാനുതകുന്ന പണ്ഡിത കോഴ്സ്.

## തഖസ്സുസ്

ശരീഅ: കോളേജ് / തത്തുല്യ പഠനം പൂർത്തിയാക്കിയവർക്ക് തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളിൽ സ്റ്റൈപ്പന്റോട് കൂടിയുള്ള റിസർച്ച് കോഴ്സ്.

## സ്കൂൾ ഓഫ് ഖുർആൻ

ജൂൺ ഒന്നിന് ആറര വയസ്സ് കവിയാത്ത സ്കൂളിൽ ഒന്നാം ക്ലാസിൽ ചേരുന്ന വിദ്യാർത്ഥികൾക്ക് കേരളത്തിനകത്തും പുറത്തുമായി 23 കേന്ദ്രങ്ങളിൽ വെച്ച് നടത്തപ്പെടുന്ന സ്പെഷ്യൽ കോഴ്സ്.

## അത്തദാറുക്ക്

പ്രായഭേദമന്യേ ഏതൊരാൾക്കും മത വിജ്ഞാനം നേടാനുതകുന്ന രണ്ട് വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ്. വിദൂര വിദ്യാഭ്യാസ വിഭാഗത്തിന് കീഴിൽ കേരളത്തിലും പുറത്തുമായി 25 കേന്ദ്രങ്ങൾ.

## അത്തഫ്സീർ

ക്വുർആൻ പഠനത്തിനായി റമദാനിൽ നടത്തപ്പെടുന്ന പ്രത്യേക പദ്ധതി. ജാമിഅ ക്യാമ്പസ് മസ്ജിദിലും കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലുമായി ക്ലാസുകൾ.

**രജിസ്ട്രേഷൻ ചെയ്യുന്നതിനായി സന്ദർശിക്കുക:**
**www.jamiaalhind.com, www.schoolofquran.in**

**ടെലഫോൺ: 0494 2951725, +91 9961725725**

| കൂടുതൽ വിവരങ്ങൾക്ക്: | |
|---|---|
| മഅ്ഹദു തഹ്ഫീദിൽ ക്വുർആൻ: | +91 8921867310 |
| കുല്ലിയ്യത്തു ശരീഅ: | +91 8606366661 |
| മഅ്ഹദു ലുഗ: | +91 9037235706 |
| തഖസ്സുസ്: | +91 8589917780 |
| സ്കൂൾ ഓഫ് ഖുർആൻ: | +91 8606788882 |
| അത്തദാറുക്: | +91 9400919085 |
| അത്തഫ്സീർ: | +91 6282734388 |

Head Office: Jamia Al-Hind Al-Islamiyya | Wadi Al-Hikma | Mini Ootty | Oorakam
Malappuram | Kerala | India | PIN 676519 | www.jamiaalhind.com | www.schoolofquran.in

നബീൽ പയ്യോളി
nabeelpayyoly@gmail.com

ലേഖനം




# കൊറോണയും മദ്യവും സുരക്ഷിത സമൂഹവും

നാടെങ്ങും കൊറോണയെക്കുറിച്ചുള്ള ചർച്ചയാണ്. ഭീതിയിലാണ് ജനങ്ങൾ. കോവിഡ് 19 ലോകത്തെ നിശ്ചലമാക്കിയിരിക്കുകയാണ്. ഐക്യരാഷ്ട്രസഭ ഇതിനെ മഹാമാരിയായി പ്രഖ്യാപിച്ചുകഴിഞ്ഞു. ലോകത്തെ ബഹുഭൂരിപക്ഷം രാജ്യങ്ങളും കൊറോണ ബാധിതമാണ്. ഇരുപതിനായിരത്തിലധികം ആളുകൾ ഈ വൈറസ്ബാധമൂലം ഇതിനകം മരണപ്പെട്ടു. അലക്ഷത്തിൽപരം ആളുകൾക്ക് രോഗം ബാധിച്ചതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്. 2019 നവംബർ മാസത്തിൽ ചൈനയിലെ വുഹാൻ പ്രവിശ്യയിലാണ് കൊറോണ വൈറസ്ബാധ ആദ്യം സ്ഥിരീകരിച്ചത്. പിന്നീട് അത് ലോകം മുഴുവൻ വ്യാപിക്കുന്ന അവസ്ഥയിലേക്ക് മാറി. പരസ്പര സമ്പർക്കത്തിലൂടെ പകരുന്ന ഈ രോഗം പൊടുന്നനെയാണ് ലോകരാഷ്ട്രങ്ങളിലേക്ക് വ്യാപിച്ചത്. ഇന്നും അതിന്റെ വ്യാപനം അനിയന്ത്രിതമായി തുടരുകയാണ്. ചികിത്സക്ക് മരുന്ന് കണ്ടെത്താൻ സാധിക്കാത്തതിനാൽ രോഗം വരാതെ നോക്കുക മാത്രമാണ് മാർഗം. അതുകൊണ്ട് തന്നെ ലോകം വലിയ ആശങ്കയിലാണ്. പൊതുഗതാഗത സംവിധാനങ്ങളും ജനങ്ങൾ കൂടുതൽ എത്തുന്ന സ്ഥ

ലങ്ങളും അന്താരാഷ്ട്ര ഗതാഗത സർവീസുകളും കമ്പോളങ്ങളും നിർത്തിവെച്ച് വൈറസ് വ്യാപനം തടയുവാനാണ് ഇന്ന് എല്ലാ രാഷ്ട്രങ്ങളും ശ്രമിച്ചു കൊണ്ടിരിക്കുന്നത്. 21 ദിവസത്തേക്ക് രാജ്യം ലോക്ക് ഡൗൺ ചെയ്തുകൊണ്ടാണ് ഇന്ത്യ കോവിഡിനെതിരെ മുൻകരുതലെടുത്തത്.

കേരളത്തിൽ ആദ്യ വൈറസ്ബാധ സ്ഥിരീകരിച്ചത് ചൈനയിൽ നിന്ന് വന്ന വിദ്യാർഥികൾക്കായിരുന്നു. അവരെ ഐസൊലേഷൻ ചെയ്തും ശക്തമായ ജാഗ്രത പാലിച്ചുമാണ് നാം പ്രതിരോധിച്ചത്. സർക്കാരും പൊതുജനങ്ങളും ആ നിലയിൽ തന്നെ കാര്യങ്ങൾ കൈകാര്യം ചെയ്തു. കൊറോണയെ നേരിട്ട ആശ്വാസത്തിൽ ഇരിക്കുമ്പോഴാണ് ഇറ്റലിയിൽനിന്നു വന്ന കുടുംബത്തിന് ഈരോഗം സ്ഥിരീകരിക്കുന്നത്. തുടക്കത്തിൽ ഇറ്റലിയും ഇറാനും അടക്കമുള്ള രാജ്യങ്ങളിൽ വൈറസ് ബാധ ഏതാനും ആളുകളിൽ മാത്രമായിരുന്നു എങ്കിൽ പൊടുന്നനെ അത് വ്യാപിക്കുകയായിരുന്നു. അത് അവിടെ താമസിക്കുന്ന വിദേശികളിൽ വലിയ ഭീതയുണ്ടാക്കി. അവർ സ്വന്തം നാട്ടിലേക്ക് മടങ്ങുന്ന സാഹചര്യം കാര്യങ്ങളെ കൂടുതൽ വഷളാക്കി. ലോകം മുഴുവൻ വൈറസ് വ്യാപിക്കുന്നതിൽ ഈ ചെയ്തികൾ കാരണമായി എന്ന് വേണം കരുതാൻ. വിമാനത്താവളങ്ങളിൽ കർശന പരിശോധനകൾ നടത്തുന്നതിൽ വന്ന അലംഭാവമോ വീഴ്ചയോ ജാഗ്രതക്കുറവോ ആണ് നമ്മുടെ നാട്ടിൽ കൊറോണയുടെ രണ്ടാം വരവിന് കാരണമായത്. അത് പെട്ടെന്ന് വ്യാപിക്കുകയും ചെയ്തു. പത്തനംതിട്ടയിലായിരുന്നു ആദ്യ കേസ്. ഇന്ന് സംസ്ഥാനത്തെ മിക്ക ജില്ലകളിലും നിരവധി പേർക്ക് കോവിഡ് ബാധിച്ചതായി സ്ഥിരീകരിക്കപ്പെട്ടിരിക്കുന്നു. ആയിരക്കണക്കിന് ആളുകൾ ആശുപത്രികളിലും വീടുകളിലുമായി നിരീക്ഷണത്തിലാണ്. പരീക്ഷകൾ ഉപേക്ഷിച്ചു വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചു. സർക്കാരും ജനങ്ങളും വലിയ ജാഗ്രതയിലാണ്. പ്രതിരോധവും ജാഗ്രതയും അല്ലാതെ പരിഹാരമില്ലാത്ത ഈ മഹാമാരിയെ തടയുവാൻ മുഴുവൻ ജനങ്ങളുടെയും ശക്തമായ ജാഗ്രത ആവശ്യമാണ്. ആരോഗ്യപ്രവർത്തകരും സർക്കാർ സംവിധാനങ്ങളും നൽകുന്ന നിർദേശങ്ങൾ പാലിക്കുക തന്നെ വേണം. ഏതെങ്കിലും ഒരാളിൽ നിന്നുണ്ടാവുന്ന അലംഭാവം വലിയ പ്രത്യാഘാതങ്ങൾക്ക് കാരണമായേക്കാം എന്ന തിരിച്ചറിവാണ് നമുക്ക് ഉണ്ടാവേണ്ടത്.

യൂറോപ്പും ഇറാനും ചൈനയും ഗൾഫ് രാജ്യങ്ങളും അടക്കം വിദ്യാഭ്യാസ സ്ഥാപനങ്ങളും കമ്പനികളും റസ്റ്റോറന്റ്, പാർക്കുകൾ, മാളുകൾ, മാർക്കറ്റുകൾ, ജിംനേഷ്യം, ക്ലബ്ബുകൾ, ആരാധനാലയങ്ങൾ വിമാനത്താവളങ്ങൾ തുടങ്ങി ജനസമ്പർക്കം ഉണ്ടാവാൻ ഇടയുള്ള മുഴുവൻ ഇടങ്ങളും താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. രോഗമോ രോഗലക്ഷണമോ ഉള്ളവരിൽ നിന്ന് മാത്രമല്ല എല്ലാവരിൽനിന്നും അകലം പാലിക്കുക എന്ന സോഷ്യൽ ഡിസ്റ്റൻസിങ് ആണ് ഫലപ്രദമായ പ്രതിരോധ മാർഗം. കേരളവും അതിന്റെ ഒരു ഭാഗം നിർവഹിച്ചു എന്ന് പറയാം. കേന്ദ്രസർക്കാർ ലോക്ക് ഡൗൺ പ്രഖ്യാപിച്ചത് ഗുണകരമാകുമെന്ന് പ്രതീക്ഷിക്കാം.

കേരളജനത സർക്കാരിനോട് ആവർത്തിച്ചു ചോദിച്ചുകൊണ്ടിരിക്കുന്ന ചോദ്യങ്ങളിൽ ഒന്ന് എന്തുകൊണ്ട് മദ്യശാലകൾ അടക്കുന്നില്ല എന്നതാണ്. ബാറുകളും ബീവറേജസ് സ്ഥാപനങ്ങളും റേഷൻ കടകളെക്കാൾ തിരക്കേറിയ സ്ഥലങ്ങളാണ്. കൊറോണയെ ഞങ്ങൾക്ക് അറിയില്ല എന്ന ഭാവത്തിലാണ് മദ്യകേന്ദ്രങ്ങളിൽ കാണുന്ന തിരക്കുകൾ. മദ്യപന്മാർക്ക് പ്രതിരോധ ശേഷി കുറവായിരിക്കും എന്ന വസ്തുത അറിയാത്തവരല്ല ഭരണാധികാരികൾ. പക്ഷേ, മദ്യശാലകൾ അടച്ചിടുന്നത് ഖജനാവിന് ഉണ്ടാക്കുന്ന നഷ്ടമാണ് സർക്കാർ ഭയപ്പെടുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിട്ടാലും മദ്യശാലകൾ അടച്ചിടില്ലെന്നത് വിരോധാഭാസമല്ലേ? മദ്യത്തിനാണോ അറിവിനാണോ പ്രാധാന്യം എന്ന ചോദ്യത്തിന് പണത്തിനാണ് പ്രാധാന്യം എന്ന ഉത്തരമാണ് ലഭിക്കുന്നതെന്നർഥം! നിരന്തരമായ ആവശ്യങ്ങൾക്കൊടുവിൽ മദ്യശാലകൾ അടക്കാൻ സർക്കാർ തീരുമാനിച്ചത് സ്വാഗതാർഹമാണ്. മദ്യവിൽപനയിലൂടെ ജനങ്ങളുടെ ആരോഗ്യവും പണവും നാടിന്റെ സമാധാനവുമാണ് കൊള്ളയടിക്കപ്പെടുന്നത്.

മദ്യം തന്നെയാണ് എന്നും കേരളത്തിന്റെ പ്രധാന വരുമാനമാർഗം. കഴിഞ്ഞ സർക്കാരിനെ താഴെയിറക്കാനും പുതിയ സർക്കാർ അധികാരത്തിലെത്താനും വഴിതെളിച്ച പ്രധാനപ്പെട്ട കാര്യം മദ്യം തന്നെയായിരുന്നു. ബാർകോഴ വിവാദം ഉമ്മൻചാണ്ടി സർക്കാരിനെ പിടിച്ചുകുലുക്കിയതും ഇടതുപക്ഷം അതിനെ തെരഞ്ഞെടുപ്പിൽ ഫലപ്രദമായി ഉപയോഗിച്ചതും നാം കണ്ടതാണ്. ഞങ്ങൾ തുറക്കുക നിങ്ങൾ അടച്ച ബാറുകളല്ല, സ്കൂളുകൾ ആണ് എന്ന പരസ്യം ഇന്നും നമ്മുടെ കാതുകളിൽ മുഴങ്ങിക്കേൾക്കുന്നുണ്ട്. പുതിയ സർക്കാർ അധികാരമേറ്റിട്ട് നാ

ല് വർഷമായി. ഇക്കാലഘട്ടത്തിൽ ബാറുകളുടെ കാര്യത്തിൽ എന്ത് തീരുമാനമാണ് ഉണ്ടായിട്ടുള്ളതെന്ന് ജനങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു. ഘട്ടം ഘട്ടമായ മദ്യനിരോധനം, മദ്യവർജനം എന്നിവ മാറിമാറി വരുന്ന സർക്കാരുകൾ ജനങ്ങൾക്ക് നൽകുന്ന വാഗ്ദാനങ്ങളിൽ പെട്ടതാണ്. എന്നാൽ തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ അവർ അത് മനഃപൂർവം മറക്കാറാണ് പതിവ്. മദ്യവിൽപന കൂട്ടാനും അതിലൂടെ സർക്കാരിന്റെ വരുമാനം വർധിപ്പിക്കാനുമാണ് അധികാരത്തിലേറിയാൽ ശ്രമിക്കാറുള്ളത് എന്നത് പരസ്യമാണ്. മദ്യലഭ്യതയും വിൽപനയും കൂട്ടി മദ്യനിരോധനം എങ്ങനെ നടപ്പിലാക്കും എന്ന ചോദ്യത്തിന് ബന്ധപ്പെട്ടവർ പറയുന്ന ഉത്തരം അന്താരാഷ്ട്ര വിപണിയിൽ ക്രൂഡോയിൽ വില കുറഞ്ഞിട്ടും കേന്ദ്ര സർക്കാർ പെട്രോൾ വില കൂട്ടിയില്ലേ എന്ന ചോദ്യത്തിന് കേന്ദ്ര മന്ത്രി മുരളീധരൻ പറഞ്ഞ മറുപടിപോലെയാണ്; പറഞ്ഞയാൾക്കും കേട്ടവർക്കും ഒന്നും മനസ്സിലാകില്ല!

സർക്കാരുകളുടെ മദ്യാസക്തിയുടെ കാരണം എന്തെന്ന് മനസ്സിലാകണമെങ്കിൽ മദ്യം നമ്മുടെ സാമ്പത്തിക വ്യവസ്ഥിതിയിൽ വഹിക്കുന്ന പങ്കിനെക്കുറിച്ച് അറിയണം. 40,000 കോടി രൂപയാണ് സർക്കാരിന്റെ ഒരു വർഷത്തെ ശരാശരി തനതു നികുതി വരുമാനം. ഇതിൽ 60% ഉൽപന്ന വിൽപന വഴി വാറ്റ് നികുതിയായും ബാക്കി 40% ഇന്ധന, മദ്യവിൽപനയിലൂടെ കെജിഎസ്ടിയായും ലഭിക്കുന്നു. 40,000 കോടി രൂപയിൽ 25% തുകയും മദ്യത്തിൽനിന്നു കിട്ടുന്നതാണ്. ഇന്ധന നികുതി കഴിഞ്ഞാൽ സർക്കാരിന് ഏറ്റവും കൂടുതൽ നികുതി വരുമാനം മദ്യത്തിൽ നിന്നാണ് എന്ന് സാരം . ഇന്ധനത്തിൽനിന്നു പ്രതിവർഷം 8,000 കോടി കിട്ടുമ്പോൾ മദ്യത്തിൽ നിന്ന് 7,500 കോടിയിലേറെ രൂപ ലഭിക്കുന്നു. 2018-19ൽ മദ്യത്തിൽ നിന്നും 14,504 കോടി രൂപ ലഭിച്ചു. മദ്യത്തിൽ നിന്നുള്ള വരുമാനം പത്ത് വർഷത്തിനുള്ളിൽ ഏകദേശം മൂന്നിരട്ടിയായി ഉയർന്നു. നികുതിയേതര വരുമാനത്തിൽ വലിയപങ്കും മദ്യത്തിൽ നിന്നാണ് എന്നത് മറ്റൊരു വസ്തുത. മദ്യവരുമാനം വർഷാവർഷം കൂടിവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത് 2014-15ൽ 8277 കോടിയായിരുന്നത് 2015-16ൽ 9787 കോടിയും 2016-17ൽ 10,353ഉം 2017-18ൽ 11,024 കോടി രൂപയായിട്ടുമാണ് വരുമാനം വർധിച്ചത്. 14505 കോടി രൂപയുടെ മദ്യമാണ് 2018-19 സാമ്പത്തിക വർഷത്തിൽ കേരളം കുടിച്ചു തീർത്തത്. നടപ്പുസാമ്പത്തിക വർഷം ജനുവരി വരെ മദ്യവരുമാനത്തിലൂടെ നമ്മുടെ ഖജനാവിലേക്ക് എത്തിയത് 1880.30 കോടി രൂപയാണ്. സംസ്ഥാനത്ത് ഇപ്പോൾ 598 ബാറുകളും 357 വൈൻ-ബിയർ പാർലറുകളും ബീവറേജസ് കോർപ്പർഷന്റെ കീഴിൽ 265 ചില്ലറ വിൽപന ശാലകളും കൺസ്യൂമർ ഫെഡിന്റെ 36 വിൽപന കേന്ദ്രങ്ങളും ഉണ്ട്.

ഈ പുതുവർഷ (2020) തലേന്ന് 68.57 കോടി രൂപയുടെ മദ്യവിൽപനയാണ് നടന്നത് എന്നാണ് കണക്ക്. മദ്യം മലയാളിയുടെ ജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു എന്ന ഭീകരസത്യമാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ജനനം മുതൽ മരണം വരെയും വിവാഹം, മതാഘോഷങ്ങൾ, തെരഞ്ഞെടുപ്പ് ജയപരാജയങ്ങൾ തുടങ്ങി സന്തോഷ സന്താപഘട്ടങ്ങളിലുമെല്ലാം മദ്യം അനിവാര്യമായിത്തീർന്നിരിക്കുന്നു! അതുതന്നെയാണ് സർക്കാറിന് ഇത്രവലിയ വരുമാനം നേടിക്കൊടുക്കുന്നതും. മദ്യപാനം ഒരു തെറ്റല്ലാതെയായി മാറിയോ എന്ന് സംശയിപ്പിക്കുന്ന രീതിയിലാണ് കാര്യങ്ങൾ പോകുന്നത്. അതിന്റെ വരുമാനത്തെ പറ്റി വാചാലമാകുന്ന ഭരണകൂടം അതുണ്ടാക്കുന്ന ദുരന്തങ്ങൾക്ക് മുന്നിൽ മൗനം പാലിക്കുന്നു.

കഴിഞ്ഞവർഷം മാർച്ച് 10ന് ആലപ്പുഴ ജില്ലയിലെ പൂച്ചാക്കലിൽ സ്‌കൂൾ വിദ്യാഥികൾക്കിടയിലേക്ക് കാർ പാഞ്ഞുകയറി നിരവധി വിദ്യാർഥിനികൾക്ക് പരുക്ക് പറ്റി. കാർ ഓടിച്ചിരുന്നയാൾ മദ്യപിച്ചിരുന്നു എന്ന് കുറ്റസമ്മതം നടത്തി. കഴിഞ്ഞ വർഷം ആഗ



സ്റ്റ് മാസത്തിലാണ് തിരുവനന്തപുരത്ത് മാധ്യമപ്രവർത്തകൻ ബഷീർ വാഹനാപകടത്തിൽ മരിച്ചത്. സർവേ ഡയറക്ടർ ശ്രീറാം വെങ്കിട്ടരാമൻ മദ്യലഹരിയിൽ ഓടിച്ച കാർ ഇടിച്ചായിരുന്നു ബഷീർ മരിച്ചത്. സാധാരണക്കാരൻ മുതൽ ഉന്നത ഉദ്യോഗസ്ഥർ വരെ മദ്യത്തിന് അടിമകളാണ്. നിയമം അനുസരിക്കേണ്ടവരും നിയമം നടപ്പിലാക്കാൻ ബാധ്യസ്ഥരായ ഉന്നത ഉദ്യോഗസ്ഥരും നിയമപാലകരും അടക്കം മദ്യാസക്തിയിൽ നിയമം കാറ്റിൽ പറത്തുന്ന ദുരന്തത്തിന് നാം പലവുരു സാക്ഷിയായതാണ്. മദ്യം വില്ലനായ വാഹനാപകടങ്ങളിൽ നിരവധി ജീവനുകളാണ് ദിനേന പൊലിഞ്ഞുവീഴുന്നത്. നൂറുകണക്കിന് കുടുംബിനികൾ കുടുംബകോടതി കയറിയിറങ്ങുന്നതിലും വില്ലൻ മദ്യം തന്നെ.

മദ്യപരുടെ പീഡനങ്ങൾ സഹിച്ച് നരകയാതന അനുഭവിക്കുന്ന അനേകം സഹോദരിമാർ നമുക്ക് ചുറ്റുമില്ലേ? പിതാവിന്റെ മദ്യപാനം കുട്ടികളുടെ മാനസികാവസ്ഥയെ സാരമായി ബാധിക്കുകയും അവരുടെ ഭാവി ഇരുളടഞ്ഞതാക്കുകയും ചെയ്യുന്നു എന്നത് നമുക്കറിയുന്ന യാഥാർഥ്യമല്ലേ? കൊലപാതകവും കൊള്ളയും കവർച്ചയും കള്ളക്കടത്തും അക്രമങ്ങളും തുടങ്ങി നാടിന്റെ സമാധാനത്തിന് വിലങ്ങുതടിയാവുന്ന നിരവധി പ്രശ്നങ്ങൾക്കും മദ്യം കാരണമായിത്തത്തീരുന്നു. നൂറുകണക്കിന് ആരോഗ്യപ്രശ്നങ്ങൾക്കും മദ്യപാനം കാരണമാകുന്നു. ജോലിചെയ്ത് കിട്ടുന്ന കൂലിയുടെ ബഹുഭൂരിപക്ഷവും മദ്യത്തിന് വേണ്ടി ചെലവഴിക്കുന്നവരുടെ കുടുംബങ്ങൾ അനുഭവിക്കുന്ന സാമ്പത്തിക പ്രതിസന്ധികൾ വേറെയും. ലഹരിവിമുക്തി ബോധവൽക്കരണത്തിനായി വർഷംതോറും കോടികളാണ് സർക്കാർ ചെലവഴിക്കുന്നത്. ചെറുതും വലുതുമായ ധാരാളം സാമൂഹിക പ്രശ്നങ്ങൾക്ക് മദ്യം കാരണമായിത്തീരുന്നു എന്ന് വ്യക്തം. മനുഷ്യനെ മുച്ചൂടും മുടിക്കുന്ന മദ്യമെന്ന ദുരന്തത്തെ ദൂരെയെറിയാൻ വിവേകമുള്ളവർക്ക് സാധിക്കണം. മദ്യത്തിൽ നിന്ന് ലഭിക്കുന്ന വരുമാനത്തോടൊപ്പം അതിലൂടെ നഷ്ടമാകുന്ന സമ്പത്ത്, ജീവൻ, സമാധാനം എന്നിവയെ കുറിച്ചുകൂടി ചിന്തിക്കാൻ വിവേകമതികൾ തയ്യാറാവണം.

തങ്ങളെ അധികാരത്തിലെത്തിച്ച ജനങ്ങളുടെ ആരോഗ്യവും പണവും സൈ്വര്യജീവിതവും ഇല്ലാതാക്കുന്ന മദ്യത്തെ വരുമാനമാർഗമായി കാണാൻ ഭരണാധികാരികൾക്ക് സാധിക്കുന്നു എന്നത് അത്ഭുതകരമാണ്. സർക്കാരിന്റെ പ്രധാന വരുമാനമാർഗം ചൂഷണാധിഷ്ഠിതമായിക്കൂടാ. ചൂഷണാധിഷ്ഠിതമായ സമ്പദ്വ്യവസ്ഥയിൽ നിന്നും നിർമാണാത്മക സമ്പദ്വ്യവസ്ഥയിലേക്ക് നമുക്ക് എന്തുകൊണ്ട് മാറിക്കൂടാ? കേരളീയ സമൂഹം സഗൗരവം ആലോചിക്കേണ്ട ഒരു കാര്യം തന്നെയാണിത്. കേരത്തിന്റെ മുഴുവൻ വിഭവ ശേഷികളും ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്ന പദ്ധതികൾ ഉണ്ടാവണം. വിവരസാങ്കേതിക വിദ്യയുടെ ഇന്നിന്റെ ലോകത്ത് ഇത് കൂടുതൽ ഫലപ്രദമാണ് താനും. ഇത് നമ്മുടെ സമ്പദ്വ്യവസ്ഥയെ പോഷിപ്പിക്കും എന്നതിൽ തർക്കമില്ല. മലയാളികളുടെ ക്രിയാശേഷിയെ പോസിറ്റിവ് ആയി ഉപയോഗിക്കാനും സാധിക്കും. സാമ്പത്തിക വളർച്ചയോടൊപ്പം അക്രമങ്ങൾ, റോഡപകടങ്ങൾ, ആരോഗ്യ പ്രശ്നങ്ങൾ, കുടുംബ തകർച്ചകൾ, കുട്ടികളുടെ മാനസിക പ്രശ്നങ്ങൾ തുടങ്ങിയ പല സാമൂഹിക പ്രശ്നങ്ങളെയും ഇല്ലാതാക്കാൻ ഇതിലൂടെ സാധ്യമാവും.

മനുഷ്യർ കൊറോണയുടെ ഭീതിയിൽ രക്ഷാമാർഗങ്ങൾ തേടിക്കൊണ്ടിരിക്കുന്ന കാലത്തും മദ്യവരുമാനം നഷ്ടപ്പെടുത്തിക്കൂടാ എന്ന ഭരണാധികാരികളുടെ നിലപാട് -എന്തൊക്ക ന്യായീകരണമുണ്ടെങ്കിലും-ശരിയല്ല എന്നാണ് പറയാനുള്ളത്. മദ്യനിരോധനം നടപ്പിലാക്കണം എന്ന ആവശ്യം കാലങ്ങളായി സമൂഹത്തിൽനിന്ന് ഉയർന്നുകൊണ്ടിരിക്കുന്നു. അത് കേട്ടഭാവം പോലും നടിക്കുന്നില്ല മാറിമാറി വരുന്ന ഭരണകൂടങ്ങൾ.

കൊറോണ കാലത്ത് ആദ്യം അടക്കേണ്ടത് മദ്യശാലകൾ ആണെന്ന കാര്യത്തിൽ ആർക്കും സംശയം ഇല്ല. ഒടുവിൽ ഇത് അംഗീകരിക്കാൻ സർക്കാരും തീരുമാനിച്ചിരിക്കുകയാണ്. ബാറുകളും കള്ളുഷാപ്പുകളും ബീവർജസ് സ്റ്റോറുകളും കൺസ്യൂമർ ഫെഡ് സ്റ്റോറുകളും അടക്കം മദ്യം ലഭ്യമാകുന്ന മുഴുവൻ കേന്ദ്രങ്ങൾക്കും പൂട്ട് വീണിരിക്കുകയാണ്. അടക്കാതിരിക്കാൻ പറഞ്ഞ ന്യായീകരണങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു എങ്കിലും മദ്യത്തിന് പൂർണ നിരോധനം ഈ ന്യായീകരണങ്ങൾ എല്ലാം കള്ളങ്ങളായിരുന്നു എന്നതിനുള്ള തെളിവ് കൂടിയാണ്; മദ്യവർജനമോ നിരോധനമോ സാധ്യമാണെന്ന സാക്ഷ്യവും. ഇത് ഒരു തുടക്കമാവട്ടെ, മഹാമാരിയുടെ മറവിൽ മറ്റ് ലഹരി വസ്തുക്കൾ അനധികൃതമായി നാട്ടിൽ വിതരണം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്താനും ഭരണകൂടം ജാഗ്രത കാണിക്കണം. ലഹരി മുക്ത കേരളം എന്നത് യാഥാർഥ്യമാക്കാൻ ഇനിയെങ്കിലും ഭരണകൂടം ആർജവം കാണിക്കണം.

അഷ്‌റഫ് എകരൂല്‍
ashrafekarul@gmail.com

ലേഖനം




# കൊറോണ കാലത്തെ ഗൃഹവാസം

ആധുനിക കാലം നമ്മില്‍നിന്ന് കവര്‍ന്നെടുത്ത അമൂല്യമായ ഒന്നാണ് വീടുകളില്‍ ചെലവഴിക്കാന്‍ മാത്രം മതിയായ ഒഴിവ് സമയം. ഇന്ന് ലോകത്തിന്റെ പലഭാഗത്തുള്ളവര്‍ക്കും അത് തിരികെ ലഭിച്ചിരിക്കുന്നു. കൊറോണ നമ്മെ വീട്ടുതടങ്കലില്‍ നിര്‍ത്തുമ്പോള്‍ അത് പല നല്ല കാര്യങ്ങള്‍ക്കുമുള്ള പരിശീലന കാലമായി വിശ്വാസികള്‍ക്ക് എടുക്കാവുന്നതാണ്. 'നിങ്ങള്‍ വെറുക്കുന്ന ഒരു കാര്യം നിങ്ങള്‍ക്ക് ഗുണകരമായേക്കാം' എന്ന അല്ലാഹുവിന്റെ സന്തോഷവാര്‍ത്തയും 'ആകയാല്‍ നിനക്ക് ഒഴിവ് കിട്ടിയാല്‍ നീ അധ്വാനിക്കുക. നിന്റെ രക്ഷിതാവിലേക്ക് തന്നെ നിന്റെ ആഗ്രഹം സമര്‍പ്പിക്കുകയും ചെയ്യുക' (ക്വുര്‍ആന്‍ 94:7,8) എന്ന അല്ലാഹുവിന്റെ കല്‍പനയും ഇവിടെ നമ്മള്‍ ഓര്‍ക്കുക.

'ഏതൊരു നല്ല ദുരന്തത്തെയും നാം പാഴാക്കി കളയരുത്' (We Never Waste a good crisis) എന്ന വിൻസൻ ചർച്ചിലിന്റെ പ്രസിദ്ധ വചനം പലരും ഇപ്പോൾ ഉദ്ധരിക്കുന്നുണ്ട്. പല നാടുകളിലും ആരോഗ്യപ്രവർത്തകർ ആളുകളോട് വീടുകളിൽ ഇരിക്കാൻ നിർദേശിക്കുന്നു. പാഠശാലകളും തൊഴിലിടങ്ങളും ആരാധനാലയങ്ങളിലെ സംഘടിത പ്രാർഥനകൾപോലും നിർത്തിവച്ച് പുറത്തിറങ്ങാതെ 'സാമൂഹ്യ അകൽച്ച' പുലർത്തി കൊറോണയെ പ്രതിരോധിക്കാൻ കൽപിക്കുന്നു. ഈ സന്ദർഭത്തിൽ വീടുകൾക്കുള്ളിൽ സമയം കഴിച്ചുകൂട്ടുന്ന വിശ്വാസികൾ ഈ ദുരന്ത-പരീക്ഷണ കാലത്തെ ക്രിയാത്മകമായി ഉപയോഗിക്കാവുന്ന ഇസ്‌ലാമികാധ്യാപനങ്ങളെക്കുറിച്ച ചിന്തകൾക്കും പഠനങ്ങൾക്കും പ്രസക്തിയുണ്ട്.

### വീടുകളെ പള്ളികളാക്കുക

ഇസ്‌റാഈൽ സമൂഹത്തിന് പുറത്തിറങ്ങാൻ പറ്റാത്തവിധം ഫിർഔനിന്റെയും ആൾക്കാരുടെയും പീഡനങ്ങൾ വ്യാപകമായപ്പോൾ അല്ലാഹു മൂസാനബി(ﷺ)ക്കും ഹാറൂൻ നബി(ﷺ)ക്കും നൽകിയ നിർദേശം ഇപ്രകാരമായിരുന്നു: "മൂസായ്ക്കും അദ്ദേഹത്തിന്റെ സഹോദരന്നും നാം ഇപ്രകാരം സന്ദേശം നൽകി: നിങ്ങൾ രണ്ടുപേരും നിങ്ങളുടെ ആളുകൾക്ക് വേണ്ടി ഈജിപ്തിൽ (പ്രത്യേകം) വീടുകൾ സൗകര്യപ്പെടുത്തുകയും നിങ്ങളുടെ വീടുകൾ ക്വിബ്‌ലയാക്കുകയും നിങ്ങൾ നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക. സത്യവിശ്വാസികൾക്ക് നീ സന്തോഷവാർത്ത അറിയിക്കുക" (ക്വുർആൻ 10:87).

വീടുകളെ നമസ്കാര സ്ഥലമായി സ്വീകരിക്കാനാണ് 'ക്വിബ്‌ലയാക്കുക' എന്നത് കൊണ്ട് ഉദ്ദേശമെന്ന് തഫ്സീറുകളിൽ കാണാം. ഇതുപോലെ കടുത്ത തണുപ്പോ ശക്തമായ മഴയോ ഉണ്ടാകുമ്പോൾ അല്ലാഹുവിന്റെ പ്രവാചകൻ(ﷺ) 'സ്വല്ലൂ ഫീ രിഹാലിക്കും' (നിങ്ങൾ നിങ്ങളുടെ വീടുകളിൽ നിന്ന് നമസ്കരിച്ച് കൊള്ളുക) എന്ന് ബാങ്കിനോടൊപ്പം വിളിച്ച് പറയാൻ ബാങ്ക് വിളിക്കുന്നവരോട് കൽപിക്കാറുണ്ടായിരുന്നുവെന്ന് ഒന്നിലധികം ഹദീഥുകളിൽ വന്നിട്ടുണ്ട് (ബുഖാരി, മുസ്‌ലിം).

ഇന്നിതാ ചരിത്രത്തിന്റെ ആവർത്തനമുണ്ടായിരിക്കുന്നു. കുവൈത്തടക്കം പലരാജ്യങ്ങളും പള്ളിയിലെ സംഘടിത നമസ്കാരം നിർത്തിവച്ചുകൊണ്ട് ബാങ്കിൽ ഈ പദം ചേർത്ത് പറയുന്നു. വീടുകളിൽ ഒരു പ്രാർഥനാസ്ഥലം പ്രത്യേകമായി സ്വീകരിക്കുന്ന പതിവ് (വീട്ടിലെ പള്ളി) റസൂലിന്റെ കാലത്തും തുടർന്നും സലഫുകൾ നിലനിർത്തിയിരുന്നു. ഒരിക്കൽ ഒരു സ്വഹാബി വന്നുകൊണ്ട് നബി(ﷺ)യോട് ആവശ്യപ്പെട്ടു: "അല്ലാഹുവിന്റെ ദൂതരേ, എന്റെ കാഴ്ച മങ്ങിത്തുടങ്ങി. ശക്തമായ മഴയും വെള്ളമൊലിപ്പും എന്റെ പള്ളിയിലേക്കുള്ള വഴി തടസ്സപ്പെടുത്തി. അങ്ങ് ഒന്ന് എന്റെ വീട്ടിൽ വന്ന് ഒരിടത്ത് നിന്ന് നമസ്കരിച്ചാൽ അവിടം എനിക്ക് പള്ളിയായി (എന്റെ നമസ്കാരസ്ഥലമായി) സ്വീകരിക്കാമായിരുന്നു." നബി(ﷺ) പറഞ്ഞു: "ഇൻശാ അല്ലാഹ്, ഞാൻ അങ്ങനെ ചെയ്യാം'' (ബുഖാരി, മുസ്‌ലിം).

മാത്രവുമല്ല നിർബന്ധമല്ലാത്ത നമസ്കാരങ്ങൾ വിടുകളിൽവച്ചാകണം എന്ന് നബി(ﷺ) കൽപിക്കാറുണ്ടായിരുന്നു. 'നിങ്ങൾ വീടുകളിൽ വെച്ച് നമസ്കരിക്കാൻ ശ്രമിക്കണം; കാരണം നിർബന്ധ നമസ്കാരങ്ങളല്ലാത്തവയിൽനിന്നും വീട്ടിൽവച്ചുള്ളതാണ് ഏറ്റവും ഉത്തമമായ നമസ്കാരങ്ങൾ" (ബുഖാരി, മുസ്‌ലിം).

ഈ പരീക്ഷണഘട്ടം ഇതിനെയെല്ലാം പൂർവാധികം സജീവമാക്കാൻ പറ്റിയ അവസരമാണ്. കൂടാതെ അഞ്ചുനേരത്തെ ഫർള് നമസ്കാരങ്ങൾ കുടുംബസമേതം എല്ലാവരും ഒന്നിച്ച് ജമാഅത്തായി നിർവഹിക്കുക മൂലം സ്ത്രീകൾക്കും കുട്ടികൾക്കുമെല്ലാം ഫർള് നമസ്കാരത്തിന്റെ രീതിയും മര്യാദകളും മനസ്സിലാക്കുവാനും അതിന്റെ മാഹാത്മ്യം ഉൾക്കൊള്ളുവാനും സാധിക്കും. അങ്ങനെ വീടിനെ ബാങ്കും ഇക്വാമത്തും ജമാഅത്തും തുടർന്നുള്ള റവാത്തിബ് സുന്നത്തുകളുമെല്ലാം കൃത്യതയോടെ നടക്കുന്ന ഒരു ഇടമാക്കി മാറ്റുക. അതിനായി അല്ലാഹു നൽകിയ അമൂല്യമായ അവസരമാണിതെന്ന് മനസ്സിലാക്കിയാൽ വിശ്വാസത്തിന് അത് വെളിച്ചം വർധിപ്പിക്കും.



## ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കൽ

തിരക്കുപിടിച്ച ജീവിതത്തിനിടയിൽ ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കാൻ അവസരം കുറവാണ് ഇന്ന് പല അണു കുടുംബങ്ങൾക്കും. മതപ്രബോധന രംഗത്തുള്ളവർക്ക് പോലും ഇത് പലപ്പോഴും കിട്ടാക്കനിയാണ്. ജോലി, പാഠശാലകളിലെ വ്യത്യസ്ത സമയക്രമം എന്നിവകൊണ്ടെല്ലാം ഒറ്റതിരിഞ്ഞ് ഭക്ഷിക്കാൻ പലരും നിർബന്ധിതരാകുന്നു. ഇതുമൂലം ഒന്നിച്ചിരുന്ന് കഴിക്കുന്നതിന്റെ അനുഗ്രഹം ആസ്വദിക്കാൻ പലർക്കും കഴിയാതെ പോവുകയും കുട്ടികൾക്ക് ഭക്ഷണ മര്യാദകൾ ശീലിക്കാനുള്ള നല്ല അവസരങ്ങൾ കിട്ടാതാവുകയും ചെയ്യുന്നു. ഈ വിടവ് നികത്താൻ പറ്റിയ നല്ലകാലമാണ് ഈ 'ഗൃഹതടവറ' കാലം; പ്രത്യേകിച്ച് പ്രവാസികൾക്ക്.

ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കണം. ഇതിൽ ഒട്ടനവധി നേട്ടങ്ങളുണ്ടെന്ന് അല്ലാഹുവിന്റെ പ്രവാചകൻﷺ പഠിപ്പിച്ചിട്ടുണ്ട്. പ്രവാചകാനുചരനായ വഹ്ശി ഇബ്നു ഹർബിൽ(റ)നിന്ന് നിവേദനം: "സ്വഹാബികളിൽ ചിലർവന്ന് നബിﷺയോട് ചോദിച്ചു: 'അല്ലാഹുവിന്റെ പ്രവാചകരേ, ഞങ്ങൾ ഭക്ഷിക്കുന്നു; പക്ഷേ, ഞങ്ങൾക്ക് വിശപ്പടങ്ങുന്നില്ല.' നബിﷺ അവരോട് ചോദിച്ചു: 'നിങ്ങൾ ഒറ്റതിരിഞ്ഞാണോ കഴിക്കാറുള്ളത്?' 'അതെ'-അവർ പറഞ്ഞു. നബിﷺ അവരോട് പറഞ്ഞു: 'നിങ്ങൾ ഒന്നിച്ചിരുന്ന് കഴിക്കുക. അല്ലാഹുവിന്റെ നാമം സ്മരിക്കുക. അവന്റെ അനുഗ്രഹം ഉണ്ടാകും നിങ്ങൾക്ക്' (ഇബ്നുഹിബ്ബാൻ).

ഇബ്നുഉമർ(റ) ഉദ്ധരിക്കുന്ന മറ്റൊരു ഹദീഥിൽ ഇങ്ങനെ കാണാം; നബിﷺ പറഞ്ഞു: "നിങ്ങൾ സംഘമായി കഴിക്കുക; ഒറ്റതിരിഞ്ഞാവരുത്. നിങ്ങളിൽ ഒരാളുടെ ഭക്ഷണം രണ്ടാൾക്കും രണ്ടാളുടെ ഭക്ഷണം നാലാൾക്കും മതിയാവുന്നതാണ്" (സ്വഹീഹുതർഗീബ്).

ഇത്തരം സന്ദർഭങ്ങളിലാണ് പ്രായോഗിക പരിശീലനം സാധ്യമാകുന്നത്. നബിﷺയുടെ വീട്ടിലെ അംഗമായ അംറുബ്നു അബീസലമ(റ) പറയുകയാണ്: "ഞാൻ നബിﷺയുടെ വീട്ടിലായിരുന്നു വളർന്നത്. എന്റെ കൈകൾ ഭക്ഷണത്തളികകളിൽ ഓടിനടക്കുമായിരുന്നു. അപ്പോൾ നബിﷺ പറഞ്ഞു: 'കുട്ടീ! നീ അടുത്ത് ഇരിക്കൂ! വലത് കൈകൊണ്ട് തിന്നൂ! ബിസ്മി ചൊല്ലണം; നിന്റെ മുമ്പിൽ നിന്ന് തിന്നുക.' ശേഷം എന്റെ ഭക്ഷണ രീതി അങ്ങനെയായിരുന്നു" (ബുഖാരി).



ഇത് കുടുംബാംഗങ്ങളെല്ലാം ഒന്നിച്ചിരുന്ന് ഭക്ഷിക്കുന്നതിലൂടെ കിട്ടുന്ന ഗുണമാണ്. അതിനാൽ ഒന്നിച്ചുള്ള നമസ്കാരത്തിന് സമയക്രമം ഉണ്ടാകുന്നതുപോലെ ഭക്ഷണത്തിനും ഒരു ഏകീകൃത സമയക്രമം നിലനിർത്താൻ നാം ശ്രദ്ധിക്കണം. അവസരങ്ങൾ ആവർത്തിച്ച് വരണമെന്നില്ല.

## കുടുംബാംഗങ്ങളോടൊപ്പം വിനോദങ്ങളിൽ ഏർപ്പെടുക

ഭാര്യാഭർത്താക്കന്മാർക്കിടയിൽ ബന്ധങ്ങളിൽ വരൾച്ചയും അകൽച്ചയും വർധിക്കാനുള്ള പ്രധാന കാരണം സ്വകാര്യ സമയങ്ങളുടെ അഭാവമാണ്. മനസ്സുതുറന്ന് സല്ലപിക്കാനും സംസാരിക്കാനും കളിതമാശകളിൽ ഏർപെടാനും തിരക്കുകൾക്കിടയിൽ പലർക്കും സമയം കിട്ടുന്നില്ല. തന്മൂലം നാം തികച്ചും ഒരു തരം 'ഒഫീഷ്യൽ കമ്മ്യൂണിക്കേഷനിൽ' കെട്ടിമറിയുന്നു എന്നതാണ് വാസ്തവം. ഇത് ഇല്ലാതാക്കുവാൻ ഈ അവസരം ഉപയോഗിക്കാവുന്നതാണ്.


ഇണകൾക്കിടയിലെ പ്രണയത്തിന് പ്രായംവ്യത്യാസം തടസ്സമല്ല എന്നതാണ് സത്യം. തന്റെ പ്രിയപത്നി ആഇശ(റ)യോടൊപ്പം ഓട്ടപ്പന്തയത്തിലേർപെടുമ്പോൾ ഭർത്താവായ നബിﷺയുടെ വയസ്സ് 53ന് മുകളിലായിരുന്നു എന്നത് ഓർക്കുക. ഇണകൾ തമ്മിലുള്ള സല്ലാപം നന്മകൾ നിറഞ്ഞ വിനോദമാണെന്ന്

പഠിപ്പിച്ച മതമാണ് ഇസ്‌ലാം. സോഷ്യൽ മീഡിയകളിലെ ഇമോജികളിൽ ഒതുങ്ങുന്ന വൈകാരിക പ്രകടനങ്ങളെ മാറ്റിവച്ച് മനസ്സും മനസ്സും ശരീരവും ശരീരവും 'കമ്യൂണിക്കേറ്റ്' ചെയ്യാവുന്ന തലത്തിലേക്ക് ഈ അവസരങ്ങളെ ഉപയോഗിക്കാനുള്ള മനഃപൂർവ ശ്രമങ്ങൾ ഉണ്ടായിരിക്കണം.

അതുപോലെ മക്കൾ തമ്മിലും മതാപിതാക്കളും മക്കളും തമ്മിലും സാധ്യമായ വിധത്തിലുള്ള വിനോദങ്ങളിലേർപെടുകയും ചെയ്യാം. നബിﷺ ഹസൻ﵁, ഹുസൈൻ﵁ എന്നീ പേരക്കുട്ടികളോടൊപ്പം ആന കളിക്കുന്ന ചരിത്രം നമ്മെ പഠിപ്പിക്കുന്നത് എത്രവലിയവർക്കും ഇതൊക്കെ സാധ്യമാകണമെന്ന് തന്നെയല്ലേ? ഫ്ളാറ്റുകളിലായാലും വില്ലകളിലായാലും പറ്റാവുന്ന മത്സരങ്ങളും വിനോദങ്ങളും സാധ്യമാക്കുന്നതിലൂടെ കുടുംബാംഗങ്ങൾക്കിടയിലുള്ള വ്യക്തിബന്ധങ്ങൾ സുദൃഢമാവുകയും പരസ്പരം സംസാരങ്ങളും ആശയകൈമാറ്റങ്ങളും സാധ്യമാവുകയും ചെയ്യും. വീടുകൾ മുകമാവുന്നത് ഇതിന്റെ അഭാവത്താലാണ്.

## വ്യായാമങ്ങളിൽ ഏർപെടുക

ആരോഗ്യസംരക്ഷണത്തിനും രോഗപ്രതിരോധത്തിനും കർമനിരതമായ ദിനങ്ങൾക്കും അനിവാര്യമായ ഒന്നാണ് വ്യായാമം. ഈ ഒഴിവ് വേളകളിൽ ഉള്ള സൗകര്യങ്ങളിൽ ചെയ്യാവുന്ന വ്യായാമങ്ങൾ തെരഞ്ഞെടുക്കുന്നതും അതിൽ ഏർപെടുന്നതും അഭികാമ്യമാണ്. ജോലിത്തിരക്കും അതിനെത്തുടർന്നുണ്ടാകുന്ന ക്ഷീണവുമെല്ലാമാണ് അധികമാളുകളെയും വ്യായാമത്തിൽനിന്നു തടയുന്നത്. എന്നാൽ ഈ ഒഴിവു കാലം അലസമായി തീർന്നുപോകാതിരിക്കാനും ബോറടിക്കാതിരിക്കാനും ആരാധനകളും മറ്റുകാര്യങ്ങളും ഉൻമേഷത്തോടെ നിർവഹിക്കാനും വ്യായാമം സഹായിക്കും. ശക്തനായ വിശ്വാസിയാണ് ദുർബലനായ വിശ്വാസിയെക്കാൾ ഉത്തമനെന്ന നബിവചനം ഓർക്കുക.



അലസതയിൽനിന്ന് രക്ഷചോദിക്കുന്ന പ്രാർഥനകൾ പഠിപ്പിച്ച പ്രവാചകൻﷺ കർമനിരതരാവാൻ കൂടി നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ആയതിനാൽ ഉറങ്ങിയും വാട്സാപ്പിൽ പരതിയും ഫേസ്ബുക്കിൽകണ്ണോടിച്ചും സമയം നഷ്ടപ്പെടുത്താതിരിക്കുക. ഒരു പാട് നല്ല കാര്യങ്ങൾ ചെയ്യാൻ വീണുകിട്ടിയ സന്ദർഭമാണിത്.

## പഠനകാലം

വായനയും പഠനവും വിശ്വാസിയുടെ ജീവിതത്തിൽ നിന്ന് വേർപെടുത്താൻ കഴിയാത്ത ദിനചര്യകളിൽ പെട്ടതാണെന്ന് പഠിപ്പിക്കുന്നു ഇസ്‌ലാം. പക്ഷേ, നമുക്കതിന് പലപ്പോഴും സാധിക്കാത്തത് സമയക്കുറവും ജോലിത്തിരക്കും പുറമെ 'ഫ്രീ'യാവാത്ത മനസ്സും കൊണ്ടാണ്. ഇപ്പോൾ എല്ലാം ശാന്തം. ഒഴിവുകിട്ടിയാൽ വായിക്കാനും പഠിക്കാനും എന്റെ ഈമാൻ വർധിപ്പിക്കാനും ഞാനൊരുക്കമാണെന്ന് പലപ്പോഴും നാം പറഞ്ഞിട്ടുണ്ടാവും. അല്ലാഹു അത് കേൾക്കാതിരിക്കില്ലല്ലോ. അവൻ പരീക്ഷണാർഥം നമുക്ക് തന്നതായിരിക്കണം ഈ ഒഴിവ് വേളകൾ. ക്വുർആൻ ഓതാനും പരിഭാഷകൾ വായിക്കാനും നല്ല പുസ്തകങ്ങൾ മറിച്ച് നോക്കാനും പറ്റിയ ഒരു ഇടവേളയാണിത്. വിദ്യാലയങ്ങൾ പൂട്ടിയതിനാൽ മക്കളുടെ പഠനം നിലയ്ക്കുന്നില്ലെന്ന് നാം ഉറപ്പുവരുത്തണം. ഫോണിനോടും ടാബുകളോടുമുള്ള അമിതഭ്രമം വെടിയാം.

എല്ലാം ഒന്ന് ക്രമീകരിച്ചാൽ കൊറോണകാലത്തെ ഗൃഹവാസം വിജ്ഞാനപരവും വിനോദപൂർണവും ഭക്തിസാന്ദ്രവുമാക്കാമെന്നർഥം.

**4) ഭൗതിക മാർഗങ്ങൾ സ്വീകരിക്കുക**

അല്ലാഹു പറയുന്നു: "നിങ്ങളുടെ കൈകളെ നിങ്ങൾ തന്നെ നാശത്തിൽ തള്ളിക്കളയരുത്" (ക്വുർആൻ 2:195).

നബിﷺ പറഞ്ഞു: "നിങ്ങൾ കുഷ്ഠരോഗിയുടെ അടുക്കൽ നിന്നും സിംഹത്തിന്റെ അടുക്കൽ നിന്ന് എന്നപോലെ ഓടുക."

"ഒരു സ്ഥലത്ത് പകർച്ചവ്യാധിയുണ്ടെന്ന് കേട്ടാൽ അങ്ങോട്ട് പോകരുത്. നീ താമസിക്കുന്നേടത്ത് അത്തരം രോഗം വന്നാൽ അവിടെ നിന്ന് പുറത്ത് പോവുകയുമരുത്."

അതിനാൽ ഭൗതികമായ മുൻകരുതലുകൾ സ്വീകരിക്കലും വിശ്വാസിക്ക് നിർബന്ധമാണ്.

**5) കൃത്യമായ സ്രോതസ്സുകളിൽ നിന്ന് വിവരമറിയുക, വ്യാജവാർത്ത പരത്താതിരിക്കുക**

അല്ലാഹു പറയുന്നു: "സമാധാനവുമായോ (യുദ്ധ)ഭീതിയുമായോ ബന്ധപ്പെട്ട വല്ല വാർത്തയും അവർക്ക് വന്നുകിട്ടിയാൽ അവരത് പ്രചരിപ്പിക്കുകയായി. അവരത് റസൂലിന്റെയും അവരിലെ കാര്യവിവരമുള്ളവരുടെയും തീരുമാനത്തിന് വിട്ടിരുന്നുവെങ്കിൽ അവരുടെ കൂട്ടത്തിൽ നിന്ന് നിരീക്ഷിച്ച് മനസ്സിലാക്കാൻ കഴിവുള്ളവർ അതിന്റെ യാഥാർഥ്യം മനസ്സിലാക്കിക്കൊള്ളുമായിരുന്നു" (ക്വുർആൻ 4:83).

അതിനാൽ അറിവുള്ളവരിലേക്ക് കാര്യങ്ങൾ വിടുകയും കൃത്യമായ സ്രോതസ്സുകളിൽ നിന്ന് അറിവ് സ്വീകരിക്കുകയും വേണം. ദീനും ദുൻയാവും കളങ്കപ്പെടുംവിധം കേട്ടതുമുഴുവൻ പ്രചരിപ്പിക്കുന്ന ഉച്ചഭാഷിണിയാവാതിരിക്കാൻ ശ്രദ്ധിക്കണം.

**6) പ്രാർഥന**

വിശ്വാസിക്ക് ഒഴിച്ചുകൂടാനാവാത്ത ഒന്നാണു പ്രാർഥന. 'പ്രാർഥന അതുതന്നെയാണു ആരാധന' എന്നാണല്ലോ നബിﷺ പഠിപ്പിച്ചത്.

രോഗങ്ങളുടെ സമയത്തെ പ്രാർഥന രണ്ട് വിധത്തിലാണ്:

1) പ്രയാസങ്ങൾ ദൂരികരിച്ച് തരുവാൻ പൊതുവായുള്ള പ്രാർഥന. 'അല്ലാഹുവേ, ഈ പരീക്ഷണത്തിൽ നിന്ന് ഞങ്ങളെ രക്ഷിക്കേണമേ.. രോഗങ്ങളിൽ നിന്ന് ഞങ്ങളെ കാക്കേണമേ...' എന്നിങ്ങനെയുള്ളവ. ഇമാം ബുഖാരി (റഹി) തന്റെ സ്വഹീഹിലെ ഒരു അധ്യായത്തിനു 'വേദനയും മഹാമാരിയും നീങ്ങാനുള്ള പ്രാർഥനയുടെ അധ്യായം' എന്നാണു നാമകരണം ചെയ്തത്.

ഇമാം നസാഈയിൽ 'വേദന മാറാനുള്ള പ്രാർഥനയുടെ അധ്യായം' എന്നൊരു അധ്യായം കാണാം.

ഇവയിൽ നബിﷺ മദീനയിയെ ബാധിച്ച പനിയെ അവിടുന്ന് നീക്കുവാൻ വേണ്ടി പ്രാർഥിച്ചത് കാണാം.

2) ഏത് രോഗമാണോ അതിൽനിന്ന് പ്രത്യേകം രക്ഷ തേടുന്ന പ്രാർഥന: അത് മൂന്ന് തരത്തിലാണ്.

1) സൂറത്തുൽ ഫലക്, സൂറത്തുന്നാസ് എന്നിവ പാരായണം ചെയ്യൽ. പ്രവാചകൻﷺ പറഞ്ഞു: "ഇവ രണ്ട് കൊണ്ടും രക്ഷതേടുന്നത് പോലെ മറ്റൊന്നുകൊണ്ടും ഒരാളും രക്ഷതേടിയിട്ടില്ല" (അബൂദാവൂദ്, നസാഈ).

അഥവാ ഒരാൾ എന്തിനെയെങ്കിലും ഭയപ്പെട്ടാൽ അതിൽ നിന്ന് രക്ഷനേടുവാൻ അല്ലാഹുവിനോട് തേടിക്കൊണ്ട് ഈ രണ്ടു സൂറത്തുകളും പാരായണം ചെയ്യണം. ആ ഭയപ്പെടുന്ന കാര്യങ്ങളിൽ ഈ രോഗവും ഉൾപ്പെടും.

2) അബൂദാവൂദ് ഉദ്ധരിച്ച, പ്രവാചകൻﷺ ചൊല്ലാറുണ്ടായിരുന്ന ഒരു പ്രാർഥന:

"അല്ലാഹുവേ, വെള്ളപ്പാണ്ടിൽനിന്നും ഭ്രാന്തിൽനിന്നും കുഷ്ഠരോഗത്തിൽ നിന്നും (മറ്റ്) പ്രയാസമേറിയ രോഗങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷ ചോദിക്കുന്നു" (അബൂദാവൂദ്).

ഇതിലെ 'പ്രയാസമേറിയ രോഗങ്ങൾ' എന്നതിൽ പെടുന്നതാണു ജനങ്ങൾ ഭീതിയോടെ നോക്കിക്കാണുന്ന ഈ പകർച്ചവ്യാധി. അതിനാൽ ഈ പ്രാർഥന പ്രാവർത്തികമാക്കുക.

3) രാവിലെയും വൈകുന്നേരവും ചൊല്ലേണ്ട ഒരു ദിക്ർ. നബിﷺ പറഞ്ഞു: "ഒരു അടിമ പ്രഭാതത്തിലും പ്രദോഷത്തിലും 3 പ്രാവശ്യം 'അല്ലാഹുവിന്റെ നാമത്തിൽ, അവന്റെ നാമത്തോടൊപ്പം ഭൂമിയിലോ ആകശത്തോ ഒരു വസ്തുവും ഉപദ്രവമേൽക്കപ്പെടുകയില്ല! അവൻ സർവവും കേൾക്കുന്നവനും സർവവും അറിയുന്നവനുമാണ്' എന്ന് പറഞ്ഞാൽ അവനെ ഒന്നും ഉപദ്രവിക്കില്ല.

മറ്റൊരു റിപ്പോർട്ടിൽ 'പെട്ടെന്നുള്ള പരീക്ഷണങ്ങൾ ഏൽക്കില്ല' എന്നും ഉണ്ട്. (അബൂദാവൂദ്, തിർമിദി, ഇബ്നുമാജ).

മനുഷ്യരെ പകർച്ചവ്യാധിയിൽനിന്ന് രക്ഷിക്കുന്നതാണ് പ്രവാചകൻﷺ രാവിലെയും വൈകുന്നേരവും മൂന്ന് പ്രാവശ്യം വീതം ചൊല്ലാറുണ്ടായിരുന്ന ഈ പ്രാർഥന. ഇതാണ് അല്ലാഹുവിനു കീഴ്പ്പെടാനുള്ള ആറു അടിസ്ഥാന കാര്യങ്ങൾ. ഇത് ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ഉത്സാഹിക്കുക.

ഈ രോഗം നമുക്കേൽപ്പിച്ച ആഘാതങ്ങളുടെയും ഭയത്തിന്റെയും സാഹചര്യത്തിൽ അതിൽ നിന്നുള്ള സംരക്ഷണത്തിനായ് അല്ലാഹുവിലേക്ക് വിധേയനാകേണ്ടത് അവനെ ഭയപ്പെട്ടും കീഴ്പെട്ടുമാണു. അതിൽ പ്രധാനപ്പെട്ടതാണു ഈ ആറു കാര്യങ്ങൾ.

അല്ലാഹു ഈ രോഗത്തിൽ നിന്ന് നമ്മെയെല്ലാം കാത്തുരക്ഷിക്കുമാറാകട്ടെ. അവന്നാകുന്നു സർവസ്തുതിയും.

അബ്ദുൽ ജബ്ബാർ മദീനി
mail@nerpatham.com

ലേഖനം

ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ 12



# ലജ്ജാശീലം

**മോ**ശമായതും അർഹരുടെ അർഹതയിൽ കുറവു വരുത്തുന്നതും വെടിയുവാൻ പ്രചോദനമാകുന്ന ഉത്തമ സ്വഭാവമാണ് 'ഹയാഅ്' അഥവാ 'ലജ്ജ.' ചിലർ ലജ്ജാലുക്കളായി ജനിക്കുന്നു. ലജ്ജ അവർക്ക് പ്രകൃതിദത്തമായി റബ്ബിന്റെ ഔദാര്യമാകുന്നു. ലജ്ജാശീലം മുസ്‌ലിം മതനിഷ്ഠയിലൂടെ നേടിയെടുക്കുകയുംചെയ്യുന്നു. അതിനാലാണ് മതപരമായി തന്നോട് വിലക്കപ്പെട്ടതിൽ നിന്ന് ഒരു മുസ്‌ലിം വിട്ടകലുന്നത്.

ഇബ്നുൽക്വയ്യിം(റഹി) പറയുന്നു: "ലജ്ജാശീലം ഏറ്റവും ഉൽകൃഷ്ഠവും ഉന്നതവും ഉദാത്തവും കൂടുതൽ ഉപകാരപ്രദവുമായ സ്വഭാവമാകുന്നു. എന്നു മാത്രമല്ല, അത് മനുഷ്യത്വത്തിന്റെ മാത്രം പ്രത്യേകതയാണ്. ലജ്ജ ഒട്ടുമില്ലാത്തവന് മനുഷ്യത്വത്തിന്റെ മാംസവും രക്തവും അവയുടെ പുറം തോടുമല്ലാതെ ഒന്നുമില്ല. അപ്രകാരം അവനിൽ യാതൊരു നന്മയുമില്ല."

ലജ്ജ നന്മ മാത്രമാണെന്നും അതു നന്മ മാത്രമാണ് സമ്മാനിക്കുകയെന്നും തിരുമൊഴികളുണ്ട്. ഇംറാൻ ഇബ്നു ഹുസ്വയ്നി(റ)ൽ നിന്ന് നിവേദനം. തിരുദൂതർ പറഞ്ഞു: "ലജ്ജ മുഴുവനും നന്മ മാത്രമാണ്."

ഇംറാനിൽനിന്നു തന്നെയുള്ള മറ്റൊരു നിവേദനത്തിൽ ഇപ്രകാരമുണ്ട്: "ലജ്ജാശീലം നന്മയല്ലാതെ കൊണ്ടുവരികയില്ല" (ബുഖാരി).

ഇസ്‌ലാമിൽ ലജ്ജയെന്ന മഹനീയ സ്വഭാവത്തെ ഈമാനിന്റെ (വിശ്വാസത്തിന്റെ) ഭാഗമാക്കയിത് അതിന്റെ പ്രധാന്യവും അനിവാര്യതയുമാണ് അറിയിക്കുന്നത്. അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: "...ലജ്ജ ഈമാനിന്റെ ശാഖയാണ്" (ബുഖാരി).

മനുഷ്യൻ, തന്റെ രഹസ്യവും പരസ്യവും അറിയുന്ന അല്ലാഹുവിന്റെ മുന്നിലാണ് യഥാർഥത്തിൽ ലജ്ജയുള്ളവനാകേണ്ടത്. ഇബ്നു മസ്ഊദിﷺൽ നിന്ന് നിവേദനം: "നിങ്ങൾ അല്ലാഹുവിൽനിന്ന് യഥാവിധം ലജ്ജിക്കുക.' ഞങ്ങൾ പറഞ്ഞു: 'തിരുദൂതരേ, ഞങ്ങൾ ലജ്ജിക്കുന്നു, അൽഹംദുലില്ലാഹ്.' തിരുനബിﷺ പറഞ്ഞു: 'അങ്ങനെയല്ല. എന്നാൽ അല്ലാഹുവിൽ നിന്നു യഥാവിധമുള്ള ലജ്ജയെന്നാൽ താങ്കൾ താങ്കളുടെ തലയും തലയുൾക്കൊണ്ട അവയവങ്ങളും വയറും അതിലടങ്ങിയ അവയവങ്ങളും സംരക്ഷിക്കലാണ്. താങ്കൾ മരണത്തേയും നാശത്തെയും ഓർക്കലാണ്. വല്ലവനും പരലോകത്തെ ഉദ്ദേശിച്ചാൽ അവൻ ഭൗതികലോകത്തെ അലങ്കാരങ്ങൾ ഉപേക്ഷിച്ചു. വല്ലവനും ഇപ്രകാരം പ്രവർത്തിച്ചാൽ അയാൾ അല്ലാഹുവിൽനിന്ന് യഥാവിധം ലജ്ജിച്ചു" (സുനനുത്തിർമിദി. അൽബാനി ഹസനെന്ന് വിശേഷിപ്പിച്ചു).

ആദരണീയരെല്ലാവരും ലജ്ജയുള്ളവരായിരുന്നു. തിരുനബിﷺ ലജ്ജയാകുന്ന ഉത്തമ സ്വഭാവത്തിന്റെ മഹനീയ ഉദാഹരണവുമായിരുന്നു. തിരുദൂതരുടെ പ്രത്യേകത അല്ലാഹു ഉണർത്തുന്നത് നോക്കൂ: "സത്യവിശ്വാസികളേ, ഭക്ഷണത്തിന് (നിങ്ങളെ ക്ഷണിക്കുകയും) നിങ്ങൾക്ക് സമ്മതം കിട്ടുകയും ചെയ്താലല്ലാതെ നബിയുടെ വീടുകളിൽ നിങ്ങൾ കടന്നുചെല്ലരുത്. അത് (ഭക്ഷണം) പാകമാകുന്നത് നിങ്ങൾ നോക്കിയിരിക്കുന്നവരാകരുത്. പക്ഷേ, നിങ്ങൾ ക്ഷണിക്കപ്പെട്ടാൽ നിങ്ങൾ കടന്നുചെല്ലുക. നിങ്ങൾ ഭക്ഷണംകഴിച്ചാൽ പിരിഞ്ഞു പോകുകയും ചെയ്യുക. നിങ്ങൾ വർത്തമാനം പറഞ്ഞ് രസിച്ചിരിക്കുന്നവരാവുകയും അരുത്. തീർച്ചയായും അതൊ



ക്കെ നബിയെ ശല്യപ്പെടുത്തുന്നതാകുന്നു. എന്നാൽ നിങ്ങളോട് (അത് പറയാൻ) അദ്ദേഹത്തിന് ലജ്ജ തോന്നുന്നു. സത്യത്തിന്റെ കാര്യത്തിൽ അല്ലാഹുവിന് ലജ്ജ തോന്നുകയില്ല" (ക്വുർആൻ 33:53).

തിരുദൂതരുടെ സ്വഭാവത്തെ കുറിച്ച് അബൂസഈദ്ﷺ പറയുന്നു: "നബിﷺ മണിയറയിൽ ഇരിക്കുന്ന കന്യകയെക്കാൾ ലജ്ജാശീലമുള്ള വ്യക്തിയായിരുന്നു" (ബുഖാരി).

അല്ലാഹു ലജ്ജയും മറയും ഇഷ്ടപ്പെടുന്നു. ഒരു സംഭവം ഇപ്രകാരമുണ്ട്. യഅ്ലാ ഇബ്നുഉമയ്യﷺയിൽ നിന്ന് നിവേദനം: "ഒരു വ്യക്തി തുറന്ന സ്ഥലത്ത് മുണ്ടുടുക്കാതെ കുളിക്കുന്നത് തിരുദൂതർ കണ്ടു. അപ്പോൾ തിരുമേനി മിമ്പറിൽ കയറി അല്ലാഹുവിനെ സ്തുതിച്ചും അവനെ വാഴ്ത്തിക്കൊണ്ടും പറഞ്ഞു: 'നിശ്ചയം, അല്ലാഹു ഏറെ ലജ്ജയുള്ളവനും സിത്തീറുമാകുന്നു. അല്ലാഹു ലജ്ജയും മറയും ഇഷ്ടപ്പെടുന്നു. നിങ്ങളിൽ ഒരാൾ കുളിക്കുകയായാൽ അവൻ മറ സ്വീകരിക്കട്ടെ."(സുനനുഅബീദാവൂദ്. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

മൂസാനബിﷺയെ കുറിച്ച് അല്ലാഹുവിന്റെ റസൂൽ പറഞ്ഞതായി അബൂഹുറയ്റﷺയിൽനിന്ന് നിവേദനം: "നിശ്ചയം മൂസാ ഏറെ ലജ്ജയുള്ളവനും സിത്തീറുമായിരുന്നു. ലജ്ജയാൽ അദ്ദേഹത്തിന്റെ ശരീരത്തിൽനിന്ന് യാതൊന്നും കാണപ്പെടുമായിരുന്നില്ല..." (ബുഖാരി).

മൂസാ നബിﷺ മദ്‌യൻ ദേശത്ത് കണ്ടുമുട്ടുകയും ആടുകൾക്ക് വെള്ളം നൽകുവാൻ സഹായിക്കുകയും ചെയ്ത സ്ത്രീകളുടെ വിശേഷങ്ങൾ അല്ലാഹു പറയുമ്പോൾ അവരുടെ ലജ്ജാശീലത്തെ പ്രത്യേകം സ്മരിക്കുന്നത് നോക്കൂ: "അപ്പോൾ ആ രണ്ട് സ്ത്രീകളിൽ ഒരാൾ നാണിച്ചുകൊണ്ട് അദ്ദേഹത്തിന്റെ അടുത്ത് നടന്നു ചെന്നിട്ട് പറഞ്ഞു: താങ്കൾ ഞങ്ങൾക്കു വേണ്ടി (ആടുകൾക്ക്) വെള്ളം കൊടുത്തതിനുള്ള പ്രതിഫലം താങ്കൾക്കു നൽകുവാനായി എന്റെ പിതാവ് താങ്കളെ വിളിക്കുന്നു" (ക്വുർആൻ 28:25).

മൂസ സ്വലാഹി, കാര
moosakara001@gmail.com

ലേഖനം



# ശുദ്ധീകരണം: മഹത്ത്വവും മര്യാദകളും

ഇസ്‌ലാം പരിശുദ്ധവും പ്രകൃതിപരവുമാണ്. കുറെ നിയമങ്ങളും നിർദേശങ്ങളും ഇസ്‌ലാം മാനവരാശിക്ക് മുമ്പിൽ സമർപ്പിക്കുന്നുണ്ട്. അതെല്ലാം മനുഷ്യരുടെ ഇഹപര നേട്ടങ്ങൾക്കായുള്ളത് മാത്രമാണ്. ദോഷകരമായ യാതൊരു കാര്യവും ഇസ്‌ലാം പഠിപ്പിക്കുന്നില്ല.

ശുദ്ധീകരണത്തിന്റെ കാര്യമെടുക്കാം. മാനസികവും ശാരീരികവുമായ ശുദ്ധി പാലിക്കുവാൻ ഇസ്‌ലാം വിശ്വാസികളോട് കൽപിക്കുന്നുണ്ട്.

മനസ്സിന്റെ വിമലീകരണമെന്നാൽ ശിർക്ക്, ബിദ്അത്ത്, മതനിഷേധം, സംശയം, പരിഹാസം, അസൂയ, അഹങ്കാരം, കാപട്യം, വഞ്ചന, പക, ലോകമാന്യത, ഊഹാപോഹങ്ങൾ എന്നിങ്ങനെ ചെറുതും വലുതുമായ എല്ലാ പാപങ്ങളിൽനിന്നും മനസ്സിനെ സംസ്‌കരിക്കലാണത്.

അബൂഹുറയ്‌റ(റ)യിൽ നിന്ന് നിവേദനം; നബി(ﷺ) പറഞ്ഞു: "നിശ്ചയം, ഒരു വിശ്വാസി അശുദ്ധനാവുകയില്ല" (ബുഖാരി).

ശരീരം, വസ്ത്രം, സ്ഥലം എന്നിവ മാലിന്യമുക്തമാവുക എന്നതാണ് ശാരീരിക ശുദ്ധികൊണ്ട് അർഥമാക്കുന്നത്.

അബൂമൂസൽഅശ്അരി(റ)യിൽ നിന്ന് നിവേദനം; നബി(ﷺ) പറഞ്ഞു: "ശുദ്ധി വിശ്വാസത്തിന്റെ പകുതിയാണ്" (മുസ്‌ലിം).

ആമിറുബ്നു സഅദി(റ)ൽ നിന്ന് നിവേദനം; നബി(ﷺ) പറഞ്ഞു: "നിങ്ങളുടെ വീടുകളുടെ പരിസരങ്ങൾ നിങ്ങൾ ശുദ്ധിയാക്കുക. നിശ്ചയം ജൂതന്മാർ അങ്ങനെ ചെയ്യാത്തവരാണ്"(ത്വബ്‌റാനി).

വഴിയിൽ നിന്ന് മാലിന്യങ്ങൾ നീക്കുക എന്നതിനെ വിശ്വാസകാര്യമായിട്ടും വഴിയോടുള്ള ബാധ്യതയായിട്ടുമാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

ശുദ്ധിക്ക് ഇസ്‌ലാം നൽകിയ മഹത്ത്വം വ്യക്തമാക്കിത്തരുന്ന ചില പ്രമാണവചനങ്ങൾ ശ്രദ്ധേയമാണ്. അല്ലാഹുവിന്റെ ഇഷ്ടം ശുദ്ധിയുള്ളവർക്കാണ് ലഭിക്കുക. അല്ലാഹു പറയുന്നു: "...തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു"(ക്വുർആൻ 2:222).

നബി(ﷺ)യോട് അല്ലാഹു പ്രത്യേകമായി കൽപിച്ചത് കാണുക. അല്ലാഹു പറയുന്നു: നിന്റെ വസ്ത്രങ്ങ ൾ ശുദ്ധിയാക്കുകയും പാപം വെടിയുകയും ചെയ്യുക" (ക്വുർആൻ 74:4,5).

ശുദ്ധിയുള്ളവരിൽ ഉൾപ്പെടുത്താൻ നബി(ﷺ) സദാ പ്രാർഥിക്കാറുണ്ടായിരുന്നു.

ഇബ്നു ഉമർ(റ)വിൽ നിന്ന് നിവേദനം; നബി(ﷺ) പറഞ്ഞു: "അല്ലാഹുവേ, പശ്ചാത്താപ നിമഗ്നരും പരിശുദ്ധരുമായ ജനങ്ങളിൽ എന്നെ നീ ഉൾപ്പെടുത്തേണമേ" (തിർമിദി).

രണ്ടുതരം ശുദ്ധീകരണത്തെയും ഉൾക്കൊള്ളുന്ന അധ്യാപനങ്ങളാണിതെല്ലാം. ഏതൊരു നന്മയും അല്ലാഹു സ്വീകരിക്കുക ശുദ്ധിയുള്ളവരിൽ നിന്നാണ്.

ഇബ്നു ഉമറി﵄ൽ നിന്ന് നിവേദനം; നബിﷺ പറഞ്ഞു: “ശുദ്ധിയോടുകൂടിയല്ലാതെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല” (മുസ്‌ലിം).

ദിവസവുമുള്ള അഞ്ച് സമയങ്ങളിലെ നിർബന്ധ നമസ്കാരങ്ങൾക്ക് മുമ്പായി അംഗസ്നാനം (വുദൂഅ്) ചെയ്യുവാനും കുളി അനിവാര്യമാകുന്ന സന്ദർഭങ്ങളിൽ കുളിക്കുവാനും വെള്ളം ലഭിക്കാതിരിക്കുകയോ ലഭിച്ചാലും ഉപയോഗിക്കാൻ പറ്റാതിരികുകയോ ചെയ്യുന്ന സന്ദർഭമാണെങ്കിൽ തയമ്മും ചെയ്ത് ശുദ്ധിവരുത്തുവാനും പഠിപ്പിച്ച മതമാണ് ഇസ്‌ലാം.

അല്ലാഹു പറയുന്നു: “സത്യവിശ്വാസികളേ, നിങ്ങൾ നമസ്കാരത്തിന് ഒരുങ്ങിയാൽ, നിങ്ങളുടെ മുഖങ്ങളും, മുട്ടുവരെ രണ്ടുകൈകളും കഴുകുകയും നിങ്ങളുടെ തലതടവുകയും നെരിയാണിവരെ രണ്ട് കാലുകൾ കഴുകുകയും ചെയ്യുക. നിങ്ങൾ ജനാബത്ത് (വലിയ അശുദ്ധി) ബാധിച്ചവരായാൽ നിങ്ങൾ (കുളിച്ച്) ശുദ്ധിയാകുക. നിങ്ങൾ രോഗികളാകുകയോ യാത്രയിലാകുകയോ ചെയ്താൽ, അല്ലെങ്കിൽ നിങ്ങളിലൊരാൾ മലമൂത്രവിസർജനം കഴിഞ്ഞ് വരികയോ നിങ്ങൾ സ്ത്രീകളുമായി സംസർഗം നടത്തുകയോ ചെയ്തിട്ട് നിങ്ങൾക്ക് വെള്ളം കിട്ടിയില്ലെങ്കിൽ ശുദ്ധമായ ഭൂമുഖം തേടിക്കൊള്ളുക. എന്നിട്ട് അതുകൊണ്ട് നിങ്ങളുടെ മുഖവും കൈകളും തടവുക. നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടും വരുത്തിവെക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നില്ല. എന്നാൽ നിങ്ങളെ ശുദ്ധീകരിക്കണമെന്നും തന്റെ അനുഗ്രഹം നിങ്ങൾക്ക് പൂർത്തിയാക്കിത്തരണമെന്നും അവൻ ഉദ്ദേശിക്കുന്നു. നിങ്ങൾ നന്ദിയുള്ളവരായേക്കാം” (ക്വുർആൻ 5:6).

ശരീരത്തിനും മനസ്സിനും സുഖവും ആശ്വാസവും നൽകുന്ന, പ്രകൃതിപരമായി ചെയ്യൽ അനിവാര്യമായ നിർദേശങ്ങളാണ് വൃത്തിയുടെ കാര്യത്തിൽ ഇസ്‌ലാം നൽകുന്നത്.

ആഇശ﵂യിൽ നിന്ന് നിവേദനം; റസൂൽﷺ പറഞ്ഞു: “പത്ത് കാര്യങ്ങൾ പ്രകൃതിപരമായ ബാധ്യതകളിൽപെട്ടതാകുന്നു: മീശ വെട്ടുക, താടി വളർത്തുക, ദന്തശുദ്ധി വരുത്തുക, മൂക്കിൽ വെള്ളം കയറ്റി ചീറ്റിക്കളയുക, നഖം മുറിക്കുക, വിരൽസന്ധികൾ കഴുകുക, കക്ഷത്തിലെ രോമം നീക്കുക, ഗുഹ്യസ്ഥാനത്തെ രോമം കളയുക, വെള്ളം ഉപയോഗിച്ച് ശൗച്യം ചെയ്യുക, വായിൽ വെള്ളം കയറ്റി കൊപ്ലിക്കുക തുടങ്ങിയവയാണ് അവ” (മുസ്‌ലിം).

കക്ഷത്തിലെയും ഗുഹ്യസ്ഥാനത്തെയും രോമം നീക്കം ചെയ്യാതെ നാൽപത് ദിവസത്തിലധികം ദീർഘിപ്പിക്കരുതെന്നും നബിﷺ ഉണർത്തിയിട്ടുണ്ട്. മഹാമാരികൾ പടർന്ന് പരക്കുമ്പോൾ രോഗപ്രതി രോധത്തിനായി ശാസ്ത്രവും ആരോഗ്യ വകുപ്പും ചികിത്സാ രംഗത്തെ വിദഗ്ധരും നൽകുന്ന മുന്നറിയിപ്പുകളിൽ പലതും നൂറ്റാണ്ടുകൾക്കപ്പുറം ദൈവിക ബോധനത്തിന്റെ വെളിച്ചത്തിൽ നബിﷺ ചെയ്ത് കാണിച്ചു തന്നവയാണെന്നത് എത്രമേൽ ഇസ്‌ലാം കാലോചിതമാണെന്നതിന്റെ തെളിവ് കൂടിയാണ്.

ശുചിത്വ മേഖലയിൽ ഓരോരുത്തരും കാണിശമായും പാലിക്കേണ്ട ഒട്ടനവധി മര്യാദകളെ കുറിച്ചും ഇസ്‌ലാം പറഞ്ഞിട്ടുണ്ട്. മനസ്സിന്റെയും ശരീരത്തിന്റെയും ആരോഗ്യനില മെച്ചപ്പെടുത്താനുള്ള ഇത്തരം ഉപദേശങ്ങളെ തൊട്ട് അശ്രദ്ധരായാലുണ്ടാകുന്ന അപകടങ്ങൾ ചെറുതായിരിക്കില്ല.

ഭക്ഷണത്തിന് മുമ്പ്, ശേഷം, രോഗികളെ പരിചരിക്കുമ്പോൾ, ദൂരയാത്രകളിൽനിന്ന് തിരിച്ചെത്തുമ്പോൾ, അഴുക്കോ മറ്റു മാലിന്യങ്ങളോ പുരളുമ്പോൾ, ഉറക്കിൽ നിന്ന് എഴുന്നേൽക്കുമ്പോൾ... ഇത്തരം സമയങ്ങളിൽ കൈകൾ ശരിയാംവിധം കഴുകൽ നിർബന്ധമാണ്.

അബൂഹുറയ്‌റ﵁വിൽ നിന്ന് നിവേദനം; നബിﷺ പറഞ്ഞു: “നിങ്ങളിൽ ആരും തന്നെ ഉറക്കമുണർന്നാൽ കൈ മൂന്നുതവണ കഴുകാതെ പാത്രത്തിൽ മുക്കരുത്. കാരണം, രാത്രിയിൽ കൈ എവിടെയൊക്കെ തട്ടിയിട്ടുണ്ടാകുമെന്ന് അവനറിയില്ല.” (ബുഖാരി, മുസ്‌ലിം)

ആഇശ﵂യിൽ നിന്ന് നിവേദനം: “നബിﷺഭക്ഷണം കഴിക്കുവാനോ വെള്ളംകുടിക്കുവാനോ ഉദ്ദേശിച്ചാൽ മുൻകൈകൾ കഴുകുമായിരുന്നു” (അഹ്മദ്).

ചികിൽസാ മേഖലയിലുള്ളവർ നൽകുന്ന നിർദേശങ്ങളിൽ കൈകളുടെ എല്ലാ ഭാഗങ്ങളും പൂർണമായും ഉരസി കഴുകണമെന്നത് ഇസ്‌ലാമിന്റെ പ്രാഥമിക ശുദ്ധിപാഠങ്ങളിൽപെട്ടതാണ്.

ദന്ത ശുദ്ധീകരണം വായക്ക് ശുദ്ധിനൽകുന്നതും സ്രഷ്ടാവിന് തൃപ്തിയുള്ളതുമായ പ്രവർത്തനമാണ്. അഞ്ച് നേരങ്ങളിൽ ഇസ്‌ലാം ഇതിനെ പ്രോത്സാഹിപ്പിച്ചു.

അബൂഹുറയ്‌റയി﵁ൽ നിന്ന് നിവേദനം; നബിﷺ പറഞ്ഞു: “എന്റെ സമുദായത്തോട് ഓരോ തവണയും വുദൂവോടൊന്നിച്ച് ദന്തശുദ്ധി വരുത്താൻ ഞാൻ നിർബന്ധപൂർവം കൽപിക്കുമായിരുന്നു; അത് അവർക്ക് വിഷമം സൃഷ്ടിക്കയില്ലായിരുന്നുവെങ്കിൽ”(അഹ്മദ്).

ഉറങ്ങുന്നതിന് മുമ്പ്, എഴുന്നേൽക്കുന്ന നേരം, യാത്രകഴിഞ്ഞ് തിരിച്ചെത്തിയാൽ എന്നീ സന്ദർഭങ്ങളിൽ കൂടി ദന്തശുദ്ധീകരണം നടത്തുവാൻ നിർദേശമുമുണ്ട്.

സ്വന്തം സ്ഥലങ്ങളെ പോലെത്തന്നെ പൊതു സ്ഥലങ്ങളെയും മലിനമാക്കാതിരിക്കാൻ നോക്കണം. കെട്ടിനിൽക്കുന്ന വെള്ളം, ജനങ്ങൾ സഞ്ചരിക്കുന്ന വഴി, കായ്കനികൾ നൽകുന്ന മരച്ചുവട്, തണൽ

എന്നിവിടങ്ങളിൽ വിസർജനം നടത്തരുതെന്ന് ഇസ്‌ലാം കൽപിക്കുന്നു. 'ഇവിടെ മാലിന്യങ്ങൾ നിക്ഷേപിക്കരുത്' എന്ന ബോർഡ് സ്ഥാപിക്കപ്പെട്ടിടത്തെല്ലാം മാലിന്യങ്ങൾ കൊണ്ടുപോയി തള്ളുന്ന പ്രവണത മലയാളികൾക്കിടയിൽ കണ്ടുവരുന്നു എന്നത് ഖേദകരമാണ്.

ശൗച്യാലയങ്ങൾ മറയുള്ളതാകണം, അതിനുള്ളിൽ സംസാരം പാടില്ല എന്നും ഇസ്‌ലാം നിർദേശിക്കുന്നു.

ജാബിറിﷺൽ നിന്ന് നിവേദനം; നബിﷺ പറഞ്ഞു: "രണ്ടു പേർ കാഷ്ഠിക്കുകയാണെങ്കിൽ പരസ്പരം മറഞ്ഞിരിക്കണം. സംസാരിക്കാതിരിക്കുകയും ചെയ്യേണ്ടതാണ്. കാരണം അല്ലാഹു അത് വെറുക്കുന്നു"(അഹ്മദ്)

വലതുകൈകൊണ്ട് വിസർജ്യം കഴുകൽ, പാനീയങ്ങളിലേക്ക് ഊതൽ എന്നിവ വെറുക്കപ്പെട്ടതും മര്യാദയില്ലായ്മയുമായിട്ടാണ് പഠിപ്പിക്കപ്പെട്ടിട്ടുള്ളത്. വെള്ളത്തിലേക്ക് ഊതുമ്പോൾ വായിൽനിന്നുള്ള ദുർഗന്ധവും ഉച്ചിഷ്ടവും അതിൽ ചേരുവാൻ സാധ്യതയുണ്ട്.

അബൂക്വതാദﷺയിൽ നിന്ന് നിവേദനം; നബിﷺ പറഞ്ഞു: "നിങ്ങളിൽ ആരും തന്നെ മൂത്രിക്കുന്നതിനിടയിൽ വലതുകൈകൊണ്ട് ലിംഗം സ്പർശിക്കുകയോ കാഷ്ഠം തുടച്ചുകളയുകയോ ചെയ്യരുത്. വെള്ളത്തിൽ ഊതുകയുമരുത്" (ബുഖാരി, മുസ്‌ലിം).

കെട്ടിനിൽക്കുന്ന വെള്ളത്തിൽ മൂത്രിക്കുക, വലിയ അശുദ്ധി(ജനാബത്ത്)യുള്ളവനായിരിക്കെ അതിൽ കുളിക്കുക എന്നിവ പാടുള്ളതല്ല. വെള്ളത്തിന്റെ ശുദ്ധിക്ക് ഭംഗംവരുത്താനും ശുദ്ധീകരണത്തിനാ യി അത് ഉപയോഗിക്കുന്നവരെ അസുഖങ്ങൾ പിടികൂടാനും അത് കാരണമാകും.

അബൂഹുറയ്റﷺയിൽ നിന്ന് നിവേദനം; നബിﷺ പറഞ്ഞു: "നിങ്ങളിൽ ആരും തന്നെ ഒഴുകിപ്പോകാത്ത കെട്ടിനിൽക്കുന്ന വെള്ളത്തിൽ മൂത്രമൊഴിക്കുകയും എന്നിട്ട് അതിൽ തന്നെ കുളിക്കുകയും ചെയ്യരുത്" (ബുഖാരി).

അബൂഹുറയ്റﷺയിൽ നിന്ന് നിവേദനം; നബിﷺ പറഞ്ഞു: "നിങ്ങളിൽ ആരും തന്നെ ജനാബത്ത് (വലിയ അശുദ്ധി) ഉണ്ടായിരിക്കെ കെട്ടിനിൽക്കുന്ന വെള്ളത്തിൽ കുളിക്കരുത്"(മുസ്‌ലിം).

അശുദ്ധമായ വെള്ളം കൊണ്ട് ഉപയോഗപ്രദമായ ഒന്നും തന്നെ വൃത്തിയാക്കരുത്. നാം നിസ്സാരമെന്ന് വിചാരിക്കുന്ന കാര്യങ്ങളിൽപോലും ഇസ്‌ലാമിക നിയമം നമുക്ക് ആശ്വാസമാണ്.

നബിﷺ പറഞ്ഞു: "വെള്ളം ശുദ്ധമാണ്; പുതുതായി വന്നുചേരുന്ന മാലിന്യം നിമിത്തം അതിന്റെ ഗന്ധമോ, രുചിയോ, വർണമോ വ്യത്യാസപ്പെട്ടെങ്കിലല്ലാതെ" (ബൈഹക്വി).

എല്ല്, ചാണകം എന്നിവകൊണ്ട് ശുദ്ധീകരിക്കലും വിരോധിക്കപ്പെട്ടിട്ടുണ്ട്.

സൽമാനിﷺൽ നിന്ന് നിവേദനം: "നിശ്ചയം, ചാണകം കൊണ്ടോ എല്ലുകൊണ്ടോ ശുദ്ധിയാക്കുന്നത് നബിﷺ ഞങ്ങളോട് വിരോധിച്ചിരിക്കുന്നു" (മുസ്‌ലിം).

കുളിക്കാൻ സൗകര്യപ്പെടുത്തിയ ഭാഗങ്ങളിൽ മലമൂത്രവിസർജനം നടത്തുന്നതും ആവശ്യനിർവഹണത്തിന് ശേഷം കൈകൾ കഴുകാതിരിക്കുന്നതും നബിﷺ വിലക്കിയതാണ്.

അബ്ദുല്ലാഹ് ഇബ്നു മുഗഫ്ഫിﷺൽ നിന്ന് നിവേദനം; നബിﷺ പറഞ്ഞു: "നിങ്ങളിലൊരാളും തന്റെ കുളിപ്പുരയിൽ മൂത്രമൊഴിക്കുകയും ശേഷം അതിൽ കുളിക്കുകയും ചെയ്യരുത്" (ഇബ്നുമാജ).

അബൂഹുറയ്റﷺയിൽ നിന്ന് നിവേദനം: "നബിﷺ വിസർജനസ്ഥലത്തേക്ക് പോയാൽ ഞാൻ തിരു മേനിﷺക്ക് ഒരു ചെറുപാത്രത്തിലോ തോൽസഞ്ചിയിലോ വെള്ളം കൊണ്ടെത്തിക്കുമായിരുന്നു. അപ്പോൾ നബിﷺ വെള്ളം കൊണ്ട് ശുദ്ധീകരിച്ചു. പിന്നീട് തന്റെ കയ്യ് മണ്ണിൽ തേച്ചു." (അബൂദാവൂദ്)

ഒരു ബാത്ത്റൂമിൽ തന്നെ രണ്ടിനും വെവ്വേറ ഭാഗങ്ങൾ സൗകര്യപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ നിലയ്ക്ക് അതിനെ ഉപയോഗപ്പെടുത്താം. മണ്ണ്, സോപ്പ് മുതലയ ഉപയോഗിച്ച് കൈകൾ ശുദ്ധിയാക്കാവുന്നതാണ്.

ആരോഗ്യത്തിന് ഹാനികരമല്ലാത്ത നല്ല ഭക്ഷണപാനിയങ്ങൾ ഉപയോഗിക്കണമെന്നതും ഭക്ഷിക്കലും കുടിക്കലും വലതുകൈകൊണ്ടാകണമെന്നതും നിർബന്ധമായും പാലിക്കപ്പെടേണ്ട നിയമമാണ്.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾക്ക് നാം നൽകിയ വസ്തുക്കളിൽ നിന്ന് വിശിഷ്ടമായത് ഭക്ഷിച്ചുകൊള്ളുക. അല്ലാഹുവോട് നിങ്ങൾ നന്ദികാണിക്കുകയും ചെയ്യുക; അവനെ മാത്രമാണ് നിങ്ങൾ ആരാധിക്കുന്നതെങ്കിൽ"(ക്വുർആൻ 2:172).

ഉമറുബ്നുൽ ഖത്ത്വാബിﷺൽ നിന്ന് നിവേദനം; നബിﷺ പറഞ്ഞു:"നിങ്ങളിലൊരാൾ ഭക്ഷിക്കുകയാണെങ്കിൽ തന്റെ വലതുകൈകൊണ്ടു ഭക്ഷിക്കുകയും കുടിക്കുകയാണെങ്കിൽ വലതുകൈകൊണ്ടു കുടിക്കുകയും ചെയ്യട്ടെ. നിശ്ചയം, പിശാചാണ് തന്റെ ഇടതുകൈകൊണ്ടു തിന്നുകയും ഇടതു കൈകൊണ്ടു കുടിക്കുകയും ചെയ്യുക"(മുസ്‌ലിം).

ഇസ്‌ലാം മാനുഷിക മൂല്യങ്ങളെ സംരക്ഷിക്കുന്ന മതമാണെന്നതിന് ഇതിലും വലിയ തെളിവുകളുടെ ആവിശ്യമില്ല. മനുഷ്യജീവിതത്തിന്റെ മാറ്റങ്ങളെപ്പറ്റി വ്യക്തമായി അറിയുന്ന രക്ഷിതാവ് എക്കാലത്തുമുള്ളവർക്ക് വേണ്ടി ഇത്തരം നിയമങ്ങൾ നൽകിയത് പ്രയാസപ്പെടുത്താനല്ല; എളുപ്പം നൽകാനാണെന്ന് ഇസ്‌ലാമിനോടടുക്കുന്ന ആർക്കും ബോധ്യമാകും.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 65, ഭാഗം: 3

# ത്വലാഖ് (വിവാഹമോചനം)

(മദീനയിൽ അവതരിച്ചത്)

وَكَأَيِّن مِّن قَرْيَةٍ عَتَتْ عَنْ أَمْرِ رَبِّهَا وَرُسُلِهِۦ
فَحَاسَبْنَٰهَا حِسَابًا شَدِيدًا وَعَذَّبْنَٰهَا عَذَابًا نُّكْرًا ﴿٨﴾
فَذَاقَتْ وَبَالَ أَمْرِهَا وَكَانَ عَٰقِبَةُ أَمْرِهَا خُسْرًا ﴿٩﴾
أَعَدَّ ٱللَّهُ لَهُمْ عَذَابًا شَدِيدًا ۖ فَٱتَّقُوا۟ ٱللَّهَ يَٰٓأُو۟لِى
ٱلْأَلْبَٰبِ ٱلَّذِينَ ءَامَنُوا۟ ۚ قَدْ أَنزَلَ ٱللَّهُ إِلَيْكُمْ ذِكْرًا ﴿١٠﴾
رَّسُولًا يَتْلُوا۟ عَلَيْكُمْ ءَايَٰتِ ٱللَّهِ مُبَيِّنَٰتٍ لِّيُخْرِجَ ٱلَّذِينَ
ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ مِنَ ٱلظُّلُمَٰتِ إِلَى ٱلنُّورِ ۚ
وَمَن يُؤْمِنۢ بِٱللَّهِ وَيَعْمَلْ صَٰلِحًا يُدْخِلْهُ جَنَّٰتٍ
تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَآ أَبَدًا ۖ قَدْ
أَحْسَنَ ٱللَّهُ لَهُۥ رِزْقًا ﴿١١﴾

8. എത്രയെത്ര രാജ്യക്കാർ അവരുടെ രക്ഷിതാവിന്റെയും അവന്റെ ദൂതൻമാരുടെയും കൽപന വിട്ട് ധിക്കാരം പ്രവർത്തിച്ചിട്ടുണ്ട്. അതിനാൽ നാം അവരോട് കർക്കശമായ നിലയിൽ കണക്കുചോദിക്കുകയും അവരെ നാം ഹീനമായ വിധത്തിൽ ശിക്ഷിക്കുകയും ചെയ്തു.
9. അങ്ങനെ അവർ അവരുടെ നിലപാടിന്റെ ദുഷ്ഫലം ആസ്വദിച്ചു. അവരുടെ നിലപാടിന്റെ പര്യവസാനം നഷ്ടം തന്നെയായിരുന്നു.
10. അല്ലാഹു അവർക്കു കഠിനമായ ശിക്ഷ ഒരുക്കിവെച്ചിരിക്കുന്നു. അതിനാൽ സത്യവിശ്വാസികളായ ബുദ്ധിമാൻമാരേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾക്ക് ഒരു ഉൽബോധകനെ,
11. അഥവാ അല്ലാഹുവിന്റെ വ്യക്തമായ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് ഓതിക്കേൾപിച്ചു തരുന്ന ഒരു ദൂതനെ നിങ്ങളുടെ അടുത്തേക്കിറക്കിത്തന്നിരിക്കുന്നു; വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് ആനയിക്കുവാൻ വേണ്ടി. വല്ലവനും അല്ലാഹുവിൽ വിശ്വസിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെയ്യു

ന്ന പക്ഷം താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ അവനെ പ്രവേശിപ്പിക്കുന്നതാണ്. അവർ അതിൽ നിത്യവാസികളായിരിക്കും. അങ്ങനെയുള്ളവന്ന് അല്ലാഹു ഉപജീവനം മെച്ചപ്പെടുത്തിയിരിക്കുന്നു.

12. അല്ലാഹുവാകുന്നു ഏഴ് ആകാശങ്ങളും ഭൂമിയിൽ നിന്ന് അവയ്ക്ക് തുല്യമായതും സൃഷ്ടിച്ചവൻ. അവയ്ക്കിടയിൽ (അവന്റെ) കൽപന ഇറങ്ങുന്നു. അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു എന്നും ഏതു വസ്തുവെയും ചൂഴ്ന്ന് അറിയുന്നവനായിരിക്കുന്നു എന്നും നിങ്ങൾ മനസ്സിലാക്കുവാൻ വേണ്ടി.

ٱللَّهُ ٱلَّذِى خَلَقَ سَبْعَ سَمَٰوَٰتٍ وَمِنَ ٱلْأَرْضِ مِثْلَهُنَّ
يَتَنَزَّلُ ٱلْأَمْرُ بَيْنَهُنَّ لِتَعْلَمُوٓا۟ أَنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ
قَدِيرٌ وَأَنَّ ٱللَّهَ قَدْ أَحَاطَ بِكُلِّ شَىْءٍ عِلْمًۢا ﴿١٢﴾

8-10). ധിക്കാരികളായ സമുദായങ്ങളുടെ നാശത്തെക്കുറിച്ചും പ്രവാചകന്മാരെ കളവാക്കിയ തലമുറകളെക്കുറിച്ചുമാണ് അല്ലാഹു പറയുന്നത്. വേദനിക്കുന്ന ശിക്ഷ നൽകുകയും കർക്കശമായ നിലയിൽ കണക്ക് ചോദിക്കുകയും ചെയ്തപ്പോൾ അവരുടെ ആധിക്യമോ ശക്തിയോ അവർക്ക് യാതൊരു പ്രയോജനവും ചെയ്തില്ല. അവരുടെ തെറ്റായ പ്രവർത്തനങ്ങൾ കൊണ്ടുണ്ടായ ശിക്ഷ അല്ലാഹു അവരെ അനുഭവിപ്പിക്കും. ഒപ്പം ഇഹലോകശിക്ഷയും. പരലോകത്താകട്ടെ, കഠിനമായ ശിക്ഷ അല്ലാഹു തയ്യാറാക്കി വെക്കുകയും ചെയ്തിട്ടുണ്ട്. (അതിനാൽ ബുദ്ധിമാന്മാരേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക) ഓ, ബുദ്ധിയുള്ള; അല്ലാഹുവിന്റെ വചനങ്ങളെ ഗ്രഹിക്കുകയും അതിലെ ഗുണപാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്നവരേ, കളവാക്കൽമൂലം കഴിഞ്ഞ തലമുറയിൽ നശിപ്പിക്കപ്പെട്ടവരും തത്തുല്യമായ പ്രവർത്തനം ചെയ്ത, അവർക്ക് ശേഷമുള്ളവരും തമ്മിൽ യാതൊരു വ്യത്യാസവുമില്ല.

11). തുടർന്ന് അല്ലാഹു വിശ്വാസികളായ തന്റെ ദാസന്മാരെ ഓർമപ്പെടുത്തുന്നത് മുഹമ്മദ് നബിﷺ മുഖേന അവർക്കിറക്കിയ വേദഗ്രന്ഥത്തെക്കുറിച്ചാണ്. മനുഷ്യരെ അജ്ഞതയുടെയും അവിശ്വാസത്തിന്റെയും അനുസരണക്കേടിന്റെയും ഇരുട്ടുകളിൽ നിന്നും അറിവിന്റെയും വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും പ്രകാശത്തിലേക്ക് കൊണ്ടുവരാൻ വേണ്ടിയാണ് ഇറക്കിയത്. അതിൽ വിശ്വസിക്കുന്നവരും ജനങ്ങളിലുണ്ട്. വിശ്വസിക്കാത്തവരുമുണ്ട്. (വല്ലവനും വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്ന പക്ഷം) ഐച്ഛികവും നിർബന്ധവുമായ കാര്യങ്ങളിൽ നിന്നും. (താഴ്ഭാഗത്തു കൂടി അരുവികളൊഴുകുന്ന സ്വർഗത്തോപ്പുകളിൽ അവനെ പ്രവേശിപ്പിക്കുന്നതാണ്) അവിടെ നിത്യമായ സുഖാനുഗ്രഹങ്ങളിൽ. ഒരു കണ്ണും കാണാത്ത, ഒരു കാതും കേൾക്കാത്ത, ഒരു മനുഷ്യഹൃദയവും ചിന്തിച്ചിട്ടുപോലുമില്ലാത്ത. (അവർ അതിൽ നിത്യവാസികളായിരിക്കും. അങ്ങനെയുള്ളവന് അല്ലാഹു ഉപജീവനം മെച്ചപ്പെടുത്തിയിരിക്കുന്നു) അതായത് ആർ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിച്ചിട്ടില്ലയോ അക്കൂട്ടർ നരകക്കാരും അതിൽ ശാശ്വതവാസികളും ആയിരിക്കും.

12). പിന്നീട് അല്ലാഹു അറിയിക്കുന്നത് ഏഴ് ആകാശങ്ങളെയും ഏഴ് ഭൂമികളെയും അവൻ സൃഷ്ടിച്ചുവെന്നാണ്. അതിനിടയിലുള്ളതിനെയും അവൻ സൃഷ്ടിച്ചു എന്നാണ്. കൽപന ഇറക്കി എന്നാൽ മതവിധികളും നിയമങ്ങളുമാണ്. ദിവ്യസന്ദേശത്തിലൂടെ തന്റെ ദൂതന്മാർക്ക് ഇറക്കിയ ദാസന്മാർക്കുള്ള ഓർമപ്പെടുത്തലുകളും ഉപദേശങ്ങളുമാണത്. അപ്രകാരം തന്നെ സൃഷ്ടികളെ നിയന്ത്രിക്കുന്ന പ്രാപഞ്ചികവും വിധികളുമായി ബന്ധപ്പെട്ട കാര്യങ്ങളും. ഇതെല്ലാം തന്റെ അടിമകൾക്ക് അവനെക്കുറിച്ചുള്ള അറിവാണ്. അവന്റെ അറിവും കഴിവും എല്ലാ വസ്തുക്കളുമായി സൂക്ഷ്മമായി ബന്ധപ്പെട്ടു നിൽക്കുന്നതാണ്. അവന്റെ പരിശുദ്ധമായ വിശേഷണങ്ങളെയും അതിവിശിഷ്ട നാമങ്ങളെയും അവരറിയുകയും അവനെ ആരാധിക്കുകയും ഇഷ്ടപ്പെടുകയും അവനോടുള്ള കടമകൾ നിർവഹിക്കുകയും ചെയ്യുന്നു. ഇതാണ് സൃഷ്ടികൊണ്ടും കൽപനകൊണ്ടും ഉദ്ദേശം. അല്ലാഹുവിനെക്കുറിച്ചും അവനുള്ള ആരാധനയെക്കുറിച്ചും അറിയുക. അതിന് അല്ലാഹു അവസരം നൽകിയ സദ്വൃത്തരായ അടിമകൾ അത് നിർവഹിക്കുന്നു. തിരിഞ്ഞുകളയുന്ന അക്രമികൾ അതിനെ അവഗണിക്കുകയും ചെയ്യുന്നു.

**(സൂറതുത്ത്വലാക്വിന്റെ വിവരണം പൂർത്തിയായി)**

കാഴ്ച

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

# ബലമുള്ള ബന്ധങ്ങൾ



വെയിൽ ചൂടുള്ള ഒരു വെള്ളിയാഴ്ച ഉച്ചയ്ക്ക് പള്ളിയിലേക്ക് തിരക്കിട്ടു നടക്കുകയിരുന്നു. പിന്നിൽ നിന്ന് ഒരു വിളികേട്ട് നിന്നു. അയാൾ അടുത്തുവന്നു വന്നു. നന്നായി വസ്ത്രധാരണം ചെയ്ത, മുഖത്ത് സദാ പുഞ്ചിരിപൊഴിക്കുന്ന ഒരു നല്ല മനുഷ്യൻ. വർഷങ്ങൾക്കു മുമ്പ് ഔദ്യോഗികമായി പരിചയപ്പെട്ടയാളാണ്.

കുറെ കൊല്ലങ്ങൾക്കു മുമ്പ് ഒരു സുഹൃത്തുമൊന്നിച്ച് തുടങ്ങിയ സ്വർണാഭരണ സ്ഥാപനം ഇന്ന് വലിയ നിലയിൽ എത്തിയിരിക്കുന്നു. നഗരമധ്യത്തിൽ സ്ഥാപനം തുടങ്ങുന്നതിനു വേണ്ടിയുള്ള ആവശ്യത്തിനാണ് കുറെ കാലത്തിനു ശേഷം വീണ്ടും ഞങ്ങൾ കണ്ടുമുട്ടിയത്. രേഖകളിലെ ചില പോരായ്മകൾ ചൂണ്ടിക്കാണിച്ച് കൊടുക്കുകയും എല്ലാം ശരിയാക്കി സമർപ്പിക്കുകയും താമസംവിനാ രജിസ്ട്രേഷൻ കൊടുക്കുകയും ചെയ്തിരുന്നു.

ഉദ്ഘാടനദിനം എന്നെയും സ്നേഹപൂർവം ക്ഷണിച്ചിരുന്നു. പൊതുവെ ഇത്തരം പരിപാടികളിൽ പങ്കെടുക്കാൻ മടിയനാണെങ്കിലും സ്നേഹത്തിന് മുമ്പിൽ ഒഴിവുകഴിവ് പറയാൻ കഴിയാതെ, രാവിലെ പോകാതെ, വൈകുന്നേരം ഞാനെത്തി. എന്ത് ആവശ്യമുണ്ടെങ്കിലും പറയാൻ മറക്കരുത് എന്ന് പറഞ്ഞാണ് അന്ന് അദ്ദേഹം എന്നെ യാത്രയാക്കിയത്.

റോട്ടിൽവച്ച് കണ്ടപ്പോൾ ഇരുവരും സന്തോഷം പങ്കുവച്ചു. ബിസിനസ് നന്നായി പോകുന്നു. മാത്രമല്ല മറ്റൊരു പട്ടണത്തിൽ ആയിടെ തുടങ്ങിയ പുതിയ സ്ഥാപനവും നന്നായി നടക്കുന്നു എന്നു പറഞ്ഞ് അദ്ദേഹം പടച്ചവനെ സ്തുതിച്ചു. 'എന്ത് ആവശ്യമുണ്ടെങ്കിലും ബന്ധപ്പെടാൻ മടിക്കരുത്' എന്ന് എന്നോട് പറഞ്ഞാണ് അന്നും പിരിഞ്ഞത്; മുമ്പ് ഉദ്ഘാടന ദിനം പറഞ്ഞപോലെ ആത്മാർഥമായി തന്നെ.

അങ്ങനെ ഒരാവശ്യം വന്നിട്ടില്ല, വന്നാലും രണ്ടുതവണ ആലോചിച്ചേ അത് ചെയ്യൂ എന്ന് ഉറപ്പാണ്. മകന്റെ കല്യാണ നിശ്ചയം നേരത്തെ ഓർമിപ്പിക്കാൻ സമൂഹമാധ്യമം വഴി അയച്ച കല്യാണക്കുറി ഇൻബോക്സിൽ വന്ന് കിടപ്പുണ്ട്.

സഹായം ആവശ്യപ്പെടാൻ മടിക്കരുത് എന്നൊരാൾ നമ്മോട് ആത്മാർഥമായി പറഞ്ഞാൽ നമ്മൾ അറിയാതെ അവരെ ഹൃദയത്തോട്ചേർത്തുനിർത്തും.


വർഷങ്ങൾക്കുമുമ്പ് മകന് വൈദ്യപഠനത്തിന് അഡ്മിഷൻ കിട്ടിയപ്പോൾ സാമ്പത്തികമായ ചെലവുകൾ എങ്ങനെ കണ്ടെത്തും എന്ന് ആകുലപ്പെട്ടിരുന്നു. അപ്പോൾ ഇതുപോലെ മറ്റൊരു വ്യാപാരി സുഹൃത്തും സഹായം വേണമെങ്കിൽ ചോദിക്കാൻ മടിക്കരുത് എന്ന് പറഞ്ഞത് ഓർക്കുന്നു. എന്നാൽ മനസ്സടുപ്പമുള്ള മറ്റൊരു കൂട്ടുകാരന്റെ സാമ്പത്തിക സഹായം മാത്രമെ സ്വീകരിക്കേണ്ടി വന്നുള്ളൂ. വാങ്ങിയ കടം നിശ്ചിത ഇടവേള കൊണ്ട് അടച്ചുതീർക്കാനും സാധിച്ചു.

സഹായം സ്വീകരിക്കേണ്ടിവരില്ലെങ്കിലും അത്തരമൊരു അവസരം വിളിപ്പുറത്തുണ്ട് എന്നത് ചില്ലറ ആശ്വാസവും ആത്മധൈര്യവുമല്ല നമുക്ക് നൽകുക.

ഒരുപക്ഷേ, സഹായിക്കുമെന്ന് ഉറച്ചുവിശ്വസിക്കുന്ന ചിലരിൽ നിന്നെങ്കിലും അത്തരമൊന്ന് കിട്ടാതെ മനസ്സ് വിഷമിക്കുന്ന അവസരങ്ങളിലാണ് ഈ സുമനസ്സുകളുടെ വിലയറിയുക. വിചാരിക്കാത്ത ചില കൈകൾ നമുക്ക് ആശ്വാസവുമായി എത്തുമ്പോൾ നമ്മൾ അറിയാതെ സ്രഷ്ടാവിനെ സ്തുതിച്ചു പോകും.

അവരുടെ നിഷ്കപട മനസ്സിന് മുമ്പിൽ നമുക്ക് വാക്കുകളില്ലാതാകും. അവരുടെ ഉന്നമനത്തിനു വേണ്ടി പ്രാർഥിച്ചു പോകും. നമ്മളിൽ നിന്നും ഒന്നും തിരിച്ചുപ്രതീക്ഷിക്കാതെ നമ്മെ സഹായിക്കാൻ സന്മനസ്സ് കാണിക്കുന്ന ചില സുമനസ്സുകൾ നമുക്ക് ചുറ്റും എന്നുമുണ്ട്. അവർ മറ്റുള്ളവരിൽ ഉളവാക്കുന്ന സന്തോഷവും ആത്മവിശ്വാസവും അളവറ്റതാണ്.

# ഇനി എല്ലാം ഒരു വിരൽ തുമ്പിൽ...




zameel
the soulmate

**Online Library**

**പഠനാർഹമായ ഓഡിയോകൾ , വീഡിയോകൾ , പുസ്തകങ്ങൾ, ലഘുലേഖകൾ ..... കേൾക്കാനും കാണാനും ഡൗൺലോഡ് ചെയ്യാനുമായി ഇതാ ഒരു മൊബൈൽ അപ്ലിക്കേഷൻ**

## പ്രത്യേകതകൾ:

- മികച്ച പരിപാടികളുടെ തത്സമയ സംപ്രേഷണം
- ഇഷ്ടമായത് സൂക്ഷിച്ച് വെക്കാനുള്ള സംവിധാനം
- ഫയൽ ഡൗൺലോഡിങ് & ഷെയറിങ് സൗകര്യം
- ഫീഡ്ബാക്ക് ഡസ്ക്
- മികച്ച നിലവാരമുള്ള ഓഡിയോ & വീഡിയോസ് മാത്രം
- കുറഞ്ഞ ഡാറ്റാ ചെലവിൽ ഫലപ്രദമായ പഠനാനുഭവം
- ആരംഭത്തിൽ തന്നെ കാറ്റഗറികൾ .. ഫയലുകൾ..
- എല്ലാ ആഴ്ചകളിലും വിവിധ പള്ളികളിൽ നിന്നുള്ള നിരവധി ഖുതുബകൾ
- ഭാവിയിൽ ഓൺലൈൻ കോഴ്സുകൾക്ക് പ്രത്യേക പദ്ധതി
- പ്രബോധന രംഗത്തെ നമ്മുടെ സ്വപ്നങ്ങൾ പങ്കുവെക്കാൻ സൗകര്യം

ANDROID APP ON Google play **ഇൻസ്റ്റാൾ ചെയ്യൂ**

## കാറ്റഗറികൾ

അല്ലാഹു | ക്വുർആൻ | ചരിത്രം | ദുറൂസ് | പ്രവാചകന്മാർ | ഹദീസ് | നമസ്കാരം | നോമ്പ് | ഹജ്ജ്

പരലോകം | തൗഹീദ് | പ്രബോധനം | മുഖാമുഖം | സാമൂഹികം | പ്രാർത്ഥനകൾ | ഖുത്ബ | ഗാനങ്ങൾ | കൗമാരം

ശാസ്ത്രം | തീവ്രവാദം | സ്ത്രീ | സംസ്കരണം | ആനുകാലികം | കിഡ്സ് | കുടുംബം | കൗമാരം | മറ്റുള്ളവ

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 APRIL 04

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

wisdomyouth
wisdommediaschool

Break the Chain

“

# കോവിഡ് 19
## കരുതൽ; കാരുണ്യം

# വിസ്ഡം യൂത്ത്

## പ്രതിരോധം

- സൗജന്യ റേഷൻ
- സന്നദ്ധ സേവനം
- ഡോക്യുമെന്ററി
- ഹെൽത്ത് ടിപ്സ്
- വെബിനാർ
- ലൈവ് ടോക്ക്സ്
- വെർച്വൽ എക്സ്പോ

WISDOM YOUTH
സ്നേഹസ്പർശം
WISDOM Relief
.......without boundaries

WISDOM ISLAMIC YOUTH ORGANIZATION, C.V COMPLEX P.V SWAMI ROAD, KOZHIKODE